KNANAYADEEPAM
# ക്നാനായദീപം
Vol: 36 / Issue: 10 October 2025 ₹:20/-




Forever in our hearts
3rd Death Anniversary
28-10-2025
5th Death Anniversary
16-10-2025
T.C. Chacko
(Chackochen)
Koithra, Kurichy
P.S. Abraham
(Kunjumon)
Puthenveetil
Chingavanam
"I am the resurrection and the life. He who believes
in me will live, even though he dies"
John 11:25

Advt - G

# ക്നാനായ ദീപം

2025 ഒക്ടോബർ പുസ്തകം 36 ലക്കം 10

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

അമ്മമാർ സമൂഹത്തിലെ പ്രകാശദീപങ്ങൾ 09
റ്റി.സി. തോമസ് തോപ്പിൽ

കുർബ്ബാന വീഥിയിൽ 10
ഫാ. ജേക്കബ് കല്ലുകുളം

കരിയർ : ജ്ഞാനം നയിക്കട്ടെ... 15
സുനിൽ ഡി. കുരുവിള

ലഹരി വിമുക്ത കേന്ദ്രങ്ങളും... 17
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

ഇനിയും ഒരിക്കലും... 18
ജയ്നമ്മ മർക്കോസ്

അനുതാപത്തിനു യോജിച്ച ഫലങ്ങൾ... 19
അമ്മാൾ രാജൻ പുളിമൂട്ടിൽ

ഏവൻഗേലിയോൻ ദീപം 20
റോയി മാത്യൂസ് കോർ–എപ്പിസ്കോപ്പ മുളമൂട്ടിൽ

നാം ഇനി കരയേണ്ടതില്ല 23
സീമ ഷിന്റോ കന്നിയേൽ

കുമ്പസാരം അനിവാര്യമോ? 24
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 26

പ്രവാചകന്മാർ ആധുനിക യുഗത്തിൽ 35
ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ

37 മല്പാനോട് ചോദിക്കാം

39 Honouring God's Holy Name...
ഫിലിപ്പ് ഏബ്രഹാം മലേച്ചേരിൽ

40 കാല്പ്പാടുകൾ
എബി

41 വെളിച്ചമാകുന്ന ക്രിസ്തു
കെ. സൂസി മാത്യു, കിഴക്കേ ആക്കൽ

42 ജീവിത നവീകരണത്തിന്...
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളി

43 ഇങ്ങനെയും ജീവിതം
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

43 ഭിന്നിച്ചു മാറിയുയർത്തുന്ന പള്ളികൾ
ജോൺ ജോസഫ്

44 മാട്രിമോണിയൽ



SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.



**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary


Visit www.
knanayadeepam.in


**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**കർത്താവിൽ പ്രിയ ദീപം വായനക്കാർക്ക് വേഗം വരുന്ന നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ നിസ്തുല്യ നാമത്തിലുള്ള സ്നേഹവന്ദനം.**

ക്രൈസ്തവ സഭ ഇന്നു നേരിടുന്ന വെല്ലുവിളികൾ പലതാണ്. ആദ്ധ്യാത്മിക മൂല്യങ്ങളേയും ഈശ്വര വിശ്വാസത്തെയും തുടച്ചു നീക്കുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ഭൗതികതയുടെയും സെക്കുലറിസത്തിന്റെയും കാറ്റ് ശക്തിയായി നമ്മുടെ ചുറ്റുപാടുകളിൽ ആഞ്ഞടിക്കുന്നുണ്ട്. ദൈവവും മതവിശ്വാസവുമെല്ലാം ശാസ്ത്രീയ ചിന്തയ്ക്ക് നിരക്കാത്തതാണെന്നും, അന്ധവിശ്വാസമാണെന്നും പ്രചരിപ്പിക്കുന്ന വിചിത്ര ശാസ്ത്രീയ ചിന്താഗതികളുടെ വേലിയേറ്റം, യുവമനസ്സുകളെ കീഴടക്കിക്കൊണ്ടിരിക്കുകയാണ്. നിരീശ്വര പ്രസ്ഥാനങ്ങൾ മതത്തേയും, മതവിശ്വാസത്തേയും വർഗ്ഗീയമായി മുദ്രകുത്തി ചിന്താക്കുഴപ്പം സൃഷ്ടിച്ചിരിക്കുന്നു. മതവിശ്വാസത്തിനൊന്നും ഇക്കാലത്തു പ്രസക്തിയില്ല. മതമേതായാലും മനുഷ്യൻ നന്നായാൽ മതി. നല്ല ജീവിതമാണ് ആവശ്യം എന്നൊക്കെ പറഞ്ഞു പരത്തി പലരേയും വഴി തെറ്റിപ്പിക്കുവാനുള്ള ഭഗീരഥശ്രമമാണ് പല ഇടങ്ങളിലും നടന്നുകൊണ്ടിരിക്കുന്നത്. ഏക മാനവീകതയിലേക്കുള്ള പ്രയാണമാണിതെന്നും മറ്റുമാണവരുടെ പ്രചരണം. ഈ വെല്ലുവിളികളെ ശക്തമായി നേരിടാൻ സഭ തയ്യാറാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സഭയുടെ നിലനിൽപ്പിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യാൻ നാം തയ്യാറാകണം. ക്രിസ്തുവാകുന്ന ശിരസ്സിനോട് ഗാഢബന്ധം പുലർത്താത്തവർ എക്കാലത്തും സഭാജനങ്ങളെ വഴി തെറ്റിക്കുവാൻ ഇറങ്ങിത്തിരിക്കാറുണ്ട് എന്നത് ഒരു ചരിത്ര സത്യമാണ്. കള്ളക്കഥകൾ കെട്ടിച്ചമച്ചും യഥാർത്ഥ്യങ്ങളെ സ്വഹിതാനുസരണം വളച്ചൊടിച്ചും, സ്ഥിതിഗതികളെ തെറ്റായി വ്യാഖ്യാനിച്ചും കൊണ്ടു സ്വന്തം സ്വാർത്ഥ താല്പ്പര്യങ്ങളെ നേടിയെടുക്കാനുള്ള അവരുടെ നിഗൂഢ നീക്കങ്ങൾക്ക് നീതിയുടെയും ന്യായത്തിന്റെയും ആത്മീയതയുടെയും ആവരണം അണിയിക്കുവാൻ അതീവ സമർത്ഥരായ ഇക്കൂട്ടർ സഭയ്ക്കും, സമൂഹത്തിനും, സമുദായത്തിനും വരുത്തി വയ്ക്കുന്ന വിനയും വയ്യാവേലിയും വിവരിക്കുവാൻ പ്രയാസമാണ്. സ്വാർത്ഥ താല്പര്യങ്ങൾക്കല്ലാതെ സഭയ്ക്കോ സമൂഹത്തിനോ വേണ്ടി കാര്യമായി ഒന്നും ചെയ്യുവാൻ കഴിവോ സന്മനസ്സോ കാണിക്കാത്ത ഇക്കൂട്ടർ വിലങ്ങുതടികൾ വെട്ടിനിരത്തുന്നതിലും തടസ്സവാദങ്ങൾ ഉന്നയിക്കുന്നതിലും ബദ്ധശ്രദ്ധരാണെന്നുള്ള വസ്തുത പലർക്കും അറിഞ്ഞുകൂടാ.

മതം കേവലം ഒരു രഹസ്യകാര്യമല്ല. മനുഷ്യന്റെ ആത്മാവും ദൈവവും തമ്മിലുള്ള ഒരു രഹസ്യബന്ധം. അതിനു ബാഹ്യമായ ഒരു വശവും കൂടിയുണ്ട്. മനുഷ്യർ ഒരുമിച്ച് ചെയ്യുന്നതും ചെയ്യേണ്ടതുമായ പല കാര്യങ്ങളും പ്രത്യക്ഷമായും ദൃശ്യമായും അനുവർത്തിക്കേണ്ട ആചാരങ്ങളും നിറവേറ്റേണ്ട കടമകളുമെല്ലാം അതിൽ ഉൾപ്പെടും. ക്രിസ്ത്യാനിയുടെ ജീവിതത്തെ മലമേൽ സ്ഥാപിക്കപ്പെട്ട പട്ടണത്തോട് കർത്താവ് ഉപമിച്ചിട്ടുണ്ട്. അതിനു മറഞ്ഞിരിക്കുവാൻ സാദ്ധ്യമല്ല. വിളക്കു തണ്ടിന്മേലുള്ള വിളക്കുപോലെ അതു ശോഭിക്കാതെ നിവൃത്തിയില്ല. അതേ സമയം തന്നെ മറ്റുള്ളവർ കാണാനായി തെരുക്കോണുകളിൽ നിന്ന് പ്രാർത്ഥിക്കുന്നതിനേയും, ഭിക്ഷ കൊടുത്ത കാര്യം മറ്റുള്ളവർ അറിയത്തക്കവണ്ണം കാഹളം ഊതിക്കുന്നതിനേയും കർത്താവ് നിശിതമായി വിമർശിച്ചിട്ടുണ്ട്.

ദാനധർമ്മങ്ങൾ ചെയ്യുന്ന കാര്യത്തിൽ വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുത് എന്നുള്ളതായിരിക്കണം ക്രിസ്തീയ പ്രമാണം എന്നും കർത്താവ് പഠിപ്പിച്ചിട്ടുണ്ട്. ക്രിസ്ത്യാനി രഹസ്യമായി പ്രാർത്ഥിച്ചാൽ പോരാ, പരസ്യമായി പള്ളിയാരാധനയിലും പതിവായി സംബന്ധിക്കണം. അവന് കുടുംബപ്രാർത്ഥന വേണം. ഉപവസിക്കണം, നോമ്പു നോക്കണം. ദാനധർമ്മങ്ങളും നേർച്ചകാഴ്ചകളും നൽകണം. ആതുരശുശ്രൂഷ ചെയ്യണം. ഈ കാര്യങ്ങൾക്കെല്ലാം ബാഹ്യവും ആന്തരീയവുമായ വശങ്ങളുണ്ട്. ബാഹ്യാചാരങ്ങൾ ഉപേക്ഷിക്കുക സാദ്ധ്യമോ ആശ്വാസമോ അല്ല. സ്നേഹം കരുണ, വിശ്വസ്തത, നീതി, ജീവിത വിശുദ്ധി മുതലായ ആത്മീയ മൂല്യങ്ങൾക്ക് പ്രഥമസ്ഥാനം നൽകുകയും എല്ലാ ആചാരാനുഷ്ഠാനങ്ങളേയും അർത്ഥവും ആന്തരീയതയും ആത്മാർത്ഥതയും യാഥാർത്ഥ്യവും ഉള്ളവയാക്കിത്തീർക്കുകയുമാണ് ആവശ്യം. എന്നാൽ മാനുഷിക ബന്ധങ്ങൾ തകരുന്നതും ബന്ധമില്ലായ്മ വളർന്നു വരുന്നതും, ഇന്നിന്റെ ഒരു വലിയ പ്രത്യേകതയായി പ്രകടമാകുന്നു. മനുഷ്യബന്ധങ്ങൾ അടിക്കടി ശിഥിലമാക്കുന്നതും, മനുഷ്യത്വം ചോർത്തിയെടുക്കുന്നതുമായ ഒരു യാന്ത്രിക സംസ്ക്കാരം ഇന്നു രൂപംകൊണ്ടു വരുന്നു. ഈ സംസ്ക്കാരത്തിന്റെ പരിണിതഫലങ്ങളായി ശൈഥില്യങ്ങളുടെ ചരിത്രങ്ങൾ മാത്രമേ നമ്മുടെ മുമ്പിൽ നിരത്തി വയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്നുള്ളു എന്നതാണ് പരമാർത്ഥം.

ഓരോരുത്തനും തന്റേതായ കൊച്ചുകൊച്ചു ലോകങ്ങളിലേക്കു ഒതുങ്ങിക്കൂടുവാനുള്ള പ്രവണത മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് വളരെയധികം വളർന്നുവരികയാണ്. യാന്ത്രിക സംസ്കാരത്തിന്റെ കുതിച്ചുപാച്ചിലിൽപെട്ട് മാനുഷിക മൂല്യങ്ങളായ സ്നേഹം, സഹതാപം, സഹകരണം, ആത്മാർത്ഥത, ആർദ്രത, അനുകമ്പ ആദിയായവ ഒലിച്ചുപോയ്ക്കൊണ്ടിരിക്കുകയാണ്. മേൽപ്പറഞ്ഞ മൂല്യങ്ങളിൽ ഉറച്ചുനിൽക്കാൻ ആരെങ്കിലും ശ്രമിക്കുന്നെങ്കിൽ അവരെ പഴഞ്ചനായും പിൻതിരിപ്പൻ ശക്തിയായും മുദ്രയടിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇത്തരം ആളുകൾക്ക് സഭയിലും സമുദായത്തിലും ഒരിക്കലും സമാധാനം ഉണ്ടാകണമെന്ന് ആഗ്രഹം ഇല്ല. സമാധാനം ഉണ്ടായാൽ തങ്ങളുടെ നിലനിൽപ്പിനെ ബാധിക്കും എന്ന ഭയം അവരെ ഭയപ്പെടുത്തുന്നതുകൊണ്ട് എന്തു നല്ല ഉദ്ദേശത്തോടെ പ്രവർത്തിച്ചാലും അതിനെ നശിപ്പിക്കാൻ ശ്രമിക്കുന്നവരാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ യേശുക്രിസ്തു തന്റെ ജീവിതത്തിലൂടെ വരച്ചു കാട്ടിയ മനുഷ്യബന്ധത്തിന്റെ ശൈലിയും അടിസ്ഥാന പ്രമാണങ്ങളും മനുഷ്യവർഗ്ഗത്തിന് മാർഗ്ഗനിർദ്ദേശം നൽകുവാൻ തികച്ചും പര്യാപ്തമാണെന്നതിന് സന്ദേഹമില്ല. ഊഷ്മളമായ മനുഷ്യബന്ധത്തിന്റെ ഉദാത്ത മാതൃകയായിരുന്നു യേശുക്രിസ്തുവിന്റെ ജീവിതം. ഏകപിതൃത്വവും, സർവ്വ സാഹോദര്യവും അടിസ്ഥാനമാക്കി യേശുക്രിസ്തു കെട്ടിപ്പടുത്ത മനുഷ്യബന്ധങ്ങൾ ആധുനിക മനുഷ്യനു അനുകരണ യോഗ്യമാണ്. മൂന്നര വർഷക്കാലത്തെ യേശുക്രിസ്തുവിന്റെ ജീവിത വൃത്താന്തങ്ങളാണ് പുതിയ നിയമത്തിലെ നാലു സുവിശേഷങ്ങളിൽ നിന്നും നമുക്ക് ലഭ്യമായിട്ടുള്ളത്. യേശുവിന്റെ ഭാവം ഉള്ളവരായി ഈ ലോകത്തിൽ ജീവിച്ച് സുവിശേഷത്തിനുവേണ്ടി ജീവിക്കുവാൻ ദൈവം കൃപ നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**എന്ന്**

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



പ്രിയരെ,

2025 ലെ ഒക്ടോബർ മാസത്തിലേക്ക് ദൈവം നമ്മെ നടത്തിയ കൃപയ്ക്കായി ദൈവത്തെ സ്തുതിച്ച് ദിനവും നമ്മെ പരിപാലിക്കുന്ന ദൈവസന്നിധിയിൽ നമ്മെ സമർപ്പിച്ച് പ്രാർത്ഥിക്കാനും, പുതിയ മാസത്തിലും തുടർന്നും ദൈവ കൃപയിൽ നിറഞ്ഞ് ജീവിക്കുവാനും പ്രാർത്ഥിക്കാം. ഈ വർഷത്തെ കൂദോശ് ഈത്തോ നവംബർ രണ്ട് ഞായറാഴ്ചയാണല്ലോ. കൂദോശ് ഈത്തോ വർഷത്തിലെ സഭാ കലണ്ടറിന്റെ തുടക്കമാണ്. സഭയുടെ വിശുദ്ധീകരണത്തിന്റെയും പുതുക്കത്തിന്റെയും ഞായർ ആണിത്. ഇത് വിശ്വാസിക്ക് ആരാധനാവർഷത്തിന്റെ ആരംഭത്തിൽ സ്വജീവിതത്തെ വിശുദ്ധീകരിക്കാൻ പുതിയൊരു പ്രതിജ്ഞയെടുക്കാനുള്ള വിളിയാണ് നല്കുന്നത്. എന്റെ ഹൃദയവും കുടുംബവും സഭയും ദൈവത്തിന്റെ പരിശുദ്ധ ആലയമാക്കാൻ ഞാൻ തന്നെയാണ് ഉത്തരവാദി എന്നത്. ആയതിനാൽ ഈ വർഷത്തെ കൂദോശ് ഈത്തോ ആചരണത്തിലൂടെ, നമ്മെത്തന്നെ ശുദ്ധീകരിക്കുവാനും, നവീകരിക്കുവാനും, ദൈവ സന്നിധിയിൽ സമർപ്പിച്ച് വിശുദ്ധീകരിക്കപ്പെട്ട ഒരു കൂട്ടമാകാനും ഇടയാകണം.

ക്നാനായ സമുദായത്തെ 52 വർഷം ശുശ്രൂഷിച്ച് ദൈവ സന്നിധിയിലേക്ക് വാങ്ങിപ്പോയ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ കൂബർ നീത്തി ഹാക്കീമോ പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമ്മീസ് മെത്രാപ്പോലീത്തായുടെ 23–ാ മത് ശ്രാദ്ധപ്പെരുന്നാൾ വളരെ ശ്രേഷ്ഠമായ രീതിയിൽ ആചരിക്കുവാൻ സാധിച്ചു. നമ്മെ നയിച്ച പിതാക്കന്മാരെ സ്മരിക്കുമ്പോൾ അവരുടെ നല്ല മാതൃകകൾ സ്വീകരിക്കുവാനും, അവ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാനും നമുക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഒക്ടോബർ 1–ാം തീയതി അന്താരാഷ്ട്ര വയോജന ദിനം ആയി ആചരിച്ചു. മനുഷ്യജീവിതത്തിലെ പ്രായാധിക്യ ഘട്ടത്തെ ആദരിക്കാനും, അവരുടെ അവകാശങ്ങളും ആത്മാഭിമാനവും സംരക്ഷിക്കാനും ലോകത്തെ മുഴുവൻ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. ക്രൈസ്തവ ദർശനത്തിൽ വയോജന ദിനം വളരെ ആഴത്തിലുള്ള ആത്മീയ സന്ദേശം നൽകുന്നു. സങ്കീ.92:14–ൽ എഴുതിയിരിക്കുന്നു. "മുതിർന്ന കാലത്തും അവർ ഫലവത്തായിരിക്കുമെന്ന്". ദീർഘായുസ്സും അനുഭവ സമ്പത്തും ദൈവത്തിന്റെ അനുഗ്രഹത്തിന്റെ അടയാളമാണ്. വയോജനങ്ങൾ ഭാരമല്ല, ആശിർവാദമാണ് എന്ന ബോധം വളർത്തുക. അവരെ ഒറ്റപ്പെടുത്താതെ, കൂട്ടായ്മയിൽ ഉൾപ്പെടുത്തുക. ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളും ദൈവത്തിന്റെ വരദാനമാണ്; മുതിർന്നവരെ ആദരിക്കുകയും, സ്നേഹിക്കുകയും, പരിചരിക്കുകയും ചെയ്യുക. മുതിർന്നവരെ ബഹുമാനിക്കുവാനും അവരെയും ഉൾക്കൊണ്ട് ജീവിക്കുവാനും ഇടയാകണം.

ഒക്ടോബർ 2–ാം തീയതി മഹാത്മാഗാന്ധിയുടെ ജന്മദിനം രാജ്യം ജയന്തി ആയി ആചരിക്കുന്നു. ഇത് ഇന്ത്യയുടെ ദേശീയ ദിനം മാത്രമല്ല, അഹിംസാ ദിനം എന്ന നിലയിലും ലോകം ആഘോഷിക്കുന്നു. ക്രൈസ്തവ ദർശനത്തിൽ ഗാന്ധിജിയുടെ ജീവിതവും സന്ദേശവും ചില പ്രധാനപ്പെട്ട ആത്മീയ മൂല്യങ്ങളെ ഓർമ്മപ്പെടുത്തുന്നു. "ശത്രുക്കളെ സ്നേഹിക്കുക, നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" (മത്തായി 5:44) എന്ന ക്രിസ്തുവിന്റെ സ്നേഹവും ക്ഷമയും, ഗാന്ധിയുടെ രാഷ്ട്രീയ-സാമൂഹിക സമരങ്ങൾക്ക് ആത്മീയ അടിസ്ഥാനം നൽകി. സഭയ്ക്കുള്ള പ്രായോഗിക സന്ദേശം സത്യത്തിൽ ഉറച്ചുനിൽക്കുക, അഹിംസ പ്രയോഗിക്കുക, വാക്കിലും പ്രവൃത്തിയിലും ക്രിസ്തുവിന്റെ സ്നേഹം പ്രകടിപ്പിക്കുക എന്നതാണ്. ഇതിലൂടെ ഈ വർഷത്തെ ഗാന്ധിജയന്തിയെ കൂടുതൽ അർത്ഥവത്താക്കാം.

നമ്മുടെ ക്നാനായ സുവിശേഷസമാജം ഒക്ടോബർ 1, 2, തീയതികളിൽ വാർഷിക ധ്യാനയോഗം നടത്തുകയുണ്ടായി. ക്നാനായ വനിതാ സമാജത്തിന്റെ വാർഷിക ധ്യാനം ഒക്ടോബർ 2 നും അനുഗ്രഹകരമായി നടത്തപ്പെട്ടു. ഇതിലൂടെയെല്ലാം നമ്മുടെ വിളിക്കനുസരിച്ചുള്ള ജീവിതത്തെ ക്രമീകരിക്കുവാനും, ദൈവസന്നിധിയിൽ നമ്മെ പുനഃസമർപ്പിക്കുവാനുമുള്ള അവസരമായി വിനിയോഗപ്പെടുത്തുമ്പോളാണ് ഇതെല്ലാം കൂടുതൽ പ്രസക്തമായിത്തീരുന്നത് എന്ന് ഓർമ്മിപ്പിക്കുന്നതോടൊപ്പം, ഇതിലെല്ലാം ആത്മാർത്ഥമായി പ്രവർത്തിക്കുന്ന എല്ലാ ഭാരവാഹികളെയും അനുമോദിക്കുകയും ചെയ്യുന്നു.

കാനഡ ടൊറൊന്റോ സെന്റ് ഇഗ്നാത്തിയോസ് ക്നാനായ പള്ളിയുടെ കൂദാശാ കർമ്മം സെപ്റ്റംബർ 13,14 തീയതികളിൽ വളരെ അനുഗ്രഹകരമായി നടത്തപ്പെട്ടു. അവിടെയുള്ള നമ്മുടെ ആളുകളുടെ അളവറ്റ പരിശ്രമത്താൽ ഒരു ദൈവാ

*(ശേഷം പേജ് 8-ൽ)*



# സമുദായ വാർത്തകൾ

 റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ,

സമുദായത്തിന്റെ സമഗ്രമായ വികസനങ്ങൾക്കും സമുദായത്തിന്റെ ഉയർച്ചയ്ക്കും വേണ്ടി പ്രവർത്തിക്കുന്നതിനു തെരഞ്ഞെടുത്ത ക്നാനായ കമ്മിറ്റി ഇപ്പോൾ സമുദായത്തിന്റെ നിലനിൽപ്പിനുവേണ്ടിയുള്ള നിയമപോരാട്ടത്തിലാണ് എന്ന് വിഷമത്തോടെ പറയേണ്ടിയിരിക്കുന്നു. അതുപോലെ കമ്മിറ്റിയുടെ കൂടുതൽ സമയവും സമുദായ നിലനിൽപ്പിനു വേണ്ടി ചെലവഴിക്കേണ്ടതായി വന്നിരിക്കുകയാണ്. ഇതിനു അറുതി വരുത്തുന്നതിനുവേണ്ടി ഞങ്ങളാൽ ആകുന്നത് ഞങ്ങൾ ശ്രമിച്ചു.

2018 മുതൽ സമാധാനത്തിനുവേണ്ടി ശ്രമം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. മുൻ ട്രസ്റ്റി സ്കറിയാ തോമസ് മരിക്കുന്നതിനുമുമ്പ് ഒരു പ്രാവശ്യം സമാധാനത്തിന് സഹായമെത്രാൻമാർ വന്നു. ഞങ്ങൾ കൊടുത്ത പേപ്പർ തുറന്നു നോക്കാതെ അവർ പോയി. അസ്സോസിയേഷൻ തീരുമാനപ്രകാരം വീണ്ടും പല പ്രാവശ്യം രേഖാമൂലം അറിയിച്ചിട്ടും അവർ വന്നിട്ടില്ല. ക്നാനായ കമ്മിറ്റിയുമായി ചർച്ചയ്ക്ക് അവർ തയ്യാറല്ല എന്ന മനോഭാവമാണ്.

യാക്കോബായസഭ കാതോലിക്കാ ബാവായുടെ അടുക്കൽ 4 പ്രാവശ്യം ചർച്ചയ്ക്കുപോയി. ഏറ്റവും ഒടുവിൽ കാതോലിക്കാ ബാവാ പറഞ്ഞു സമുദായ മെത്രാപ്പോലീത്താ നിർവ്യാജം ക്ഷമ എഴുതി കൊടുക്കാതെ ചർച്ചയില്ലായെന്ന്. ഒരിക്കൽ ക്ഷമ എഴുതിക്കൊടുത്തത് കോടതിയിൽ ആയി. വീണ്ടും ക്ഷമ എഴുതിക്കൊടുത്താൽ ലീഗലായി സമുദായത്തിന് നിലനിൽപ്പില്ലാതെ വരും എന്ന് എല്ലാവർക്കും അറിയാമല്ലോ. അതുകൊണ്ട് ചർച്ച ഇപ്പോൾ വഴിമുട്ടി നിൽക്കുകയാണ്.

ഇതിനിടയിൽ മൂന്നു സഹായമെത്രാന്മാരും, പാത്രിയർക്കീസ് ബാവായും, ബഹു.കേരള ഹൈക്കോടതി വിധിയ്ക്ക് എതിരെ ബഹു. സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു. അതിൽ പറഞ്ഞിരുന്ന അവരുടെ ആവശ്യം ഇപ്രകാരം ആയിരുന്നു. ആയതിന്റെ മലയാള പരിഭാഷ താഴെ ചേർക്കുന്നു. "ഇടക്കാലാശ്വാസനീതി" (Interim Relief) ആവശ്യപ്പെടുന്ന അടിസ്ഥാനങ്ങൾ

1. ക്നാനായ ഭരണഘടന: 2003-ലെ വ്യവസ്ഥകളും വിവിധ കോടതികൾ നൽകിയ വിധികളും, മുഖ്യ മെത്രാപ്പോലീത്തൻ വിവിധ നടപടികളിൽ സമർപ്പിച്ച എഴുത്തുപരാതികളും പ്രതിവാദങ്ങളുമെല്ലാം പരിശോധിച്ചാൽ, ഹർജിക്കാരൻ (പാത്രിയർക്കീസ് ബാവ) സഭയുടെ സർവ്വോന്നത നേതാവാണെന്നും, മെത്രാപ്പോലീത്തായ്ക്കെതിരെ ശാസനാപരമായ നടപടി തുടങ്ങാനുള്ള അധികാരം ഉൾപ്പെടെ നൽകിയിട്ടുണ്ടെന്നും വ്യക്തമാണ്.

2. പ്രതിയായ മെത്രാപ്പോലീത്തൻപോലും, ഹർജിക്കാരനു (പാത്രിയർക്കീസ് ബാവ) ഇത്തരത്തിലുള്ള നടപടികൾ തുടങ്ങാനുള്ള അധികാരമില്ലെന്ന് ഒരിക്കലും വാദിച്ചിട്ടില്ല.

3. അതിനു പുറമെ 2014 നവംബർ 1 ന് പുറപ്പെടുവിച്ച കല്പന/ബുൾ നമ്പർ 191/14 പ്രകാരം ഭേദഗതിയുള്ള ഭരണഘടന സ്വീകരിച്ചത് ഇതേ മെത്രാപ്പോലീത്തനാണ്. ആ ഭേദഗതികൾ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സർവ്വാധികാരം കൂടുതൽ ഉറപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതായിരുന്നു.

4. ട്രയൽ കോടതിയുടെ ഇടക്കാല ഉത്തരവ്-ബുൾ അധികാരമില്ലാതെ പുറപ്പെടുവിച്ചതാണെന്നു പറഞ്ഞ് നൽകിയ നിരോധനാജ്ഞ - അന്തിമ ഉത്തരവിന്റെ സ്വഭാവമുള്ള ഇടക്കാല ഉത്തരവാണ്. ഇത് അനുവദിക്കാനാവില്ലെന്ന് ഈ സുപ്രീം കോടതി പല കേസുകളിലും വിധിച്ചിട്ടുണ്ട്.

5. ഇത്തരത്തിലുള്ള അന്തിമ ഉത്തരവിന്റെ സ്വഭാവമുള്ള ഇടക്കാല ഉത്തരവ് അസംഗതവും അനാവശ്യവും തെറ്റായ ഫലങ്ങൾ ഉണ്ടാക്കുന്നതുമായിരിക്കും.

6. ഏറ്റവും പ്രധാനമായി പ്രതികാരിയായ മെത്രാപ്പോലീത്തൻ/പ്രതി നമ്പർ 3 അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പരമാധികാരം അംഗീകരിക്കുകയും, അദ്ദേഹം നൽകിയ കാരണം കാണിക്കൽ നോട്ടിസിന് വിധേയനായി ഹാജരാകുകയും മറുപടി സമർപ്പിക്കുകയും പാത്രിയർക്കീസിനോടുള്ള തന്റെ വിശ്വാസ്യത പ്രഖ്യാപിക്കുകയും ചെയ്തു.

7. അതിനാൽ ഒരിക്കൽ ആരെങ്കിലും പാത്രിയർക്കീസിന്റെ അധികാരം അംഗീകരിച്ചാൽ, പിന്നീട് കുറുക്കുവഴികളിലൂടെ എതിർപ്പ് ഉയർത്താനാവില്ല എന്നതാണ് ഹർജിക്കാരന്റെ (പാത്രിയർക്കീസ് ബാവ) നിലപാട്.

8. പ്രതിയായ മെത്രാപ്പോലീത്തൻ തന്റെ പദവിയിൽ നിന്നുള്ള നീക്കം ഈ കേസിൽ ചോദ്യം ചെയ്തിട്ടില്ലാത്തതിനാൽ പ്രാഥമിക ഹർജിക്കാർ/പ്രതിവാദികൾ ഒന്നും രണ്ടും ഇപ്പോഴത്തെ ഹർജി സമർപ്പിക്കാൻ അർഹതയില്ല (locus stand ഇല്ല) എന്നു ഹർജിക്കാരൻ വാദിക്കുന്നു. ഹൈക്കോടതി ഇതിനെ തെറ്റായി വ്യാഖ്യാനിച്ചു.

9. കൂടാതെ, അന്ത്യോഖ്യാ പാത്രിയർക്കീസ് ഇതിനകം തുല്യമായ അധികാരമുള്ള മറ്റൊരു മെത്രാപ്പോലീത്തനു ചുമതല നൽകിയിട്ടുണ്ട്. അതിനാൽ, ഡയോസിസിന്റെ

പ്രവർത്തനം തടസ്സപ്പെടുന്നു എന്ന തരത്തിലുള്ള യാതൊരു പരാതി/നഷ്ടവും ഹർജിക്കാർക്ക് ഉന്നയിക്കാനാവില്ല.

10. ഹൈക്കോടതിയുടെ impugned വിധി ക്നാനായ ഭരണഘടനയ്ക്കു വിരുദ്ധമായി, സുപ്രീംകോടതി ചർച്ച് കേസ് 11 ൽ അംഗീകരിച്ചിരുന്ന ഭരണക്രമത്തെ തെറ്റായി മാറ്റുന്നതാണ്.

11. അതിനാൽ, ഹർജിക്കാർക്ക് വിഷയത്തിൽ ശക്തമായ വാദങ്ങൾ ഉണ്ടെന്നു സമർപ്പിക്കുന്നു.

ഇതു സംബന്ധിച്ച വിധി സ്റ്റേ ചെയ്യപ്പെടാതെ പോയാൽ, ഹർജിക്കാർക്ക് അപാരമായ അനിഷ്ടവും നഷ്ടവും ദുരിതവും ഉണ്ടാകും.

പ്രധാന പ്രാർത്ഥന (MAIN PRAYER) അതുകൊണ്ട് ഏറ്റവും വിനീതമായി പ്രാർത്ഥിക്കുന്നു

a) 2025 ജൂലൈ 11 ന് കേരള ഹൈക്കോടതി എറണാകുളത്ത് O.P (C) Nos 819, 825, 826/2025 ൽ നൽകിയ അന്തിമ പൊതുവായ വിധിക്കും ഉത്തരവിനും എതിരെ അപ്പീൽ ചെയ്യുന്നതിനുള്ള പ്രത്യേക അനുമതി (Special Leave to Appeal) അനുവദിക്കണമേ.

b) ഈ കേസിന്റെ സാഹചര്യങ്ങളിൽ മാന്യമായ സുപ്രീംകോടതി യോഗ്യമായതായി കരുതുന്ന മറ്റ് ഉത്തരവുകൾ പുറപ്പെടുവിക്കണമെ.

ഇടക്കാലാശ്വാസനീതി (PRAYER FOR INTERIM RELIEF) അതുകൊണ്ട് ഏറ്റവും വിനീതമായി പ്രാർത്ഥിക്കുന്നു.

a) 2025 ജൂലൈ 11 നു കേരള ഹൈക്കോടതി എറണാകുളത്ത് O.P (C) Nos 819, 825, 826/2025 ൽ നൽകിയ അന്തിമ പൊതുവായ വിധിയുടെയും ഉത്തരവിന്റെയും പ്രവർത്തനം താൽക്കാലികമായി (ad-interim ex-parte) സ്റ്റേ ചെയ്യേണമെ.

b) കേസിന്റെ സാഹചര്യങ്ങളിൽ, മാന്യമായ സുപ്രീംകോടതി യോഗ്യമായതായി കരുതുന്ന മറ്റ് ഉത്തരവുകൾ പുറപ്പെടുവിക്കണമെ.

ഇത്തരം ദയാപരമായ നടപടി ഹർജിക്കാർക്കായി അപേക്ഷിക്കുന്നു. ഈ കേസ് സുപ്രീംകോടതിയിൽ 2025 സെപ്തംബർ മാസം 23-ാം തീയതി വരികയും സീനിയർ അഡ്വക്കേറ്റുമാരുടെ ആർഗ്യുമെന്റിനുശേഷം താഴെപ്പറയുന്ന ഒരു ഓർഡർ പുറപ്പെടുവിച്ചിരിക്കുകയാണ്. ആയതിന്റെയും മലയാള പരിഭാഷ ഇവിടെ ചേർക്കുന്നു.

ഇന്ത്യയുടെ സുപ്രീംകോടതി, സിവിൽ അപ്പീലറ്റ് അധികാരം, സിവിൽ അപ്പീൽ നമ്പർ ........./2025, (SLP (Civil) Nos. 26184-26186/2025 ൽ നിന്നുള്ളത്) മോർ ഗ്രീഗോറിയോസ് കുറിയാക്കോസ് & മറ്റും - അപ്പീലന്റുമാർ & അബ്രഹാം ജോസഫ് & മറ്റു പ്രതികൾ

ഉത്തരവ് (ORDER)

1. അപ്പീൽ പരിഗണിക്കുന്നതിന് അനുമതി (Leave) അനുമതിച്ചു.

2. ഞങ്ങളുടെ മുന്നിലുള്ള അപ്പീലുകൾ 2025 ജൂലൈ 11 ന് കേരള ഹൈക്കോടതി എറണാകുളത്ത് (Single Judge) നൽകി (self-speaking judgment-cum-order) എതിരെയാണ്

* അതിൽ, സിവിൽ കോടതിയും,

* ഫസ്റ്റ് അപ്പീലറ്റ് കോടതിയും അനുവദിച്ചിരുന്ന താൽക്കാലിക നിരോധനാജ്ഞ (ad-interim injunction) നിലനിർത്തുകയും,

* സിവിൽ കേസിലെ ചില പ്രതികൾ സമർപ്പിച്ചിരുന്ന റിവിഷൻ ഹർജികൾ തള്ളുകയും ചെയ്തു.

3. വാദം: അന്ത്യോഖ്യാ പാത്രിയർക്കീസ് 2024 മെയ് 17-ന് പുറപ്പെടുവിച്ച കല്പനകളുടെയും ബുള്ളുകളുടെയും സാധ്യതയെക്കുറിച്ചാണ്.

* അതിലൂടെ മെത്രാപ്പോലീത്തായെ എല്ലാ ചുമതലകളിൽ നിന്നുമാണ് സസ്പെന്റ് ചെയ്തത്.

* ക്നാനായ സമൂഹത്തിലെ ചിലർ ഈ സസ്പെൻഷനെ കോട്ടയം മുൻസിഫ് കോടതിയിൽ ചോദ്യം ചെയ്തു.

* അവരുടെ വാദം: പാത്രിയർക്കീസിന് ആത്മീയ പരമാധികാരമേ ഉള്ളൂ. സഭയുടെ ഭരണ കാര്യങ്ങളിലോ മെത്രാപ്പോലീത്തന്റെ കാര്യങ്ങളിലോ ഇടപെടാനുള്ള അധികാരം ഇല്ല.

* സഭയുടെ ഭരണാധികാരം സ്വതന്ത്രമാണ് എന്നതാണ് അവരുടെ നിലപാട്.

ഈ പശ്ചാത്തലത്തിൽ പരിഗണിക്കേണ്ട പ്രധാന ചോദ്യം:

മെത്രാപ്പോലീത്തായോടനുബന്ധിച്ച് പാത്രിയർക്കീസിന് ഭരണ (temporal) അധികാരമുണ്ടോ ഇല്ലയോ

4 ട്രയൽ കോടതി 2024 ഓഗസ്റ്റ് 27 ന് ഒരു താൽക്കാലിക നിരോധനാജ്ഞ പുറപ്പെടുവിച്ചു. * അതിൽ പാത്രിയർക്കീസിനെ മെത്രാപ്പോലീത്തായോട് ശിക്ഷണപരമായ നടപടി എടുക്കുന്നതിൽ നിന്നും വിലക്കി.

* അതിനെ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ട അപ്പീലിൽ ജില്ലാകോടതി 2025 മാർച്ച് 4 ന് സ്റ്റേ നൽകാൻ വിസമ്മതിച്ചു.

* ഈ രണ്ടു ഉത്തരവുകളും ഹൈക്കോടതി 2025 ജൂലൈ 11 ന് നൽകിയ വിധിയിൽ നിലനിർത്തി.

5. അഭിഭാഷകരെ ഇരുവിഭാഗത്തു നിന്നും കേട്ടതോടൊപ്പം താൽക്കാലിക നിരോധനാജ്ഞ അനുവദിക്കേണ്ട വിഷയത്തിൽ പരിധിപരമായ ഉദ്ദേശ്യത്തിന് (Limited purpose) അനുയോജ്യമായ രേഖകളും പരിശോധിച്ചു.

6. സിവിൽ കോടതിയും ജില്ലാ കോടതിയും താൽക്കാലിക നിരോധനാജ്ഞ അനുവദിച്ചത് ശരിയായിരുന്നോ എന്നു വിലയിരുത്താൻ ഹൈക്കോടതി പ്രാഥമികമായി അഭിപ്രായം രൂപപ്പെടുത്തേണ്ട ചില ചോദ്യങ്ങൾ ഞങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്:

1. ക്നാനായ സമൂഹത്തിന്റെ കാര്യങ്ങൾ നിയന്ത്രിക്കുന്ന ഭരണഘടന/ഭരണഘടനകൾ ഏത്?

2. ആ ഭരണഘടനപ്രകാരം പാത്രിയർക്കീസിന് എന്തെല്ലാം അധികാരങ്ങളുണ്ട്?

3. മെത്രാപ്പോലീത്തനെ നിയമിക്കുന്നതിലും, നിയമിച്ച ശേഷം സസ്പെൻഡ് ചെയ്യുന്നതിനും/പദവി നീക്കുന്നതിനും ആർക്ക് അധികാരമുണ്ട്?

7. ഇവയ്ക്ക് പുറമെ ഇരുപാർട്ടികളിൽ നിന്നുള്ള മറ്റു അനുബന്ധ ചോദ്യങ്ങളും ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വിധേയമാകും.

8. ഹൈക്കോടതിയുടെ വിധിയിൽ നിന്ന് കാണുന്നതനുസരിച്ച് പാർട്ടികൾ പലപ്പോഴും വ്യത്യസ്ത ഭരണഘടനകൾ ഉദ്ധരിച്ച് മുൻകാല സുപ്രീംകോടതി വിധികളെ അവരുടെ പക്ഷത്തിന് അനുകൂലമാക്കാൻ ശ്രമിച്ചു.

* ഈ കേസിൽ ആ ഭരണഘടനകളിലേതെങ്കിലും സമാനതകൾ ബാധകമാണോ ഇല്ലയോ എന്നും

* അവരുടെ വിധികളിലെ ratio decidendi ഇപ്പോഴത്തെ കേസിൽ ബാധകമാണോ ഇല്ലയോ എന്നും സംബന്ധിച്ച് ഞങ്ങൾ യാതൊരു അഭിപ്രായവും പ്രകടിപ്പിക്കുന്നില്ല.

9. ഈ എല്ലാ വിഷയങ്ങളിലും ഹൈക്കോടതിയുടെ വിവേകത്തിനു വിടുകയാണ്,

10. പാർട്ടികൾ ഹൈക്കോടതിയെ പൂർണ്ണമായി സഹായിക്കണം.

* ഹൈക്കോടതി പ്രാഥമിക/താൽക്കാലിക അഭിപ്രായം രൂപപ്പെടുത്തുകയും

* ആവശ്യമായ അനുബന്ധ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാൻ.

* ഇതുവഴി സിവിൽ കേസ് അന്തിമമായി തീരുവോളം ഇടക്കാല ക്രമീകരണം ഉറപ്പാക്കാൻ

11. ഹൈക്കോടതി സിവിൽ കേസ് സമയബന്ധിതമായി തീർപ്പാക്കാൻ നിർദ്ദേശം നൽകുന്നതിന്റെ പ്രായോഗികതയും പരിഗണിക്കാം.

* അതിനാൽ, അപ്പീൽ ഭാഗികമായി അനുവദിക്കുന്നു, * 2025 ജൂലൈ 11 ലെ ഹൈക്കോടതി വിധി റദ്ദാക്കുന്നു, * കേസ് ഹൈക്കോടതിയിലേക്ക് തിരിച്ചയക്കുന്നു; * ഹൈക്കോടതി മുകളിൽ പറഞ്ഞ വിഷയങ്ങളും മറ്റു സംബന്ധമായ വിഷയങ്ങളും പ്രാഥമികമായി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം.

12. കേസിന്റെ ഗുണദോഷങ്ങളെക്കുറിച്ച് (merits) ഞങ്ങൾ യാതൊരു അഭിപ്രായവും പ്രകടിപ്പിച്ചിട്ടില്ലെന്ന് വ്യക്തമായി പറയുന്നു. പാർട്ടികൾ 2025 ഒക്ടോബർ 7 ന് ഹൈക്കോടതിയിൽ ഹാജരാകണം. (സൂര്യകാന്ത്. ജെ., ഉജ്ജ്വൽ ഭുയാൻ. ജെ., നോങ്മേകപാം കോട്ടിസ്വർസിംഗ്.ജെ.) ന്യൂഡൽഹി 2025 സെപ്തംബർ 23.

പ്രിയപ്പെട്ടവരെ ഈ മാസം 7-ാം തീയതി മുതൽ കേരള ഹൈക്കോടതിയിൽ ഈ കേസിന്റെ വാദം തുടങ്ങുകയാണ്. പാത്രിയർക്കീസ് ബാവാ സമുദായമെത്രാപ്പോലീത്തായുടെ മേൽ എടുത്ത നടപടികൾക്ക് ഇന്ത്യയിലെ കോടതികൾ കൊടുത്ത സ്റ്റേ ഒന്നുപോലും മാറ്റിയിട്ടില്ല. അത് ഇപ്പോഴും നിലനിൽക്കുന്നു എന്നുള്ള കാര്യവും അറിയിക്കട്ടെ. സമുദായ നിലനിൽപ്പിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമേ എന്ന് അഭ്യർത്ഥിക്കുന്നു.

ക്നാനായ സമുദായത്തിന്റെ ഭരണഘടനയും അസ്സോസിയേഷൻ തീരുമാനവും അംഗീകരിച്ചാൽ ഈ സമുദായത്തിലെ വിഷയങ്ങൾ ഒരു ദിവസം കൊണ്ടുതീരും. സഹായ മെത്രാച്ചന്മാർ എപ്പോഴും ചർച്ചയ്ക്ക് തയ്യാറാണെന്ന് പറയും. അതിൽ യാതൊരു ആത്മാർത്ഥതയും ഉള്ളതായിട്ട് ഞങ്ങൾക്ക് അനുഭവപ്പെട്ടിട്ടില്ല. അങ്ങനെ ചർച്ചയ്ക്ക് തയ്യാറാണെങ്കിൽ സമുദായഭരണഘടനയ്ക്കും അസ്സോസിയേഷനും വിധേയപ്പെട്ടും ചർച്ചയ്ക്ക് ക്നാനായ സമുദായത്തിന്റെ വാതിൽ തുറന്നിട്ടിരിക്കുകയാണ്. എപ്പോൾ വേണമെങ്കിലും ചർച്ചയ്ക്ക് വരുവാൻ അവരെ ക്ഷണിക്കുന്നു.

ഈ വർഷത്തെ പുണ്യശ്ലോകനായ ക്ലീമ്മീസ് തിരുമേനിയുടെ ദുഃഖ്റോനോ പെരുന്നാൾ എല്ലാവരും കണ്ടതാണ്. രണ്ടുദിവസത്തെ പ്രോഗ്രാമിലും സമുദായ മെത്രാപ്പോലീത്ത അവിടെ അപമാനിതനാവുകയായിരുന്നു. ലൈവ് വീഡിയോ എല്ലാവരും കണ്ടതാണ്. ഇപ്പോഴും സോഷ്യൽ മീഡിയായിൽ ഉണ്ട്. ഒരു പള്ളിക്കമ്മിറ്റിയ്ക്ക് ഭരണഘടനപ്രകാരം സമുദായത്തിന്റെ പൊതുവായ കാര്യങ്ങളിൽ ഇടപെടുവാൻ കഴിയുകയില്ല. ഇതൊക്കെ മുൻകൂട്ടി മനസ്സിലാക്കി ക്നാനായ കമ്മറ്റിയെടുക്കുന്ന തീരുമാനങ്ങൾക്ക് പിന്തുണ തരുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പുണ്യശ്ലോകനായ ക്ലീമ്മീസ് തിരുമേനിയുടെ അനുസ്മരണം ഒരു രാഷ്ട്രീയപാർട്ടിയുടെ പോർവിളിപോലെ തോന്നിയെങ്കിൽ അതിന് ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

19-09-2025 ൽ കൂടിയ ക്നാനായ കമ്മിറ്റിയിൽ എടുത്ത തീരുമാനം

ക്നാനായ സമുദായത്തിന് എതിരെ പാരലൽ സംവിധാനം ഉണ്ടാക്കി യുവജന സമാജംപോലുള്ള പരിപാടികൾ നടത്തുന്നു എന്ന് അറിയുവാൻ കഴിഞ്ഞു. ഇങ്ങനെ സമുദായവിരുദ്ധ പ്രവർത്തനം നടത്തുന്നവരുടെ മേൽ സമുദായപരമായി പള്ളിക്കുറ്റം തുടങ്ങിയ നടപടികൾ എടുക്കണം എന്ന് തീരുമാനിച്ചിട്ടുണ്ട്.

ക്നാനായ സമുദായ ദിനം 2026 ജനുവരി മാസം നടത്തുവാൻ തീരുമാനിച്ചു. ആഗോള ക്നാനായ ദിനമായി മഹാസമ്മേളനം നടത്തുവാൻ ആണ് തീരുമാനിച്ചിട്ടുള്ളത്.

2025 ലെ മെറിറ്റ് അവാർഡ് ഈ വർഷം ഡിസംബർ മാസം 7-ാം തീയതി നടത്തുവാൻ തീരുമാനിച്ചു. വിദേശത്തും സ്വദേശത്തും ഉള്ള സമുദായ ദൈവാലയങ്ങളിലെ ഉന്നതവിജയം കരസ്ഥമാക്കിയ പ്രതിഭകൾക്ക് അവർഡുകൾ ലഭിക്കുന്നതാണ്. ആയതിന്റെ വിശദമായ കല്പന സമുദായ മെത്രാപ്പോലീത്താ പുറപ്പെടുവിച്ചിട്ടുണ്ട്,

ക്നാനായ സമുദായ സെക്രട്ടറി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

---

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

ലയം കൂടെ നമുക്ക് സ്വന്തമായി ആരാധിക്കുവാൻ ലഭിച്ചു. ഇത് യഥാർത്ഥ്യമാക്കാൻ വളരെ പരിശ്രമിച്ച എല്ലാവരെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. കൂദാശകർമ്മം അനുഗ്രഹമാക്കാൻ മുൻകൈ എടുത്ത ബഹു. വികാരി അച്ചൻ, ഇടവക ട്രസ്റ്റി, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ, അസോസ്സിയേഷൻ അംഗങ്ങൾ, ഭക്തസംഘടനാ ഭാരവാഹികൾ, ഇതിൽ സഹകരിച്ച എല്ലാവരെയും അനുമോദിക്കുന്നു. നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും ദൈവം പ്രതിഫലം നല്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.അതിനോട് അനുബന്ധിച്ച് നമ്മുടെ Canada Edmonton Knanaya പള്ളിയിലും ക്രമീകരണം ചെയ്ത ബഹു. വികാരി അച്ചൻ, ഇടവകട്രസ്റ്റി, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ, അസോസ്സിയേഷൻ അംഗങ്ങൾ, ഭക്തസംഘടനാ ഭാരവാഹികൾ, ഇതിൽ സഹകരിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കട്ടെ.

ദൈവത്തിന്റെ കൃപ നാം എല്ലാവരുടേയും മേൽ സമൃദ്ധിയായി വർഷിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
**മോർ സേവേറിയോസ് കുറിയാക്കോസ്**
**ക്നാനായ സമുദായ മെത്രാപ്പോലീത്ത**

# അമ്മമാർ സമൂഹത്തിലെ പ്രകാശദീപങ്ങൾ

റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ സമുദായ ട്രസ്റ്റി)

'അമ്മ' എന്തൊരു മാസ്മരിക ശക്തിയുള്ള മധുര ശബ്ദം. അമ്മയ്ക്കു തുല്യം അമ്മമാത്രം. അമ്മ ശരീരംപോലെയും അച്ഛൻ ആത്മാവുപോലെയുമാണ്.

"മാതൃദേവോഭവ, പിതൃദേവോഭവ,
ആചാര്യദേവോഭവ, അതിഥി ദേവോഭവ"

ഇവിടെ ആദ്യം മാതാവിനെ ദേവിയായി കരുതാൻ പറയുന്നു. ഒരു വ്യക്തിയുടെ എല്ലാ വികസനപരിണാമങ്ങളുടെ ചരിത്രത്തിലും അവന്റെ അമ്മയുടെ പ്രഭാവം കാണാം. ഉദാത്തങ്ങളായ സങ്കല്പങ്ങൾ ഒരു കുട്ടിക്കു കിട്ടുന്നത് അവന്റെ മാതാവിൽ നിന്നാണെന്ന് ശ്രീ ശങ്കരാചാര്യർ പറയുന്നു. ദൈവത്തിന് എല്ലായിടത്തും ഒരേസമയത്ത് എത്തിച്ചേരാനാവില്ല എന്നതുകൊണ്ടാണ് അമ്മമാരെ സൃഷ്ടിച്ചതെന്നൊരു ചൊല്ലുണ്ട്.

അനേക വർഷങ്ങൾക്കുമുമ്പ് വളരെ ക്രൂരനായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ഒരു ഉത്തരവു പുറപ്പെടുവിച്ചു. ആ രാജ്യത്തെ വൃദ്ധരായ സ്ത്രീകളെയെല്ലാം വിജനമായ കാട്ടിൽ കൊണ്ടുപോയി ഉപേക്ഷിക്കുക. കല്പന നിറവേറ്റാതിരിക്കാൻ നിർവ്വാഹമില്ലാതെ ഒട്ടനേകം യുവാക്കന്മാർ അവരുടെ അമ്മമാരെയും കൂട്ടി മുൾപ്പടർപ്പുകൾ നിറഞ്ഞ സഞ്ചാരയോഗ്യമല്ലാത്ത വഴികളിലൂടെ കാട്ടിലേക്കു യാത്രയായി. ആ കൂട്ടത്തിൽ ടോമി എന്നൊരു യുവാവുണ്ടായിരുന്നു. അയാൾ മനസ്സില്ലാമനസ്സോടെയെങ്കിലും തന്റെ വൃദ്ധയായ മാതാവിനെയും കൊണ്ട് വനത്തിലേക്കു യാത്ര തിരിച്ചു. യുവാവായ ടോമി അതിവേഗം നടന്നു. പക്ഷേ അവന്റെ വൃദ്ധയായ അമ്മയാകട്ടെ മെല്ലെയാണു നടക്കുന്നത്. അമ്മ ഒപ്പം എത്താൻ വേണ്ടി പലയിടത്തും അവനു കാത്തുനിൽക്കേണ്ടിവന്നു. അപ്പോഴാണ് ടോമി ശ്രദ്ധിക്കുന്നത്. തന്റെ മാതാവ് ഇടയ്ക്കിടെ കുനിയുകയും നിവരുകയും ചെയ്യുന്നുണ്ട്. ടോമി പറഞ്ഞു അമ്മ വേഗം നടക്ക്. അവന്റെ അമ്മ പറഞ്ഞു. നിനക്ക് തിരക്കുണ്ടെന്ന് എനിക്കറിയാം. പോയിട്ടു തനിയെ മടങ്ങേണ്ടതല്ലേ. അമ്മയെന്താണിവിടെ ഇടയ്ക്കിടെ കുനിയുന്നതുകണ്ടല്ലോ. ഒ അതു ഞാൻ ഈ വഴിയിലുള്ള മുൾപ്പടർപ്പുകൾ പറിച്ചുമാറ്റി കളയുകയായിരുന്നു. നീ മടങ്ങുമ്പോൾ ഇരുട്ടിയാൽ ഈ മുള്ളുകൾ നിന്റെ കാലിലും ദേഹത്തും കൊള്ളും. ആ മകന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ച് അവൻ ഉറക്കെ കരഞ്ഞു. നോക്കൂ! ഇതാണ് അമ്മമാർ. നിലയ്ക്കാത്ത ത്യാഗങ്ങളുടെ പര്യായമാണ് അമ്മ.

ഒരു കുഞ്ഞ് ജനിക്കുന്നതിലൂടെ അതിലും മഹിമയേറിയ ഒരാൾ ജനിക്കുകയാണ് അമ്മ. മഹാനായ ഏബ്രഹാം ലിങ്കൺ പറയുന്നു ഞാൻ എന്തായിരിക്കുന്നുവോ എന്തായിരിക്കാൻ ആഗ്രഹിക്കുന്നുവോ അതിനെല്ലാം കടപ്പെട്ടിരിക്കുന്നത് എന്റെ അമ്മയോടാണ്. ഡോക്ടർ അബ്ദുൾകലാമിന്റെ വാക്കുകളിൽ നിങ്ങളുടെ അമ്മയോട് സംസാരത്തിൽ മൂർച്ചയുള്ള വാക്കുകൾ ഉപയോഗിക്കരുത്. നിങ്ങളെ സംസാരിക്കാൻ പഠിപ്പിച്ചത് ആ അമ്മയാണെന്നു മറക്കരുത്. വെയിലുള്ളപ്പോൾ മരമായും തീക്കാറ്റുള്ളപ്പോൾ കുളിരാവുകയും ചെയ്യുന്ന ഒറ്റവാക്കാണ് അമ്മ. ഒരിക്കൽ ഒരു മകൻ തന്റെ വൃദ്ധയായ മാതാവിനോടു ചോദിച്ചു അമ്മയ്ക്കു മരിക്കാൻ പേടിയുണ്ടോ? അമ്മ വളരെ അർത്ഥവത്തായ ഒരു മറുപടി പറഞ്ഞു. എനിക്ക് മരിക്കാൻ പേടിയില്ല. പക്ഷേ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാൻ സാധിക്കുമോ എന്ന സങ്കടമേയുള്ളൂ. വാർദ്ധക്യത്തിലും പ്രാർത്ഥനയിലുള്ള വിശ്വാസം ആ അമ്മയുടെ അവസാന നാളുകൾ ധന്യമാക്കി.

ഈ ഭൂമിയിൽ ഒരു കുഞ്ഞ് ആദ്യം കേൾക്കുന്ന സംഗീതം അമ്മയുടെ ഹൃദയസ്പന്ദനമാണ്. ഒരു കുഞ്ഞ് ആദ്യം പഠിക്കുന്ന പാഠശാല അമ്മയുടെ ഉദരമാണ്. അത്താഴപ്പട്ടിണി കിടക്കാൻ സമ്മതിക്കാതെ സ്വൈര്യം കെടുത്തുന്ന അമ്മയും തലതുവർത്തിത്തരാൻ ഓടിയെത്തുന്ന അമ്മയും അപകടം മണക്കുന്ന അവസരങ്ങളിൽ പാഞ്ഞെത്തുന്ന നിലവിളക്കായി പരിണമിക്കുന്ന അമ്മയുടെ സ്നേഹത്തിന്റെ നിസ്തുല മാതൃകകളാണ്. എത്ര രാത്രിയിലും മക്കളെത്തുന്നതുവരെ വിളക്കു തെളിച്ച് കാത്തിരിക്കുന്ന അമ്മ മരിക്കുമ്പോൾ "ഞാനെത്തിയാൽ മാത്രം കെടുന്ന വിളക്കുള്ള വീട് ഇന്നലെകെട്ടു" എന്നു കവി പാടിയ അവസ്ഥ വന്നുചേരും. സ്നേഹത്തിന്റെ ഒരായിരം ദീപങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ തെളിച്ചുവയ്ക്കുന്ന അമ്മ വീടിന്റെ വിളക്കാണ്.

തന്റെ പ്രിയപുത്രന്റെ കുരിശിന്റെ ചുവട്ടിലും ഒരു അമ്മയുണ്ട്. മറിയ. യേശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും മഗ്ദലക്കാരി മറിയയും നിന്നിരുന്നു. കൂടെ നടന്ന ശിഷ്യൻമാർ പോലും യേശുവിനെ ഉപേക്ഷിച്ചുപോയെങ്കിലും മറിയ എന്ന അമ്മ വിളക്ക് കുരിശിൻ ചുവട്ടിൽ പ്രിയ മകനോടൊപ്പമുണ്ടായിരുന്നു. ഈ അമ്മയെ കുരിശിന്റെ വേദനകൾക്കിടയിലും യേശു വിസ്തരിക്കുന്നില്ല. തന്റെ പ്രിയ ശിഷ്യൻ യോഹന്നാനെ "ഇതാ നിന്റെ അമ്മ" എന്ന് പറഞ്ഞ് ഏൽപ്പിക്കുന്നു. കരുതലിന്റെ പ്രകാശമാണ് ആ കുരിശിന്റെ ചുവട്ടിൽ പരന്നൊഴുകുന്നത്.

ഞാൻ വീട്ടമ്മയാണെന്നു പറയുമ്പോൾ സ്ത്രീ അഭിമാനിക്കണം. 'സ്ത്രീ മൂലം സർവ്വധർമ്മ'. സർവ്വധർമ്മങ്ങളുടെയും മൂലം സ്ത്രീയാണ്. നരനെ നരേന്ദ്രനാക്കി മാറ്റാനുള്ള കഴിവ് അമ്മമാർക്കുണ്ട്. കുരുക്ഷേത്രയുദ്ധം തുടങ്ങുന്നതിന്റെ തലേദിവസം കൗരവപ്പടയുടെ മുന്നണിപോരാളി ദുര്യോധനൻ തന്റെ മാതാവായ ഗാന്ധാരിയുടെ പാദം വന്ദിച്ചിട്ടു പറഞ്ഞു "അമ്മേ എനിക്കു വിജയമാശംസിക്ക്". ആ അമ്മ പറഞ്ഞു അതിനെനിക്കാവില്ലോ മകനെ. കാരണവും പറഞ്ഞു.

"യതോ, ധർമ്മസ്തതോ കൃഷ്ണ
യതോ കൃഷ്ണസ്തതോ, ജയ"

ധർമ്മമെവിടെയാണോ, അവിടെയാണു കൃഷ്ണൻ. കൃഷ്ണൻ എവിടെയാണോ അവിടെയാണു വിജയം. ശ്രീകൃഷ്ണൻ ധർമ്മിഷ്ഠരായ പാണ്ഡവപക്ഷത്താണ് അതുകൊണ്ട് വിജയവും അവർക്കു തന്നെ. ഇതാണ് ധർമ്മപരിപാലനത്തിന്റെ ഒരു മാതൃക. നിന്റെ മാതാവിന്റെ കാൽപാദത്തിലാണ് സ്വർഗ്ഗം എന്ന് ഖുറാനിൽ മൂഹമ്മദ് നബി പ്രബോധിപ്പിക്കുന്നു. ഇന്ന് നാം നേരിടുന്ന വെല്ലുവിളി സ്ത്രീയുടെ മനസ്സിലെ ദാരിദ്ര്യവും വികലമായ ചിന്തകളുമാണ്. അമ്മ ഒരു കിന്റർ ഗാർട്ടനും ഒരു സർവ്വകലാശാലയുമാണ്. കുട്ടികൾക്ക് നല്ല മാതൃകയും സത്യത്തിന്റെ പാതയും കാണിച്ചുതരുന്ന അമ്മമാരെയാണ് ഇന്ന് സമൂഹത്തിന്നാവശ്യം. ആ മാതൃസങ്കല്പത്തിനു മുമ്പിൽ നമുക്കു നമോവാകം അർപ്പിക്കാം. ●

# കുർബ്ബാന വീഥിയിൽ

ഫാ. ജേക്കബ് കല്ലുകുളം

വി. കുർബ്ബാനയിൽ പതിവിൻപ്രകാരമുള്ള നമസ്ക്കാരങ്ങൾക്കുശേഷം പഴയനിയമ വായന യഹൂദ ആരാധനയുടെ അനുകരണമാണ്. പരസ്യമായ കുർബ്ബാനയ്ക്കായി തിരശ്ശീല നീക്കുന്നതിന് മുമ്പ് പഴയനിയമ കാലത്തിന്റെ അന്ത്യവും പുതിയ നിയമ കാലത്തിന്റെ ആരംഭവുമാണ് ഇനി കാണുന്നത്. ജനം എല്ലാം വാഗ്ദത്ത പ്രകാരമുള്ള ദൈവപുത്രന്റെ ജനനത്തെ പ്രതീക്ഷിച്ചുകൊണ്ട് നിൽക്കുന്ന കാലത്തെ സൂചിപ്പിക്കുന്നു. വെളിവു നിറഞ്ഞോരീശോ എന്ന ഗീതം ചൊല്ലുമ്പോൾ ത്രോണോസിന്റെ വടക്കുവശത്തുള്ള തിരികൾ കത്തിക്കുന്നു. ഇത് ആട്ടിടയന്മാരുടെ വരവിനെ സൂചിപ്പിക്കുന്നു. വെളിവിൻതട്ടിൽ വസിക്കും എന്ന് ചൊല്ലുമ്പോൾ തെക്കുവശത്തെ തിരികൾ കത്തിക്കുന്നു. ഇത് വിദ്വാന്മാരുടെ വരവിനെ സൂചിപ്പിക്കുന്നു. ത്രോണോസിന്റെ വടക്കുവശത്ത് ആറു തിരികളും തെക്കുവശത്ത് ആറു തിരികളും കത്തിക്കുന്നു. ഇത് 12 ശ്ലീഹന്മാരെ സൂചിപ്പിക്കുന്നു.



**ഗീതം**

വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ - കാണുന്നു
വെളിവീയടിയാരഖിലാധാരമതാം -വെളിവും നീ
കാന്ത്യാ ഞങ്ങളെ നീ - താ-തൻ
കതിരെ! ശോഭിപ്പി - ക്കെ - ന്നും

പ്രകാശം നിറഞ്ഞിരിക്കുന്ന യേശുവേ നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുന്നു. എല്ലാ ലോകത്തിന്റെയും വെളിച്ചതിന് ആധാരമായ പ്രകാശവും നീ തന്നെ ആകുന്നു. പിതാവിന്റെ കതിരേ നിന്റെ പ്രകാശത്താൽ ഞങ്ങളെ എന്നും പ്രകാശിപ്പിക്കേണമേ (സങ്കീ. 104:2).

വെളിവിൻ തട്ടിൽ വസിക്കും പുണ്യനിധേ1 പരിശുദ്ധാ!
വേണ്ടാ കഷ്ടത വീൺ ചിന്തയുമടിയാ-രീ ന്നൊഴിക്ക
സൽക്രിയകൾക്കു - മനഃശുദ്ധ്യാ
സംഗതിവരണേ ഞ-ങ്ങൾ-ക്ക്

"സ്വർഗ്ഗത്തിൽ വസിക്കുന്ന പുണ്യനിധിയും പരിശുദ്ധനുമായവനെ ആവശ്യമില്ലാത്ത കഷ്ടതയും ദുഷ്ചിന്തയും അടിയരിൽ നിന്ന് ഒഴിവാക്കണമെ. മനസ്സിന്റെ വെടിപ്പോടെ നല്ല പ്രവൃത്തികൾ ചെയ്യുന്നതിന് ഞങ്ങൾക്ക് ഇടവരുത്തണമേ". (വിൺചിന്ത അല്ല - വീൺ ചിന്തയാണ്)

ഹാബേലിൻ കുഞ്ഞാടും നോഹിനുടെ - കാഴ്ചയതും
അബ്രഹാം തൻ ബലിയും കൈക്കൊണ്ട - കർത്താവേ!
നോമ്പും പ്രാർത്ഥനയും-കൈക്കൊ-
ണ്ടൻപാലടിയാരെ - കാക്ക

ഹാബേലിന്റെ കുഞ്ഞാടും, നോഹയുടെ കാഴ്ചയും, അബ്രഹാമിന്റെ ബലിയും കൈക്കൊണ്ട കർത്താവേ നോമ്പും പ്രാർത്ഥനയും കൈക്കൊണ്ട് ദയവോടെ അടിയാരെ പരിപാലിക്കുക. എബ്രായ 11-ാം അദ്ധ്യായം പൂർവ്വികരുടെ വിശ്വാസം. വിശ്വാസം മൂലം ഹാബേൽ കായേന്റതിനെക്കാൾ ശ്രേഷ്ഠമായ ബലി അർപ്പിച്ചു. മരിച്ചു എങ്കിലും ഹാബേൽ വിശ്വാസത്തിലൂടെ ഇന്നും സംസാരിക്കുന്നു. വിശ്വാസം മൂലമാണ് നോഹ അതുവരെ കാണാതിരുന്നതിനെപ്പറ്റി ദൈവം അറിയിപ്പ് കൊടുത്തപ്പോൾ പെട്ടകം നിർമ്മിച്ചു. വിശ്വാസം മൂലം അബ്രഹാം വിളിച്ച ദേശത്തേക്ക് പുറപ്പെട്ടു: അബ്രഹാമിന്റെ മോറിയമലയിലെ ബലി.

മോചനമതിനായ് പാപികളെ! വരുവീൻ- യാചിപ്പീൻ
മുട്ടുന്നോർക്കു തുറന്നിടുമേ നാഥൻ - തൻ വാതിൽ
യാചിക്കുന്നോൻ പ്രാ-പി-ക്കും
അന്വേഷിപ്പോൻ കൈ-ക്കൊള്ളും.

പാപികളെ വന്ന് മോചനത്തിനായി യാചിപ്പിൻ (എഫേ.1:7, 1 യോഹ.1:9). മുട്ടുന്നവർക്ക് തന്റെ വാതിൽ നാഥൻ തുറന്നു കൊടുക്കും. യാചിക്കുന്നവന് കിട്ടുന്നു അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു (മത്തായി 7:7).

കർത്താവേ! നിൻ രക്തശരീരങ്ങൾ - കൈക്കൊ-ണ്ട്
ഭക്തരതായി മരിച്ചോർക്കരുളണമേ- നല്ലോർമ്മ
നിന്റെ മഹത്വമുദിക്കും നാൾ
നില്ക്കണമവർ വലഭാ-ഗ-ത്തിൽ

കർത്താവേ, നിന്റെ രക്തശരീരങ്ങൾ സ്വീകരിച്ച് ഭക്തരായി മരിച്ചവർക്ക് നല്ല ഓർമ്മ ഉണ്ടാകണമേ. നിന്റെ മഹത്വം ഉദിക്കുന്ന ദിവസം അവർ വലതുഭാഗത്ത് നിൽക്കണമേ (മത്തായി 24:30). ഈ അനുതാപ ഗീതത്തിലൂടെ വി. കുർബ്ബാനയിലേ പരസ്യശുശ്രൂഷയിലേക്ക് നാം പ്രവേശിക്കുകയാണ്.

(തുടരും)

# ക്നാനായ കോൺഗ്രസ് കല്ലിശ്ശേരി മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തിയ അഖില ക്നാനായ ഷട്ടിൽ ടൂർണമെന്റ്





ക്നാനായ കോൺഗ്രസ് കല്ലിശ്ശേരി മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തിയ അഖില ക്നാനായ ഷട്ടിൽ ടൂർണമെന്റിൽ ഒന്നാം സ്ഥാനം നേടി വിജയിച്ച റാന്നി സെന്റ് തോമസ് വലിയ പള്ളി ടീമിനും രണ്ടാം സ്ഥാനം നേടിയ തുരുത്തിക്കാട് സെന്റ് ജോൺസ് പള്ളി ടീമിനും ക്നാനായ സമുദായ ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ ട്രോഫികൾ സമ്മാനിച്ചു. എറണാകുളം സെന്റ് മേരീസ് ക്നാനായ പള്ളി ഫസ്റ്റ് റണ്ണർ അപ്പ് ആയി വിജയിച്ചു.




Advt -O



ക്നാനായ വനിതാ സമാജം 2026 – ലെ കലണ്ടർ പ്രകാശനം **അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത** സിസ്റ്റർ മരിയയ്ക്ക് നല്കിക്കൊണ്ട് നിർവ്വഹിക്കുന്നു.

റാന്നി ഇട്ടിയപ്പാറ സെന്റ് മേരീസ് കുരിശുപള്ളിയിൽ സുവിശേഷ സമാജം വാർഷിക ധ്യാനയോഗം **സമുദായ വലിയ മെത്രാപോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** ഉദ്ഘാടനം ചെയ്യുന്നു. ഫാ. ബെന്നി ഏബ്രഹാം മാമലശ്ശേരിൽ, വെരി. റവ. റോയ് മാത്യൂസ് മുളമൂട്ടിൽ കോർ എപ്പിസ്കോപ്പ, ഫാ. എം. സി. സഖറിയ മധുരംകോട്ട്, വെരി. റവ. ജോർജ് മാത്യു, ജിജി കറുകയിൽ, സജി മുണ്ടക്കൽ, തങ്കച്ചൻ ഇടയാടിച്ചിറ എന്നിവർ സമീപം.





കോട്ടയം സി.എസ്.ഐ റിട്രീറ്റ് സെന്ററിൽ കൂടിയ നിലക്കൽ എക്യുമെനിക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റി. എക്യുമെനിക്കൽ ട്രസ്റ്റ് പ്രസിഡന്റ് അഭി. തിയോഡോഷ്യസ് മാർത്തോമാ മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. മെത്രാപ്പോലീത്തന്മാരായ അഭി. സാബു മലയിൽ കോശി, അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, വിവിധ സഭാ പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു. ക്നാനായ സമുദായത്തെ പ്രതിനിധീകരിച്ച് ക്നാനായ കമ്മിറ്റി അംഗം തോമസ്കുട്ടി തേവരുമുറിയിൽ, സി.കെ. ബേബി ചെറുശ്ശേരികളം എന്നിവർ പങ്കെടുത്തു.

## ഏകദിന ധ്യാനം



മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസന വിമൻസ് അസ്സോസിയേഷൻ കുറിച്ചി വി. മഗ്ദലന മറിയം തിരുശേഷിപ്പ് മന്ദിരം ചാപ്പലിൽ വ്യാഴാഴ്ച (2/10/2025) നടത്തപ്പെട്ട ഏകദിന ധ്യാനത്തിന്റെ ഉദ്ഘാടനം ക്നാനായ സമുദായ വലിയ മെത്രാപ്പോലിത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവഹിച്ചു


50 – ാം വിവാഹവാർഷികം
P. K. Kuruvilla
(Kunjumon)
&
Chinnamma Kuruvilla
Vazhuthra, Kurichy
പ്രാർത്ഥനാപൂർവം ആശംസകളോടെ
Fr . Jomon Punnoose
Kochuparambil & Family
Roshan Abraham
Vakkamattam & Family
Subin Kuruvilla
Vazhuthra & Family
Advt -O


50th Anniversary Day
Together since...
27th October, 1975
T.I Kurian
&
Leelama Kurian
Thyparambil
Venpala
St. George Knanaya Church
Venpala
Prayerful Wishes From,
Shibu, Liji, Ayush, Joanna
Liju, Leena, Michelle and Joshua
Advt -O

## 30th Wedding Anniversary
22/10/2025



**Bincy Thomas & Thomas Abraham (Jai)**
Malikarukayil, Mannar, (Dallas Texas).
*Happy anniversary Chachen & Amma.*
*Aleena & Jestin, Alan*

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം എന്നെ നടത്തി

Advt - O

# ക്നാനായദീപം പരസ്യനിരക്ക്

| | |
|---|---|
| **ക്നാനായദീപം വരിസംഖ്യ** | |
| ഒരുവർഷം | - 200 |
| പത്തുവർഷം | - 2000 |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | - 4000 |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | - 450 |
| പേര് മാത്രം | - 350 |
| മാട്രിമോണിയൽ | - 750 |
| **ബ്ലായ്ക്ക്& വൈറ്റ്** | |
| എട്ടിലൊന്ന് ബ്ലായ്ക്ക് & വൈറ്റ് | - 1000 |
| കാൽപേജ് | - 2000 |
| അരപേജ് | - 4000 |
| ഫുൾപേജ് | - 6000 |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | - 5000 |
| അരപേജ് | - 7500 |
| ഫുൾ പേജ് | - 12000 |
| കവർ ഇൻസൈഡ് | - 15000 |
| ബായ്ക്ക് കവർ | - 17500 |

## പുണ്യശ്ലോകനായ കൂബർ നീത്തി ഹാക്കീമോ ഏബ്രഹാം മോർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തായുടെ 23–ാം ശ്രാദ്ധപ്പെരുന്നാൾ ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ ഡോ. സിറിയക് തോമസ് ഉദ്ഘാടനം ചെയ്യുന്നു.



# കരിയർ: ജ്ഞാനം നയിക്കട്ടെ കരിയർ ഗൈഡൻസിന്റെ പ്രാധാന്യം!



സുനിൽ ഡി. കുരുവിള

കഴിഞ്ഞ ദിവസം കരിയർ കൗൺസിലിംഗിനായി വന്ന ഒരു ചെറുപ്പക്കാരൻ സിവിൽ എൻജിനീയറിംഗ് കഴിഞ്ഞു ആറു വർഷമായി.

അഞ്ചുജോലി ചെയ്തു. ഒന്നിലും സന്തോഷമില്ല... ഇനി ജോലിചെയ്യണോ?

പഠിക്കാൻ പോകണോ?...“സിവിൽ എഞ്ചിനീയറിംഗ് ജോലി ഇഷ്ടമില്ല... വേറെ എന്ത് ചെയ്യണം അറിയില്ല’...

വിദേശത്തു പോയാൽ ഗുണമുണ്ടോ?

MBA ക്ക് പോയാൽ...?

ഡോക്ടർ ആക്കാൻ പറ്റാത്തവരെയെല്ലാം എഞ്ചിനീയർ ആക്കുന്ന നാട്!

“ഇയാൾ എന്തിനാണ് സിവിൽ എഞ്ചിനീയറിംഗ് എടുത്തത്?’’

“എല്ലാരും പറഞ്ഞു വലിയ സ്കോപ്പാണെന്ന്”!

കുട്ടികളെ കാണുന്നവർ അങ്ങ് ‘കരിയർ’ ഉപദേശമാണ്. കുട്ടിയുടെ കഴിവ് എന്താണ്? അഭിരുചി എന്ത്?

ആരും തിരക്കുന്നില്ല. ഓരോ മേഖലയിലും പോകുമ്പോൾ നമ്മൾ വളർത്തിയെടുക്കേണ്ട നൈപുണ്യങ്ങൾ, കഴിവുകൾ, മനോഭാവം.... ആര് തിരക്കുന്നു?

എവിടെ പഠിക്കണം? എങ്ങനെ പഠിക്കണം?

പഠനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ? എങ്ങനെ പഠനവും വ്യക്തിത്വവും ആസൂത്രണം ചെയ്യണം.... ഈവക കാര്യങ്ങളിൽ ഒരു ഗൈഡൻസും കുട്ടികൾക്ക് കിട്ടുന്നില്ല. വലിയ ലക്ഷ്യങ്ങൾ പറഞ്ഞുകൊണ്ട് നടന്നാൽ മാത്രം അതിൽ എത്തിച്ചേരില്ല. പലപ്പോഴും അത്തരം ലക്ഷ്യങ്ങൾ ശരിയായ യാഥാർഥ്യങ്ങൾ മനസ്സിലാക്കാതെയും വസ്തുനിഷ്ഠമായി അവലോകനം ചെയ്യാതെയും ഒക്കെ ‘വെച്ചുകെട്ടുമ്പോൾ’ വിപരീത ഫലം ആകും ലഭിക്കുക... ഒന്നും ആകാതെ പോകുന്ന നിരാശരായി പോകുന്ന യുവത. വിദേശത്ത് MBBS പഠനം കഴിഞ്ഞിട്ട് beautician ആയ കുട്ടി! Dentistry പഠിച്ചിട്ടു ബാങ്ക് ടെസ്റ്റ് കോച്ചിംഗിനു പോയ മറ്റൊരാൾ... വലിയ കോഴ്സുകൾ ഒക്കെ പഠിച്ചിട്ട് ഒന്നും ആകാൻ കഴിയാതെ ഡിപ്രെഷൻ ബാധിച്ച അനേകർ... ലോകത്തു സംഭവിക്കുന്ന മാറ്റങ്ങൾ കരിയർ രംഗത്ത് ഉണ്ടാകുന്ന മാറ്റങ്ങൾ ഒന്നും പലരും പരിഗണിക്കുന്നില്ല. സുഹൃത്തായ ഒരു കോളേജ് അദ്ധ്യാപിക വിളിച്ചു. “സാർ മകൾ ഇപ്പോൾ +1 കഴിഞ്ഞു... മിടുക്കിയാണ് എങ്കിലും higher study സംബന്ധിച്ചു കുറെ സംശയങ്ങൾ ഉണ്ട്... ഒന്ന് നേരിൽ കാണണം”.

എൻട്രൻസ് താല്പര്യമില്ല. സംസാരിച്ചു വന്നപ്പോൾ കുട്ടിക്ക് കണക്കിൽ ആണ് ഏറ്റവും മികവുള്ളത് എന്ന് മനസ്സിലായി. കണക്ക് പഠിച്ചാൽ എന്തെല്ലാം സാദ്ധ്യതകൾ ഉണ്ട്... ഏതെല്ലാം professional മേഖലയിലേക്ക് തിരിയാം... എങ്ങനെ ഒരു ഉന്നതമായ കരിയർ നേടിയെടുക്കാം.... ഇതൊക്കെയായിരുന്നു ഞങ്ങളുടെ ചർച്ച.

തിരികെ പോകുമ്പോൾ ആ അദ്ധ്യാപിക പറഞ്ഞ വാക്കുകൾ വളരെ ഹൃദ്യമായിരുന്നു, “വലിയ ഒരു സമാധാനവും അതിലേറെ ആത്മവിശ്വാസവും ആണ് ഞങ്ങൾ ലഭിച്ചത്!” മകൾ കൂട്ടിച്ചേർത്തു. “ഇനിയും പഠിക്കാൻ ഒരു motivation ഉണ്ട്...ഒരു കാരണമുണ്ട്... thank you so much, Sir’’

സ്കൂളിൽ തന്നെ IAS കോച്ചിംഗ് തുടങ്ങണോ? സ്കൂളിൽ കുട്ടികൾ സമഗ്രമായ വ്യക്തിത്വ വികസനം നേടട്ടെ. നന്നായി പഠിക്കുകയും കളിക്കുകയും ചെയ്യട്ടെ! അവരെ discover ചെയ്യാൻ അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും സഹായിക്കാം... അവരെ കുട്ടിക്കാലത്തു തന്നെ ഒന്നും ‘ആക്കാൻ’ ശ്രമിക്കാതിരിക്കാം... അവർ സ്വയം കണ്ടെത്തി ആയിക്കൊള്ളും. നല്ല ഗൈഡൻസ് വലിയ ഗുണം ചെയ്യും!

എന്തിനു സ്കോപ്പ് ഉണ്ട് എന്നു മാത്രം നോക്കി കുട്ടികളുടെ ഭാവി തീരുമാനിക്കാതിരിക്കാം. കുട്ടിക്ക് എന്താണ് അഭിരുചിയുള്ളത്... താല്പര്യമുള്ളത്..കണ്ടെത്താം!

എന്തുകൊണ്ടാണ് മികച്ച കരിയർ – വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശം ഈ കാലത്തു വളരെ പ്രാധാന്യമുള്ളതാകുന്നത്?

* ഓരോ കുട്ടിയും unique ആണ്. അവരുടെ അഭിരുചി, താല്പര്യം കഴിവുകൾ എല്ലാം ഉന്നത വിദ്യാഭ്യാസത്തിലും തൊഴിൽ രംഗത്തും ഗൗരവമായി പരിഗണിക്കേണ്ടത് ആവശ്യമാണ് സന്തോഷകരമായ ഭാവി ജീവിതത്തിനു അനിവാര്യമാണ്.

കഴിവില്ലാത്ത – ഇഷ്ടമില്ലാത്ത മേഖലയിൽ ഒക്കെ ജോലി ചെയ്യേണ്ടി വരുമ്പോൾ അതിന്റെ ദോഷഫലങ്ങൾ പേർസണൽ ലൈഫിലും, ഫാമിലിയിലും സാമൂഹിക ജീവിതത്തിലും ഒക്കെ പ്രതിഫലിക്കും.

* നൂറുകണക്കിനു കോഴ്സുകൾ institutions ... വിദേശ രാജ്യത്തെ പഠന സാദ്ധ്യതകൾ...എന്നിവ വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ സാധിക്കണം. ഇല്ലെങ്കിൽ ഏജന്റുമാരും ബ്രോക്കർമാരും നമ്മുടെ ജീവിത ‘വിധി’ തീരുമാനിക്കും!

എല്ലാവരും entrance പഠിക്കണം എന്നില്ല... ചിലർക്ക് ആത്മവിശ്വാസത്തിനും ആശയവിനിമയപാടവത്തിനും ആണ് ‘coaching’ വേണ്ടത്!

* കുട്ടികളിലെ പഠന – നൈപുണ്യ-വികസന ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുക. സമഗ്രവ്യക്തിത്വ വികസനം ഉറപ്പിക്കുക. പഠനത്തിൽ കൂടുതൽ motivation നൽകാനും ലക്ഷ്യങ്ങളെ കുറേകൂടി sharpen ചെയ്യാനും സഹായിക്കുക. ആവശ്യമായ ജീവിത മൂല്യങ്ങൾ ഉറപ്പിക്കുക.

* ഡിഗ്രിതലത്തിൽ ‘specialisation കോഴ്സുകൾ ചെയ്യുന്നത് വലിയ ഗുണം ചെയ്യണം എന്നില്ല. Forensic science, artificial intelligence, genetics ഒക്കെ post graduate ലെവലിൽ പഠിക്കുന്നതാണ് അഭികാമ്യം. മികച്ച സ്ഥാപനങ്ങളിൽ പഠിക്കാൻ കഴിഞ്ഞാൽ വളരെ നല്ലത്.

* അതുപോലെ വിദേശരാജ്യത്ത് പഠിക്കാൻ പോകു

മ്പോൾ നല്ല മാർഗ്ഗനിർദ്ദേശം ആവശ്യമാണ്. പ്രത്യേകിച്ച് MBBS ഒക്കെ പഠിക്കാൻ പ്ലാൻ ചെയ്യുമ്പോൾ.

* കൂട്ടുകാരുടെ സമ്മർദ്ദവും മാതാപിതാക്കളുടെ 'പഴകിയ' അറിവും google നിന്ന് ലഭിക്കുന്ന half-information ഉം ആധികാരികമായിക്കൊള്ളണം എന്നില്ല. സുഹൃത്തുക്കളുടെയും പരസ്യങ്ങളുടെയും ഒക്കെ സ്വാധീനം ചെറുക്കാൻ കഴിയണമെങ്കിൽ നല്ല guidance കൂടിയേതീരൂ.

*കരിയർ രംഗത്തും ലോകത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ; പുതിയ കോഴ്സുകൾ, തൊഴിൽ മേഖലകൾ industry expectation ഒക്കെ കാലേകൂട്ടി update ചെയ്യാൻ നല്ല ഗൈഡൻസ് സഹായിക്കും.

* സമഗ്രമായ ജീവിത വീക്ഷണം, സന്തോഷം, സംതൃപ്തി ഒക്കെ യുവതയിൽ പ്രോത്സാഹിപ്പിക്കാൻ കഴിയണം. സമൃദ്ധമായ ജീവിതത്തെക്കുറിച്ച് കൗമാരക്കാർക്ക് ദർശനവും കാഴ്ചപ്പാടും നൽകേണ്ടതുണ്ട്. Standard of living അല്ല quality of life ആണ് ലക്ഷ്യം വെക്കേണ്ടത്.

*മാതാപിതാക്കളും കുട്ടികളും തമ്മിൽ കരിയർ കാര്യങ്ങളിൽ തർക്കം ഉണ്ടാകുമ്പോൾ ഏതുവശത്താണ് ശരി എന്ന് എങ്ങനെ തീരുമാനിക്കും? 20 വർഷം മുമ്പുള്ള പേരന്റ്സിന്റെ അറിവ് ഇന്ന് valid ആയിക്കൊള്ളണം എന്നില്ല. കുട്ടിക്ക് ആഗ്രഹമുള്ള കാര്യങ്ങൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടണമെന്നും ഇല്ല. ഇവിടെ നല്ല ഗൈഡൻസ് സഹായിക്കും.

*നല്ല ഗൈഡൻസ് തെറ്റുകളിൽ വീഴാതെ വലിയ ലക്ഷ്യബോധത്തിൽ നിൽക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു! അനാവശ്യ distraction കുറയ്ക്കും. കൂടുതൽ focus നൽകും!

*കൂടുതൽ ധൈര്യവും വ്യക്തതയും ആത്മവിശ്വാസവുമുള്ള മാതാപിതാക്കളെ സൃഷ്ടിക്കുന്നു!

"Good guidance is nation building."

അഭിരുചിയും താല്പര്യവും ഉണ്ടായിട്ടും വേറിട്ട വഴിയിൽ യാത്ര ചെയ്യാൻ റിസ്ക്ക് എടുക്കാൻ ഒക്കെ പൊതുവെ പേടിയുള്ളവരാണ് മലയാളികൾ. നല്ല ഗൈഡൻസ് ധൈര്യം തരും കരിയർ നല്ല രീതിയിൽ ആസൂത്രണം ചെയ്യാൻ സഹായിക്കും. Risk കുറയും!

നല്ല ഗൈഡൻസ് എവിടെ ലഭിക്കും? അതിനു quality യിൽ യാതൊരു compromise ഉം പാടില്ല. കാരണം അതിന്റെ വില നമ്മുടെ ഓരോരുത്തരുടെയും കുട്ടികളുടെ ഭാവിയുടെ വിലയാണ്. സഭയായി തന്നെ ഈ കാര്യങ്ങളിൽ ഗൗരവമായ പ്രവർത്തനങ്ങൾ ആരംഭിക്കും എന്ന് പ്രതീക്ഷിക്കട്ടെ! ഒരു child & youth development centre ഒക്കെ കാലം ആവശ്യപ്പെടുന്നു!

ഏവർക്കും ആശംസകൾ!

(സുനിൽ ജി കുരുവിള, ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും പ്രമുഖ മാനവശേഷി വികസന പരിശീലകനും കരിയർ ഗൈഡുമാണ്. സെൽ ഫോൺ നമ്പർ +91 9656144712. Sunil Kuruvilla എന്ന YouTube ചാനലിലും ലഭ്യമാണ്.

Career Wisdom is his most popular career guidance program. Personal Career Guidance is available both online & offline)

# ഫുടബോൾ ടൂർണമെന്റ്



ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായപള്ളി ക്നാനായ യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഫുട്ബോൾ ടൂർണമെന്റിൽ വിജയികളായ ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയുടെ ടീം അംഗങ്ങൾ ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയിൽ നിന്നും ട്രോഫി ഏറ്റുവാങ്ങുന്നു. ഡോ. റെജിനോൾഡ്, വികാരി ഫാ.ബെന്നി ഏബ്രഹാം, ശ്രീ. ടോമിൻ വാഴുവേലിൽ, ഇടവക ട്രസ്റ്റി ശ്രീ. സജി തോമസ്, പഞ്ചായത്ത് അംഗം ശ്രീമതി അമ്മിണി ചാക്കോ, കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ സമീപം

# ലഹരി വിമുക്ത കേന്ദ്രങ്ങളും പകൽ വീടുകളും

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി**

ലഹരി വിപത്തിനെതിരെ യാക്കോബായ സഭയുടെ എല്ലാ ഭദ്രാസനങ്ങളിലും ലഹരി വിമുക്ത കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന ശ്രേഷ്ഠ ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ നടന്ന സുന്നഹദോസ് തീരുമാനം തികച്ചും കാലികമാണ്. കാരണം കേരളം ആർജിച്ച സകല പുരോഗതികളെയും അട്ടിമറിക്കാൻ ശേഷിയുണ്ട് ലഹരി എന്ന മാരകവിപത്തിന്. 2023 മെയ് 13-ന് നാഷണൽ നാർക്കോട്ടിക് ബ്യൂറോയിലെ ഉദ്യോഗസ്ഥൻ കൊച്ചി തീരത്തു നിന്ന് അല്പം മാറി അറബിക്കടലിലൂടെ നീങ്ങിയ ഒരു ഇറാനിയൻ കപ്പലിൽനിന്നും 2500 കിലോഗ്രാം വൈറ്റ് ക്രിസ്റ്റൽ എന്ന പേരിൽ അറിയപ്പെടുന്ന രാസലഹരിയായ മെത്താഫെറ്റാമൈൻ പിടിച്ചെടുത്തു. "മുൻപ് ഞങ്ങൾ കേരളത്തിൽ രാസലഹരി വെറും ഗ്രാമിലായിരുന്നു പിടിച്ചെടുത്തിരുന്നത്. ഒരു വർഷത്തെ മൊത്തം കണക്കെടുത്താലും ചില്ലറ കിലോഗ്രാമൊക്കെയേ ഉണ്ടാവൂ. ഇപ്പോൾ കപ്പൽ കണക്കിനാണ് പിടിച്ചെടുക്കുന്നത്." എന്നാണ് സമീപകാലയളവിൽ എൻ.സി.ബി.യിലെ പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു ഉദ്യോഗസ്ഥൻ പറഞ്ഞത്. 2500 കിലോഗ്രാം വൈറ്റ് ക്രിസ്റ്റലിന്റെ വില 25000 കോടി രൂപയാണത്രേ!

കഴിഞ്ഞ കുറച്ച് വർഷങ്ങൾക്കിടയിൽ കേരളത്തിൽ ധാരാളമായി ഡീ അഡിക്ഷൻ കേന്ദ്രങ്ങൾ സ്ഥാപിതമായിട്ടുണ്ട്. കേരളസമൂഹത്തിന്റെ മാറ്റങ്ങളെപ്പറ്റിയും സാമൂഹിക രാഷ്ട്രീയ ഇടപെടലുകളെക്കുറിച്ചും സങ്കീർണ്ണമായ ഒരു പ്രതിസന്ധിയുടെ കഥയുണ്ട് ഡീ അഡിക്ഷൻ കേന്ദ്രങ്ങൾക്കു പറയാൻ. ഇന്ത്യയിലെ ഏറ്റവും ശാന്തവും സാക്ഷരവുമായി ഏറെക്കാലമായി ആഘോഷിക്കപ്പെടുന്ന കേരളം മയക്കുമരുന്നിന്റെ കാര്യത്തിൽ ഇപ്പോൾ സാങ്കേതികമായെങ്കിലും പഞ്ചാബിനെ മറികടന്നിരിക്കുകയാണ്. ലഹരി ഉപയോഗം നിമിത്തം ഏറ്റവും പ്രതിസന്ധി അനുഭവിക്കുന്ന സംസ്ഥാനമായാണ് പഞ്ചാബ് അറിയപ്പെട്ടിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ കണക്കുപ്രകാരം ഈ വർഷത്തിന്റെ ആദ്യ രണ്ട് മാസങ്ങളിൽ സംസ്ഥാനത്ത് നടന്ന 63 കൊലപാതകങ്ങളിൽ പകുതിയിലേറെ മയക്കുമരുന്നുമായി ബന്ധപ്പെട്ടതാണ്. ഈ സാഹചര്യങ്ങളിലാണ് യാക്കോബായ സഭയുടെ ഡീ അഡിഷൻ സെന്ററുകൾ തുടങ്ങാനുള്ള തീരുമാനത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത്.

"വിദ്യാർത്ഥികൾ പലപ്പോഴും പണത്തിനു പകരം പേയ്മെന്റായി മയക്കുമരുന്നുകൾ സ്വീകരിക്കുന്നു." പേര് പറയാനാഗ്രഹിക്കാത്ത ലഹരി ഉപയോഗിക്കുന്ന മുളന്തുരുത്തിയിലെ ഒരു ചെറുപ്പക്കാരൻ പറഞ്ഞു. കൊച്ചി, ബംഗ്ളൂരു പോലുള്ള വലിയ നഗരങ്ങളിൽ വിൽക്കുന്നതിനേക്കാൾ ഇരട്ടിവിലയാണ് കേരളത്തിന്റെ പ്രാദേശിക വിപണികളിൽ ഒരു ഗ്രാം മെത്തിന്. തിരുവനന്തപുരത്തു നിന്ന് 20 കിലോമീറ്റർ അകലെ, ഏകദേശം അരനൂറ്റാണ്ടു മുമ്പ്, കടുത്ത മദ്യപാനികളെ ഉദ്ദേശിച്ച് സ്ഥാപിച്ച ഒരു ഡീ അഡിക്ഷൻ സെന്ററാണ് 'ഡേൽവ്യൂ'. ലഹരിയുമായി കേരളത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന ബന്ധത്തിന്റെ ഒരു ഡോക്യുമെന്റായി ഇന്നത് മാറിയിരിക്കുന്നു. മുൻപ് അവിടെ ചികിത്സ തേടിയിരുന്നവർ മദ്യപാനാസക്തിയുള്ളവരായിരുന്നുവെങ്കിൽ ഇന്നത് മയക്കുമരുന്നിൽ നിന്നുള്ള മോചനത്തിനായുള്ള ചികിത്സാലയമാണ്. 'ഡേൽവ്യൂ' സന്ദർശിച്ചതിൽ നിന്നും ഒരു കാര്യം എനിക്ക് ബോദ്ധ്യമായി. ക്രിസ്മസിനും പുതുവർഷത്തിനും ഈസ്റ്ററിനുശേഷം രോഗികളുടെ എണ്ണം കൂടുന്നു. ആഘോഷങ്ങളും ലഹരിയുടെ ഉപയോഗവും കൈകോർക്കുന്നതായി അവിടുത്തെ അഡ്മിഷൻ രേഖകൾ സൂചിപ്പിക്കുന്നു.

ഹൈസ്കൂളിൽ കഞ്ചാവ്, കോളേജിൽ എത്തുമ്പോൾ മയക്കുമരുന്നുകൾ. ഇതാണ് നിലവിലെ സാഹചര്യം. രക്ഷിതാക്കൾ അവർക്ക് കൈകാര്യം ചെയ്യാൻ കഴിയാത്ത ഒരു തലമുറയെയാണ് അഭിമുഖീകരിക്കുന്നത്. നമ്മൾ ഒരു സെമി വെസ്റ്റേൺ സമൂഹമായി മാറിക്കഴിഞ്ഞു. കുട്ടികൾക്ക് വികസിത രാജ്യങ്ങളിലുള്ളപോലെ വ്യക്തിസ്വാതന്ത്ര്യം വേണം. കുട്ടികളുടെ ഈ ചിന്ത രക്ഷിതാക്കൾക്കും കുട്ടികൾക്കും ഇടയിൽ വിദ്വേഷം വളരാൻ ഇടയാക്കുന്നു. ഈ വിദ്വേഷം മാനസിക ആശ്വാസത്തിനായി ലഹരി ഉപയോഗത്തിലേക്ക് തിരിയാൻ കാരണമാകുന്നുണ്ട്. അതിനാൽ അതോറിറ്റേറിയൻ പേരന്റിംഗ് അല്ല. അതോറിറ്റേറ്റീവ് പേരന്റിംഗ് ആണ് കുടുംബത്തിൽ അനിവാര്യമായതെന്ന് മാതാപിതാക്കളും തിരിച്ചറിയണം. കുട്ടികളുടെ അഭിപ്രായങ്ങൾക്കും ഇഷ്ടങ്ങൾക്കും പ്രസക്തിയും പ്രാധാന്യവും നൽകുന്ന ശൈലിയാണ് അതോറിറ്റേറ്റീവ് പേരന്റിംഗ്. ചുരുക്കിപ്പറഞ്ഞാൽ ഡീ അഡിക്ഷൻ സെന്ററുകളിൽ ലഹരി ഉപയോഗിക്കുന്നവർക്കു മാത്രമല്ല. അവരുടെ കൂടെ ജീവിക്കുന്നവർക്കും ചികിത്സ ക്രമീകരിക്കണം.

ക്നാനായ സമുദായം ഇടവക തോറും 'പകൽവീടുകൾ' ആരംഭിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കാരണം മക്കളുടെ അഭാവത്തിൽ നിരവധി കുടുംബങ്ങളിൽ വൃദ്ധ മാതാപിതാക്കൾ ഏകാന്തതയിൽ ഒറ്റപ്പെട്ടിരിക്കുകയും, പലരും വിഷാദരോഗികളായി മാറുകയും ചെയ്യുന്ന ദയനീയമായ അവസ്ഥയാണ്. പ്രായമായവർക്ക് സന്തോഷവും സമാധാനവും മാനസിക ഉല്ലാസവും പ്രദാനം ചെയ്യുന്ന പകൽവീടുകൾ കാലഘട്ടത്തിന്റെ ഒരാവശ്യമാണ്. ക്രാന്തദർശിയും പുരോഗമനവാദിയും കാലത്തിന്റെ ചുവരെഴുത്തു വായിക്കുന്ന പിതാവുമായ സമുദായമെത്രാപ്പോലീത്തായുടെ നവസംരംഭങ്ങളിൽ പകൽവീട് പദ്ധതി ഉൾപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും.

കവിത

# ഇനിയും ഒരിക്കലും വി. കുർബ്ബാന മുടക്കില്ല, കണ്ണ് തുറപ്പിക്കും

ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം

അപ്പം, പെരുപ്പിച്ച്, പോറ്റിയോരീശൻ,
വെള്ളത്തിന്മീതേ, നടന്നോരീശൻ
ശിഷ്യന്മാർക്ക്, ശക്തി തെളിയിച്ചോരീശൻ
നമ്മുടെ ഉള്ളിലും ചുറ്റിലും വസിക്കുന്നല്ലോ.
ഈശൻ, കുർബ്ബാനയെ, പഠിപ്പിച്ചുകൊണ്ട്
എന്റെ, ശരീര, രക്തം ഭക്ഷിക്കുന്നോൻ എന്നിലും
ഞാൻ, അവനിലും വസിക്കുമെന്ന്
അരുളിയ, ഈശന്റെ വാക്കിനാൽ
സഭയിൽ, ആദ്യത്തെ വിഭജനമുണ്ടായി
ഒരു കൂട്ടം ശിഷ്യർ ഇറങ്ങിപ്പോയി
കുർബ്ബാനയിൽ, വിട്ടുവീഴ്ച വരുത്താത്തോരീശൻ
ഇറങ്ങിപ്പോയവരെ, തിരിച്ചു വിളിച്ചില്ല.
100, ആടുള്ളോരിടയൻ
ഒന്നിനെ, കാണാതെപോയപ്പോൾ
99, നേയും വിട്ടിട്ട്, ഒന്നിനെ, തേടിയിറങ്ങിയോരീശൻ
ശിഷ്യരെ, തിരികെ വിളിച്ചില്ലല്ലോ
മായയാം, ലോകത്തെ കെട്ടിപ്പിടിച്ചാൽ
പരി. കുർബ്ബാന അനുഭവമാകില്ല.
സ്വർഗ്ഗത്തെക്കുറിച്ച് ഉൾക്കാഴ്ച കിട്ടിയാൽ
പരി. കുർബ്ബാന, അനുഭവമാകും
മക്കളിൽ, എന്നും വസിച്ചിടുവാൻ
കുർബ്ബാനയായി, തീർന്നോരു അപ്പനുണ്ട്
ആ, ഉൾക്കാഴ്ച കിട്ടിയവൻ ഒരിക്കലും
കൂടോത്രത്തെ ഭയപ്പെടില്ല.
ആത്മാവിന്റെ, കണ്ണ് തുറക്കപ്പെട്ടാൽ
ഉള്ളിലെ, സമ്പന്നത, തിരിച്ചറിഞ്ഞാൽ
സംസാരവിഷയം, ഈശോയെ, ആക്കിയാൽ
നമ്മുടെ, റേഞ്ച് മാറിടുമേ.
മാതാപിതാക്കടെ, പ്രാർത്ഥന
മക്കളെ, വിശുദ്ധരാക്കിടുമേ
കണ്ണീരിന്റെ മക്കൾ നശിക്കില്ലല്ലോ
സ്വർഗ്ഗരാജ്യത്തിനുടമയാകും
മക്കളെ, ചേർത്തുപിടിച്ചുകൊണ്ട്
നിർമ്മലഹൃദയത്തിനുടമയായി
ദിവ്യബലിയിൽ, പങ്കെടുക്കൂ!
ദിവ്യകാരുണ്യം, അനുഭവിക്കൂ!
തത്വചിന്തകനാം, അഗസ്തോനിയോസ്
ആഭാസനായ, അഗസ്തോനിയോസ്
മോനിക്ക, അമ്മയുടെ പ്രാർത്ഥനയാൽ
വിശുദ്ധനായി തീർന്നുവല്ലോ
കെട്ടിപ്പിടിച്ചതും, വെട്ടിപ്പിടിച്ചതും
വിട്ടുപിരിഞ്ഞു നാം പോയിടുമേ
ഇരുട്ടിന്റെ പ്രവർത്തികൾ വിട്ടുകൊണ്ട്
(റോമർ.13:13-14)
വെളിച്ചത്തിൻ ആയുധം ധരിച്ചീടുക
(എഫെസ്യർ 6:12-18)
ചാട്ടവാറിന്റെ അടിയേറ്റതും
മരണവേദന സഹിച്ചതും
കാൽവറിയിൽ തൂക്കപ്പെട്ടതും
കുർബ്ബാനയാകാൻ വേണ്ടിയാണ്
ദിവ്യകാരുണ്യം അനുഭവിക്കുമ്പോൾ
ഈശോയും നമ്മളും ഒന്നാകുന്നു
മക്കളിൽ, എന്നും വസിച്ചിടുവാൻ
ഈശൻ, കുർബ്ബാനയായി, തീർന്നുവല്ലോ.

ക്നാനായ കോൺഗ്രസ് കല്ലിശ്ശേരി മേഖലയുടെ ആഭിമുഖ്യത്തിൽ നടന്ന ഷട്ടിൽ ടൂർണമെന്റ് ക്നാനായ കമ്മിറ്റി അംഗം തേവർമുറിയിൽ തോമ സുകുട്ടി ഉദ്ഘാടനം നിർവ്വഹിച്ചു. സമുദായ ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിൽ സമ്മാനദാനം നിർവ്വഹിച്ചു. ഫാ. ചിക്കു ബേബി കാരിമറ്റത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫാ. മാത്യു ഉതുപ്പാൻ ചെറുകരേത്ത്, ബൈജുമോൻ ചാക്കോ പുലയകുന്നിൽ, റോയി പുത്തൻപുരയ്ക്കൽ, വിജു മുണ്ടയ്ക്കൽ, ഷാജി സി.സി., ബിനോയ് ചെട്ടിപ്പറമ്പിൽ, മഞ്ചു ഏബ്രഹാം, ബിനു കല്ലേമണ്ണിൽ, സുനില ജോസഫ് കയ്യാലപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. വിവിധ പള്ളികളിൽ നിന്നായി ഇരുപതോളം ടീമുകൾ ടൂർണമെന്റിൽ പങ്കെടുത്തു.



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**ദൈവമാതാവിന്റെ ഉപകാരസ്മരണ**
**ഒരു വിശ്വാസി, റാന്നി**

## ശുഭചിന്തകൾ

**ആത്മവിശ്വാസം ഇല്ലാതെ**
**വിജയത്തിന്റെ ദിശയിലേക്ക്**
**ഒരു പടിയും നീങ്ങാൻ കഴിയില്ല...**

# അനുതാപത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവീൻ (ലൂക്കോ. 3:8)

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

രാഗിയുള്ള നമ്മുടെ മുഖവും ഒരുനാൾ ചുളിവുകൾകൊണ്ടു നിറയും, ആരോഗ്യമുള്ള ശരീരവും ഒരുനാൾ തകരും. ഉയർന്ന ജോലിയും സ്ഥാനമാനങ്ങളും ഒരു നാൾ അവസാനിക്കും. എന്നാൽ ഒരിക്കലും മായാത്ത നമ്മുടെ നല്ല പ്രവൃത്തികൾ തലമുറകളോളം നിലനില്ക്കുന്നു.

ഒരിക്കൽ ഒരു വലിയ ഹോട്ടലിൽ അതിന്റെ ഉടമ വേഷം മാറി ഒരു യാചകന്റെ വേഷത്തിൽ കീറിപ്പറിഞ്ഞ ഡ്രസ്സുമൊക്കെയിട്ട് കയറിച്ചെന്നു. യാചകനെ കണ്ടപ്പോൾ അതിന്റെ മാനേജരും ജോലിക്കാരുമെല്ലാം ആ മനുഷ്യനെ ഇറക്കിവിട്ടു. ഇതു കണ്ടുനിന്ന ഒരു മനുഷ്യൻ ആ യാചകന് വയറു നിറച്ച് ആഹാരവും വാങ്ങിക്കൊടുത്തു. ആ മനുഷ്യന്റെ കൈവശം അയാൾക്കിടാൻ പാകത്തിലുള്ള ഒരു ജോഡി ഡ്രസ്സുമുണ്ടായിരുന്നു. ആ മനുഷ്യൻ ഒരു പാവപ്പെട്ടവനായിരുന്നു. ദൂരെ എവിടെയോ സ്ഥലത്ത് ഒരു ഇന്റർവ്യൂവിന് പോയതാണ് വലിയ പഠിത്തക്കാരനാണ്, കൈക്കൂലി കൊടുക്കാൻ പണം ഇല്ല. അതുകൊണ്ട് എവിടെയും ഒരു ജോലിക്കു കയറാൻ പറ്റിയില്ല. ആകെ വിഷമിച്ചാണ് തിരിച്ചുപോകുന്നത്. എന്നാലും ഈ യാചകനെ കണ്ടപ്പോൾ മനസ്സലിവു തോന്നിയിട്ടാണ് കൈയിലുള്ള പൈസാ കൊടുത്ത് ആഹാരം മേടിച്ചുകൊടുത്തത്. ഈ യാചകൻ ആ മനുഷ്യനോട് വീടൊക്കെ ചോദിച്ചു മനസ്സിലാക്കി രണ്ടു പേരും രണ്ടു വഴിക്കു പോയി. പിറ്റേ ദിവസം രാവിലെ ഈ പാവപ്പെട്ട മനുഷ്യന്റെ വീടിന്റെ വാതിൽക്കൽ ഒരു വില കൂടിയ കാറു കൊണ്ടു നിർത്തിയിട്ട് സുമുഖനായ ഒരാൾ കാറിൽനിന്നിറങ്ങി ഈ മനുഷ്യൻ സൂക്ഷിച്ചു നോക്കിയപ്പോൾ ഇന്നലെ തന്റെ കൈയ്യിലുള്ള പൈസയ്ക്ക് ആഹാരം മേടിച്ചുകൊടുത്ത ആ യാചകനാണ്. ആ യാചകൻ ഈ മനുഷ്യന്റെ കയ്യിൽ ഒരു ചെക്കു കൊടുത്തിട്ട് നിനക്കു ഇഷ്ടമുള്ള തുക എഴുതി എടുത്തു കൊള്ളുവാൻ പറയുകയും കാറും തന്റെ ഹോട്ടലും അവൻ സ്വന്തമായി കൊടുക്കുകയും ചെയ്തിട്ടു താങ്കളെപോലെയുള്ളവരെയാണ് എന്റെ സ്ഥാപനത്തിന് ആവശ്യമെന്നു പറഞ്ഞു. ആ മനുഷ്യനെകൊണ്ടു ഹോട്ടലുടമ യാചകന്റെ വേഷത്തിൽ ചെന്ന് തന്റെ സ്ഥാപനത്തിൽ മാനേജരായി നിയമിച്ചു. അവിടെനിന്ന മാനേജരും ജോലിക്കാരും അന്തംവിട്ടു. എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ, അനർത്ഥ ദിവസത്തിൽ യഹോവ അവനെ വിടുവിയ്ക്കും. "അവൻ നിർമ്മലനാണോ അവന്റെ പ്രവൃത്തികൾ നേരുള്ളവയോ എന്ന് ബാലൻ പോലും അറിയപ്പെടുന്നത് അവന്റെ പ്രവൃത്തികളിലൂടെയത്രേ"(സദൃ.19:11). "കള്ള തുലാസ് ദൈവത്തിനു വെറുപ്പുള്ളത്. ശരിയായ തൂക്കമോ അവനു പ്രസാദം" (സദൃ.11:1). ഈ കാലത്ത് ദൈവത്തോടു കാണിക്കുന്ന അനുസരണക്കേടിന് വല്ല അതിരുമുണ്ടോ? അതിനെ ഇല്ലാതാക്കുന്നതിനോ കുറഞ്ഞ പക്ഷം അതിന് അല്പം കുറവു വരുത്തുന്നതിനോ നമ്മളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നുണ്ടോ ആരാധനാലയങ്ങൾ കൂത്തരങ്ങുകളായി മാറിക്കൊണ്ടിരിക്കുന്നു. രാഷ്ട്രീയക്കാരെപ്പോലെയാണ് ദൈവാലയങ്ങളിലെ രീതികൾ. രാഷ്ട്രീയക്കാർ പാർട്ടി തിരിഞ്ഞു നടക്കുന്നതേയുള്ളു, പിന്നെ ഒന്നിച്ച് ഒരു പാത്രത്തിൽ അവരു കഴിക്കും. നമ്മളങ്ങനെയല്ല ഒരു വീട്ടിൽ ഒരപ്പനും അമ്മയ്ക്കും നാലു മക്കളുണ്ടെങ്കിൽ നാലു പേരും തമ്മിൽ ശത്രുക്കളാണെങ്കിൽ ആ അപ്പനും അമ്മയ്ക്കും ഉണ്ടാകുന്ന ദുഃഖം എത്രവലുതാണ്. ഇന്ന് അതാണ് നമ്മുടെ ഭവനത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഐക്യമത്യം മഹാബലം" ഒന്നും അറിയാത്ത കാക്കയ്ക്കുപോലും എന്ത് ഐക്യമാണ്. ഒന്നിന് എന്തെങ്കിലും പറ്റിയാൽ എല്ലാവരും ഒന്നിച്ച് അലച്ച് വിളിച്ചുകൂട്ടും. അറിവു കൂടിയ മനുഷ്യൻ, ഒരു സെക്കന്റ് നേരത്തെ ഗാരന്റിയില്ലാത്ത മനുഷ്യൻ, കിടന്നാൽ നാളെ നേരം വെളുക്കുന്നിടംവരെ ജീവിച്ചിരിക്കുമോ എന്നറിയാത്ത മനുഷ്യജീവിതം എന്തിന് കുഞ്ഞുങ്ങളെപ്പോലെ വാശി പിടിക്കുന്നു. കൊച്ചുകുട്ടികളാണെങ്കിലും സ്വല്പം കഴിയുമ്പം അവർ ഒന്നാണ്. പ്രായമുള്ള നമ്മളിൽനിന്ന് എന്താണ് ഈ കുഞ്ഞുങ്ങൾ പകർത്തിയെടുക്കുന്നത്. യെഹ.33 ൽ ഒരുവനെ തിരഞ്ഞെടുത്ത് ആ ദേശത്തിലെ കാവൽക്കാരനാക്കി വയ്ക്കുന്നു. യെഹസ്ക്കേൽ പ്രവചനം. 33:1 മുതൽ വായിക്കുമ്പോൾ കാവൽക്കാരൻ നാശം വരുന്നതുകണ്ടു അറിയിപ്പു കൊടുക്കാതിരുന്നാൽ ജനം നശിക്കുമ്പോൾ ആ കുറ്റം കാവൽക്കാരനാണ്. നാശം വരുന്നതുകണ്ട് അറിയിപ്പു കൊടുത്തിട്ടും പിന്മാറിയില്ലെങ്കിൽ കാവൽക്കാരന്റെ മേൽ കുറ്റമില്ല. ഇപ്പോൾ നമ്മുടെ ഇടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് അറിയിപ്പു കൊടുക്കുന്ന കാവൽക്കാരോ അറിയിപ്പു കൊടുക്കാത്ത കാവൽക്കാരോ? "ഇടയൻമാർ ശരിയല്ലാത്തതുകൊണ്ട് ആടുകൾ മിക്കതും വന്യമൃഗങ്ങൾക്കിരയായി (യെഹ.34:5). ഇപ്പോഴത്തെ തലമുറ പള്ളിയിൽ പോകാൻ മടിക്കുന്നതിനു കാരണം മുതിർന്നവർ തന്നെയാണ്. അവരു ചോദിക്കും സമാധാനം വായ്കൊണ്ടു പറയുകയും പ്രവൃത്തിയിൽ കാണുന്നില്ലല്ലോന്ന്. ഒരു കുടക്കീഴിൽ നിന്നുകൊണ്ട് അന്യോന്യം പഴിചാരുന്നവരായി തീർന്നു. കുഞ്ഞുങ്ങൾ ഇതു കണ്ടു പഠിക്കുന്നു. ഇപ്പം കേട്ടു പഠിക്കുന്ന കാലമല്ല കണ്ടു പഠിക്കുന്ന കാലമാണല്ലോ. ഈ ലോകത്തിലൂടെ സഞ്ചരിയ്ക്കുന്ന വെറും യാത്രക്കാരുമാത്രമാണല്ലോ നമ്മൾ. പിന്നെ എന്തിനാണ് സ്ഥാനമാനങ്ങൾക്കുവേണ്ടി പഴിചാരുന്നത്. യേശു ശിഷ്യന്മാരുടെ കാലുകഴുകി, പെസഹാ കുർബ്ബാനയിൽ ഇതൊക്കെ ഒരു നാടകംപോലെ അഭിനയിക്കുന്നുണ്ടല്ലോ. ഈ അഭിനയവും ജീവിതവുമായി എന്തു സാമ്യം? ദൈവത്തിന്റെ പേരുപറഞ്ഞ് ദൈവത്തെ അപമാനിക്കുന്നവരായിത്തീരാതെ ദൈവനാമത്തിനു മറ്റുള്ള ജാതിക്കാർ കണ്ടു പുകഴ്ച കൊടുക്കുന്നവരായി. നമുക്ക് ഓരോരുത്തർക്കും കുറഞ്ഞപക്ഷം ശ്രമിക്കുകയെങ്കിലും ചെയ്യാം.

നീതിന്മാരായ സിദ്ധന്മാർ
ഈ ലോകം വെറുത്ത വീരന്മാർ
വീണകൾ ഏന്തി ഗാനംപാടുമ്പോൾ

നമുക്കും ആ ഗായകസംഘത്തിലെ ഏറ്റവും പുറകിൽ നില്ക്കാനെങ്കിലും ഒരു അവസരത്തിനുവേണ്ടി ഈ അന്ത്യകാലത്ത് ഒരുങ്ങാം. അതിനുവേണ്ടി ആത്മാവിനെ ഒരുക്കി എടുക്കാം. മരണം തൊട്ടുപുറകിൽ നിഴൽപോലെ നിൽക്കുന്നു. ●

# ഏവൻഗേലിയോൻ ദീപം



റോയി മാത്യൂസ് കോർ എപ്പിസ്ക്കോപ്പാ, മുളമൂട്ടിൽ

**സ്ലീബായ്ക്കു ശേഷം 5-ാം ഞായർ**
**(വി. മത്തായി 23: 1-12) (19-10-2025)**

താഴ്മ ധരിച്ചു കൊൾവീൻ-ശാസ്ത്രിമാരുടെയും പരീശന്മാരുടെയും സത്യാവസ്ഥ ഈ ഭാഗത്തും വെളിപ്പെടുത്തുന്നു. ചെന്നായ്ക്കളുടെ ഇടയിലേയ്ക്ക് കുഞ്ഞാടുകളെപ്പോലെ അയയ്ക്കുന്ന ശിഷ്യന്മാരോട് കള്ള ഇടയന്മാരേപ്പറ്റി മുൻസൂചന കൊടുക്കേണ്ടതാവശ്യമാണ്. ശാസ്ത്രിമാരും പരീശന്മാരും മോശയുടെ പീഠത്തിൽ ഇരിക്കുന്നു. അവരുടെ സ്ഥാനം അംഗീകരിക്കേണ്ടതാണെങ്കിലും അവരുടെ പ്രവൃത്തികൾപോലെ ചെയ്യരുത്. “നേതൃസ്ഥാനത്തിരിക്കുന്നവരെ ബഹുമാനിപ്പാൻ ദൈവമക്കൾ പഠിക്കേണ്ടതാണ് (അപ്പോ.പ്ര.23:5). നിന്റെ ജനത്തിന്റെ അധിപതിയെ ദുഷിക്കരുത്. പരീശന്മാരേയും പരീശമനോഭാവമുള്ളവരെയും നാം സൂക്ഷിക്കേണ്ടതാണ്. കാരണം ക്രിസ്തീയവേലക്കാരന് ഏറ്റവും ആവശ്യമായ ഗുണം വിനയമത്രെ. ഭരിക്കുക അല്ല സഭയെ ശുശ്രൂഷിക്കുകയത്രേ വേണ്ടത്. താഴ്മ ധരിച്ചുകൊള്ളുവീൻ എന്നത്രേ. 1 പത്രോ.5:5 ൽ പറയുന്നത് ദൈവം താഴ്മ ഉള്ളവനെ ഉയർത്തുന്നു. കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ നിങ്ങൾക്ക് ഹാ കഷ്ടം.

യഹൂദ നേതാക്കന്മാർക്ക് വിരോധമായുള്ള എട്ടു കുറ്റങ്ങൾ

1. സ്വർഗ്ഗരാജ്യം അടച്ചുകളയുവാനുള്ള അവരുടെ നിരന്തരമായ പരിശ്രമം. അവൻ കടക്കുന്നില്ല. കടക്കുന്നവരെ സമ്മതിക്കുന്നുമില്ല.

2. അവരുടെ സ്ഥാനം കവർച്ചയ്ക്കായി അവർ ഉപയോഗിച്ചു. ആത്മീയ പിതാക്കൾ എന്ന നിലയിൽ പ്രാർത്ഥിക്കുകയും എന്നാൽ വിധവമാരുടെ വീടുകളെ വിഴുങ്ങുകയും ചെയ്തു.

3. അവർ കരയും കടലും കടന്ന് ചിലരെ മതത്തിൽ ചേർക്കുന്നു. ചേർന്നശേഷം അവരെ നാശയോഗ്യരാക്കുന്നു.

4. സത്യം ചെയ്യുന്നതിൽ അവർ സ്വന്തവും അർത്ഥശൂന്യമായ പ്രമാണങ്ങൾ ഉണ്ടാക്കി കുരുടന്മാരായ വഴികാട്ടികൾ ആയി.

5. നിസ്സാരമായ കാര്യങ്ങൾക്ക് വലിപ്പം കൊടുക്കുകയും ഘനമേറിയവയെ ത്യജിച്ചുകളയുകയും ചെയ്തു.

6. ബാഹ്യമായതിനു പ്രാമാണ്യം കൊടുത്ത് ഹൃദയശുദ്ധിക്ക് സ്ഥാനമില്ലാതെ കപടഭക്തിക്കാരായി.

7. മരിച്ചുപോയ പ്രവാചകന്മാരുടെ കല്ലറകളെ പണിയുകയും എന്നാൽ പ്രവാചകന്മാരെ കൊല്ലുന്നവരുടെ കൂട്ടത്തിൽ ആകുകയും ചെയ്തു.

8. ദൈവത്തിന്റെ അടുക്കൽ വരുവാൻ അവർക്ക് മനസ്സില്ല. ക്രിസ്തീയ സഭയെ നോക്കിയാലും ഈ വിധത്തിലുള്ള ആരോപണങ്ങൾ ധാരാളമായുള്ളതുകൊണ്ട് വിമർശിക്കുന്നതിനുപകരം വിനയപ്പെടാം.

**സ്ലീബായ്ക്കു ശേഷം 6-ാം ഞായർ**
**(വി. ലൂക്കോസ് 18: 18-27) (26-10-2025)**

ധനവും, പ്രമാണിത്വവും. യുവത്വവും സമജ്ഞസമായി ഒത്തു ചേരുന്ന ഒരുവൻ വളരെ പ്രതീക്ഷയോടെ നിത്യജീവന്റെ പൊരുൾ തേടി കർത്തൃസന്നിധിയിലെത്തുകയും എന്നാൽ അതീവ ദുഃഖിതനായി മടങ്ങിപ്പോവുകയും ചെയ്തതിന്റെ ചിത്രമാണ് ഇന്നത്തെ ഏവൻഗേലിയോൻ. തന്റെ കഴിവുകൾ കൊണ്ട് വെട്ടിപ്പിടിച്ച് സ്വന്തമാക്കിയിരുന്ന ലൗകിക ഉപാധികൾ സംതൃപ്തി നൽകാതിരുന്നതുകൊണ്ടാണ് സമാധാന പ്രഭുവായ യേശുക്രിസ്തുവിങ്കലേയ്ക്ക് അവൻ കടന്നുവന്നതും, സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ താൻ എന്തുചെയ്യണം എന്ന് ആരായുന്നതും. യേശുവിനെ നമസ്ക്കരിച്ച് നല്ല ഗുരോ എന്ന് സംബോധന ചെയ്യുന്നതിലൂടെ മറ്റുള്ളവരെ ആദരിക്കുക എന്ന മര്യാദ അന്വർത്ഥമാക്കുകയാണ് ആ യുവാവ്. സാമൂഹ്യബന്ധങ്ങളെ സുദൃഢമാക്കുന്നതും ധാർമ്മിക ജീവിതത്തെ പരിപുഷ്ടിപ്പെടുത്തുന്നതുമായ കല്പനകളുടെ അനുഷ്ഠാനത്തിൽ അതീവ തൽപ്പരനായിരുന്നു എന്നതും ആ യുവാവിന്റെ മേന്മയായിരുന്നു. പക്ഷേ ഇവയൊന്നും രക്ഷാമാർഗ്ഗത്തിലേക്കുള്ള ഗമനം അനായാസമാക്കുവാൻ പര്യാപ്തമാകുന്നില്ല എന്നതാണ് സത്യം. ലൗകികധനത്തിന്റെ അടിമ ആയിരുന്നു എന്നതാണ് അവന്റെ ന്യൂനത. പരിപൂർണ്ണ സമർപ്പണത്തിനു വിഘാതമായി നിൽക്കുന്ന ധനം വിറ്റ് ദരിദ്രർക്ക് കൊടുക്കണമെന്ന കർത്തൃവചനത്തിൽ വിഷാദിച്ച് തിരികെ പോകുന്നു യൗവ്വനക്കാരൻ.

ഗരീബിഹഠാവോ അഥവാ ദാരിദ്ര്യത്തെ നിർമ്മാർജ്ജനം ചെയ്യുക എന്ന മുദ്രാവാക്യം രാഷ്ട്രങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ യേശു ആവശ്യപ്പെടുന്നു നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രന്മാർക്ക് പകുത്തുകൊടുക്കുക, എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്ക. ദിവ്യവചനം അനുസരിച്ച് ജീവിക്കുന്നവർ മറ്റുള്ളവരുടെ ആവശ്യം പരിഗണിച്ച് തങ്ങളുടേതായ സുഖസൗകര്യാദികൾ ഒഴിവാക്കും. സമ്പൂർണ്ണ സമർപ്പണത്തിലൂടെ ദൈവീകതയിലേയ്ക്ക് വളരുവാൻ വിളിക്കപ്പെട്ടിരിക്കുന്ന മനുഷ്യന് മറ്റുള്ളവരെ കരുതാതെ ക്രിസ്തുവിങ്കലേക്കുള്ള ലക്ഷ്യം സാധ്യമായി തീരുക ഇല്ല. നിത്യജീവങ്കലേയ്ക്ക് എത്തിക്കുവാൻ നമ്മെ സഹായിക്കുന്ന ഒരു കൊച്ചരുവിയാണ് അപരർക്കായി നാം ചെയ്യുന്ന സേവനം. നന്മാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ അവരെ ദൈവത്തിന്റെ പക്കലേക്ക് ആനയിച്ച് ദൈവമഹത്വം വർദ്ധിപ്പിക്കുക. താനും തന്റെ സമ്പത്തും എന്ന ഇടുങ്ങിയ ചിന്തയിലേയ്ക്ക് ആ പ്രമാണി ഒറ്റപ്പെടുന്നു. അവന്റെ അന്തർഗതങ്ങൾ അവനെ അവന്റേതായ ലോകത്തിൽ ബന്ധിക്കുന്നു. നമ്മുടെ അനുദിനജീവിതം ധന്യമായ ഒരനുഭവമാണ് എന്ന് പറയണമെങ്കിൽ നമ്മിൽ നിറഞ്ഞു നിൽക്കുന്ന ദൈവത്തെ ദർശിക്കുവാൻ സാധിക്കണം. മറ്റുള്ളവരുടെ ഉന്നമനത്തിനുവേണ്ടി നമ്മളാൽ കഴിയുന്ന പരിഹാരങ്ങൾ ചെയ്യുമ്പോൾ മാത്രമേ ആത്മീയ ജീവിതം പൂർണ്ണമാകുകയുള്ളൂ. ഒ. എൻ. വി. കുറുപ്പിന്റെ 'വിരുന്ന്' എന്ന കവിതയിൽ “എന്നുയിർ തീയിൽ

സ്വയം പൊരിഞ്ഞു ഞാനാ കുന്നിൽ മുനമ്പിലൊരു റൊട്ടി ത്തുണ്ടമായി ഭവിച്ചെങ്കിൽ" ഒരു കൊച്ചു കുഞ്ഞിന്റെ വിശപ്പ് സ്വന്തം വിശപ്പായി മാറ്റുന്ന കവി ഔദാര്യത്തിന്റെ വിളനില മാകുന്നു. സദൃ.14:2 ദരിദ്രനോട് കൃപ കാണിക്കുന്നവൻ അവനെ ബഹുമാനിക്കുന്നു. ഹൃദയത്തെ അത്യാഗ്രഹങ്ങ ളിൽ നിന്നു വിമോചിപ്പിച്ച് ദാനധർമ്മങ്ങളാൽ ലഭ്യമാകുന്ന സ്വർഗ്ഗീയ നിക്ഷേപത്തെ കരസ്ഥമാക്കുവാൻ യേശു കല്പി ക്കുന്നു. ഉപേക്ഷിക്കേണ്ടവയെ ഉപേക്ഷിച്ച് അനുതാപത്തോ ടുകൂടെ ഒരു തിരിച്ചുവരവ് സ്വന്തമാക്കുന്നവർക്ക് മാത്രമേ ക്രിസ്തുവിനെ അനുഗമിക്കുവാൻ കഴിയൂ.

**കൂദേശ് ഈത്തോ ഞായർ**
**(വി. മർക്കോസ് 8: 27-23) (02-11-2025)**

കൈസര്യാ ഫിലിപ്പി എന്ന പ്രദേശത്ത് 14 ക്ഷേത്രങ്ങ ളാൽ ചുറ്റപ്പെട്ടു കിടക്കുന്ന സ്ഥലത്ത് ക്ഷേത്രങ്ങളിലെ ദേവ ന്മാരെ നോക്കിക്കൊണ്ട് നമ്മുടെ കർത്താവ് ചോദിച്ചു ഞാൻ ആരാണെന്നു ജനം പറയുന്നു എന്ന്. "നീ ജീവനുള്ള ദൈവ ത്തിന്റെ പുത്രനായ ക്രിസ്തു" എന്നു പത്രോസ് ഏറ്റു പറ യുന്നു. "ക്രിസ്തു" എന്ന വാക്കിന്റെ അർത്ഥം അഭിഷിക്തൻ എന്നാണ്. യിസ്രായേൽ ജനം കാത്തിരുന്ന വാഗ്ദത്തമിശി ഹായാണ് യേശു എന്നു പത്രോസ് സമർത്ഥിക്കുന്നു. പെന്തി ക്കോസ്തുനാളിൽ തന്റെ പ്രസംഗത്തിൽ പത്രോസ് ഈ കാര്യം പരസ്യമായി പ്രസ്താവിച്ചു. മാനവരാശിയുടെ പാപ പരിഹാരത്തിനായി ദൈവം തുറന്ന വഴിയാണ് ക്രിസ്തു. പത്രോസ് തന്റെ ലേഖനത്തിൽ നമ്മുടെ രക്ഷിതാവായ യേശുക്രിസ്തു എന്നും ദൈവമാണ്, കർത്താവാണ് എന്നെല്ലാം സാക്ഷിക്കുന്നു. യേശു ക്രിസ്തുവിന്റെ നീതി യാൽ മുമ്പിലത്തെ **പാപങ്ങളിൽ** നിന്നും ശുദ്ധീകരണം പ്രാപിച്ചു എന്ന് പത്രോസ് പറയുന്നു. വി. പൗലോസ് എഫേ സ്യലേഖനത്തിൽ ഈ ലോകത്തിന്റെ കാലഗതി അനുസ രിച്ച് ആകാശത്തിലെ അധികാരത്തെയും അനുസരണക്കേ ടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന് അധി പതിയായവനേയും അനുസരിച്ചു നടന്നു. ദൈവം നമ്മെ സ്നേഹിച്ച് കൃപയാൽ രക്ഷപ്പെടുത്തി സ്വർഗ്ഗത്തിലാക്കിയി രിക്കുന്നു. "നീ പത്രോസ് ആകുന്നു. ഈ പാറമേൽ ഞാൻ സഭയെ പണിയും" എന്നു പറഞ്ഞു. "പഴയനിയമത്തിൽ ദൈവത്തെ പാറയായി പറഞ്ഞിരിക്കുന്നു. ആവർത്തനം 32-ാം അദ്ധ്യായത്തിൽ നമ്മെ ജനിപ്പിക്കുന്ന പാറ, രക്ഷയുടെ പാറ, ശരണം നൽകും പാറ, ശാശ്വതമായ പാറ, വീണ്ടെടുക്കുന്ന പാറ എന്നീ നിലകളിൽ ദൈവത്തെ വെളിപ്പടുത്തിയിരിക്കു ന്നു. 1 കൊരി. 10:4 ൽ പൗലോസ് പറയുന്നു. ആ പാറ ക്രിസ്തുവാകുന്നു എന്ന്. പാറയാകുന്ന പത്രോസ് 2:4 ൽ പറയുന്നു. മനുഷ്യൻ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടു ക്കൽ വന്നിട്ട് നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീക ഗൃഹമായി യേശു മുഖാന്തിരം പണിയപ്പെടുന്ന കല്ലുകളായി നമുക്ക് രൂപാന്തരപ്പെടാം.

സത്യദൈവത്തെ അല്ലാതെ ഒന്നിനെയും വിശ്വസിക്കു കയും ആരാധിക്കുകയും ചെയ്യരുത്. അന്യദൈവത്തെ ആരാ ധിക്കുന്നവർ അവന്റെ തുല്യമായ ദുഷ്ടസ്വഭാവത്തിന് അടി മയാകുന്നു. സത്യദൈവത്തെ ആരാധിക്കുന്നവർ അവന്റെ സൽഗുണങ്ങൾ ഉള്ളവരായി തീരുന്നു. ഇന്ന് ക്രിസ്തീയസ ഭയിലെ പണ്ഡിതന്മാർ ദൈവഭക്തിയുടെയും, പരിജ്ഞാന ത്തിന്റെ താഴ്മയുടെയും മാർഗ്ഗംവിട്ട് അഹങ്കാരത്തിന്റെയും ദുരഭിമാനത്തിന്റെയും വഴിയായ ദൈവവചനത്തെ കോട്ടിക്ക ളഞ്ഞ് ഈ ലോകത്തിന്റെയും സ്വയാശ്രയത്തിന്റെയും തർക്ക സൂത്രങ്ങളുടെയും വക്താക്കളായി തീർന്നിരിക്കുമ്പോൾ മഹാ ദൈവം തന്റെ ദാസന്മാരെ പരിശുദ്ധനെക്കുറിച്ചുള്ള പരി ജ്ഞാനത്തിൽ ഹൃദയം നിറഞ്ഞവരാക്കുകയാണ് ചെയ്തത്. ക്രിസ്തുവിന്റെ പ്രബോധനങ്ങൾ വിലകുറഞ്ഞ രാഷ്ട്രീയ കസർത്തുകളോ അധര വ്യായാമ മന്ത്രങ്ങളോ അല്ലായിരു ന്നു. പാവങ്ങളെക്കുറിച്ച് മുതലക്കണ്ണീർ പൊഴിക്കുന്ന പ്രസം ഗകരെ നമുക്ക് സുപരിചിതമാണ്. കാറൽ മാർക്സും Freidrich Engels ഉം ഈ രംഗത്തു ആദർശ ധീരരായിരു ന്നു.പിന്നീടുള്ളവരാരും പ്രശംസയ്ക്കു അർഹതയുള്ളവരല്ല. അവർ സാധുക്കളെ ചൂഷണം ചെയ്തു ജീവിക്കുന്നവരാണ്. അങ്ങനെയുള്ളവർക്ക് Socialism പ്രസംഗിക്കുവാൻ അർഹ തയില്ല. ക്രിസ്തു യഥാർത്ഥ സോഷ്യലിസ്റ്റ് ആയിരുന്നു. അവനെ അനുകരിക്കുവാൻ ബദ്ധപ്പെടുകയാണ്. അവർ ആ പരിശ്രമത്തിൽ പരാജയപ്പെട്ടു. സ്വാർത്ഥതയും അധികാരമോ ഹവും, നേതൃത്വത്തിനുള്ള കൊതിയും അതു കൈവശമാ ക്കുവാൻ ഏതുഹീനമാർഗ്ഗവും ഉപയോഗിക്കുവാനുള്ള തന്ത്രവും ഇരട്ടത്താപ്പു നയങ്ങളും പൊയ്മുഖങ്ങളും ഉള്ള നേതാക്കന്മാർക്ക് പലപ്പോഴും യേശുവിനെ വിട്ടു വഴിമാറി പോകേണ്ടിവരും. യേശുവിനോടൊപ്പം മുമ്പോട്ടു പോകുന്ന തിന് പ്രതിബന്ധം സൃഷ്ടിക്കുന്ന സ്വന്തം അയോഗ്യതക ളോടു യാത്രപറയേണ്ടത് അത്യാവശ്യമാണ്. എന്നാൽ നാം പലപ്പോഴും അതിനുപകരം ക്രിസ്തുവിനെ ഉപേക്ഷിച്ചു ര ക്ഷപെടുകയാണ്.

**ഹൂദോസ് ഈത്തോ ഞായർ**
**(വി. ലൂക്കോസ് 19:47-20:28) (09-11-2025)**

ദൈവത്തിന്റെ പുത്രനായി ക്രിസ്തുവിനെ അവതരിപ്പിച്ചു എങ്കിൽ ഇന്ന് സ്ത്രീയുടെ സന്തതിയായി സ്വർഗ്ഗത്തിലെ സകല മഹിമകളേയും വെടിഞ്ഞ് ദരിദ്രനായിതീർന്ന ക്രിസ്തുവിനെയത്രെ വെളിപ്പെടുത്തുന്നത്. യേശുലോക ത്തിൽ ആഗതനായത് മൗലികമായ ഉദ്ദേശങ്ങളോടെയാണ്. മനുഷ്യനെ സമഗ്രമായി ഉദ്ധരിക്കുവാനും, അവന് മഹത്വ ത്തോടെ ജീവിക്കുവാനും ഉതകുന്ന മാർഗ്ഗങ്ങളാണ് യേശു അവതരിപ്പിച്ചത്. ഈ മഹത്വം വെറും ഭൗതികമല്ല. അതേ സമയം മുഴുവനായും അദ്ധ്യാത്മികവുമല്ല. പട്ടിണിയും രോഗവും പാപവും തിരസ്ക്കരണവും, ചേരിതിരിവും ഒക്കെ അതിൽപ്പെടും. എല്ലാവരിലും ദൈവത്തിന്റെ സാദൃശ്യം ഉണ്ട്. അക്കാരണത്താൽ എല്ലാവരും ദൈവത്തിന്റെ മക്കളാണ്. സവർണ്ണനെന്നും അവർണ്ണനെന്നും ജാതിമത വ്യത്യാസം ദൈവത്തിനില്ല. ഈ വസ്തുത വ്യക്തമാക്കുന്ന സമീപനമാ യിരുന്നു യേശുക്രിസ്തുവിന്റേത്. പാപികളും ചുങ്കക്കാ രുമൊത്ത് വസിക്കുവാനും അവരൊടൊത്ത് തിന്നുവാനും കുടിക്കുവാനും അവിടുന്നു തയ്യാറായി. അതിനെതിരായ ആരോപണങ്ങൾ യേശു ഖണ്ഡിച്ചു. യേശു പ്രവാചകനും, വിപ്ലവകാരിയും സാമൂഹ്യപരിഷ്കർത്താവും രാഷ്ട്രപു നർനിർമ്മാണ ശില്പിയും വിമോചകനുമായിരുന്നു. ഈ ക്രിസ്തുവിന്റെ കർത്തൃത്വം പ്രായോഗിക ജീവിതത്തിൽ പൂർണ്ണമായും നൽകിയിട്ടുണ്ടോ എന്ന് വിശ്വാസികളായ നാം ആത്മപരിശോധന ചെയ്യേണ്ടതാണ്. അവനെ അനുകരിക്കു വാൻ ആഗ്രഹിക്കുന്നവർ അവന്റെ നിസ്തുല്യ വ്യക്തിത്വ ത്തെക്കുറിച്ച് പഠിക്കണം. എത്രനാളുകൾ പഠിച്ചാലും കൊതി തീരാത്ത വിഷയമാണ് ക്രിസ്തുവിന്റെ നിസ്തുല്യത. അവൻ നമുക്കുവേണ്ടി ദരിദ്രനായിത്തീർന്നു. അവന്റെ ജനനം മുതൽ മരണം വരെ ദരിദ്രനായിരുന്നു. ജനനം വഴിയമ്പലത്തിൽ. പിന്നീട് പശുത്തൊട്ടിലിൽ കിടത്തി. മാതാപിതാക്കൾ ദരിദ്ര രായിരുന്നു. ആട്ടിൻകുട്ടിക്കുപകരം പ്രാവിൻകുഞ്ഞുങ്ങളെ യാണ് കാഴ്ചവച്ചത് സാധാരണക്കാരിൽ സാധാരണക്കാര നായി ജീവിച്ചു. വലിയ വിദ്യാഭ്യാസം ഇല്ലായിരുന്നു എങ്കിലും

അവന്റെ പ്രസംഗങ്ങൾ വലിയതത്വങ്ങൾ ആയിരുന്നു. ജ്ഞാനികളിൽ ജ്ഞാനിയായി അവൻ പഠിപ്പിച്ചു. അവൻ പാപത്തെ വെറുത്തു. പാപിയെ സ്നേഹിച്ചു. ചുങ്കക്കാരും പാപികളും ദീനക്കാരും മുക്കുവരും അവന്റെ പുറകിൽ നിരന്നു. അവൻ അവരോടുകൂടെ ജീവിച്ചു. ക്രിസ്തുവിനു വീടില്ലായിരുന്നു. അവന്റെ ശിഷ്യന്മാർ ധനികരായിരുന്നുവെങ്കിലും എല്ലാം ഉപേക്ഷിച്ചു ക്രിസ്തുവിനെ അനുഗമിച്ചു. "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ" ഇതാണ് ശിഷ്യത്വത്തിന്റെ അർഹത. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമേ എന്റെ അടുക്കൽ വരുവീൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. അവന്റെ സന്ദേശം പോലെ തന്നെ ജീവിച്ചുകാണിച്ചു. അവൻ വിശപ്പുള്ളവരെ സമ്പന്നനാക്കുന്നവനാണ്. ആകയാൽ നമുക്കുവേണ്ടി മരിച്ച് നമ്മെ ചേർപ്പാൻ വേഗം വരാം എന്നു പറഞ്ഞ കർത്താവ് മദ്ധ്യാകാശത്തിൽ വെളിപ്പെടുവാൻ ഇനിയും അധികകാലം ഇല്ലാത്തതിനാൽ നമുക്ക് ഒരുക്കമുള്ളവരായി അവനെ എതിരേല്പാൻ ഒരുങ്ങി നിൽക്കാം. കറ, ചുളുക്കം,വാട്ടം, മാലിന്യം ഇല്ലാത്തവർക്ക് മാത്രമേ അവനോടുകൂടെ അവകാശം ലഭിക്കുകയുള്ളൂ. അതുകൊണ്ട് യേശുവിനെ കർത്താവെന്നു നീ വിളിക്കുന്നത് വാസ്തവമാണെങ്കിൽ അവൻ പറയുന്നതുപോലെ ചെയ്യണം. ക്രിസ്തുവിൽ നിന്റെ സഹോദരനോട് ഭിന്നിച്ചും അവനെ ഭിന്നിപ്പിച്ചും ഞായറാഴ്ച നീ ആരാധിക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. ആയതിനാൽ സഭയുടെ പ്രതിഷ്ഠയുടെ ഈ ദിവസം നമുക്ക് നമ്മെത്തന്നെ ദൈവത്തിനു പ്രതിഷ്ഠിക്കാം.

# ക്നാനായ മെരിറ്റ് അവാർഡ് - 2025

ക്നാനായ സമുദായത്തിലെ ഉന്നതവിജയം കൈവരിച്ച പ്രതിഭകളെ ആദരിക്കുന്ന ക്നാനായ മെരിറ്റ് അവാർഡ് 2025 ഡിസംബർ 7 ഞായറാഴ്ച ചിങ്ങവനം മോർ അപ്രേം സെമ്മിനാരിയിൽ വച്ച് നടത്തുവാൻ ക്നാനായ കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. S.S.L.C, +2 പരീക്ഷകളിൽ 80% വും, ഡിഗ്രിയ്ക്കും, പി. ജി. തലങ്ങളിലും 60% വും മറ്റ് പ്രൊഫഷണൽ മേഖലകളിൽ പ്രശസ്ത വിജയം കൈവരിച്ചവർക്കും അപേക്ഷിക്കാവുന്നതാണ്. വികാരിമാർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് കോപ്പികൾ പൂർണ്ണ മേൽവിലാസവും, മൊബൈൽ നമ്പരും, ഇടവകയുടെ പേരും രേഖപ്പെടുത്തി ചിങ്ങവനം മോർ അപ്രേം സെമ്മിനാരി ഓഫീസിൽ നൽകേണ്ടതാണ്. കലാകായിക രംഗങ്ങളിൽ മികവ് തെളിയിച്ചവർ, വിവിധ പുരസ്കാര ജേതാക്കൾ, പൊതു പരീക്ഷകളിൽ മികവു തെളിയിച്ചവർ എന്നിവരെയും ഈ പരിപാടിയിൽ പ്രത്യേകമായി ആദരിക്കുന്നതാണ്. മന്ത്രിമാർ ഉൾപ്പെടെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിലെ വിശിഷ്ഠാതിഥികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതാണ്. അപേക്ഷകൾ 2025 ഒക്ടോബർ 31 നു മുമ്പായി സമുദായ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

എന്ന്,

**റ്റി. സി. തോമസ് തോപ്പിൽ**
(സമുദായ ട്രസ്റ്റി)

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
(സമുദായ സെക്രട്ടറി)

**കൂടുതൽ വിവരങ്ങൾക്ക് കൺവീനേഴ്സ്**

**ജേക്കബ് തോമസ് മറ്റയ്ക്കാട്ട്**
9447356050

**തോമസുകുട്ടി തേവരുമുറിയിൽ**
(ക്നാനായ കമ്മിറ്റി അംഗം) 9447440266



ക്നാനായ കോൺഗ്രസ് കല്ലിശ്ശേരി മേഖലയുടെ ആഭിമുഖ്യത്തിൽ "മെഡിസിൻ ഓൺ വീൽസ്" പ്രോജക്ടിന്റെ ഭാഗമായി മേഖലയിലെ എല്ലാ ദൈവാലയങ്ങൾക്കും നൽകുന്ന മെഡിക്കൽ ഉപകരണങ്ങളുടെ വിതരണോദ്ഘാടനം തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വികാരി ഫാ.ഡോ. തോമസ് ഏബ്രഹാം മലേച്ചേരിൽ നിർവ്വഹിക്കുന്നു. ക്നാനായ കോൺഗ്രസ് കല്ലിശ്ശേരി മേഖല പ്രസിഡന്റ് ഫാ. ചിക്കു ബേബി കാരിമറ്റത്തിൽ, മേഖല സെക്രട്ടറി ബൈജുമോൻ ചാക്കോ പുലയകുന്നിൽ, മേഖല ട്രസ്റ്റി ബിനോയ് ചെട്ടിപ്പറമ്പിൽ, മേഖല വൈസ് പ്രസിഡന്റ് വിജു മുണ്ടയ്ക്കൽ, ഡോ. വിനോയ് തോമസ്, ഇടവക ട്രസ്റ്റി ജിജോ കളത്തറയിൽ, സെക്രട്ടറി തമ്പി ചുടുകാട്ടിൽ, മേഖല കമ്മിറ്റി അംഗങ്ങളായ ഷാജി ചിറേപറമ്പിൽ, റെജി കുന്നുപുറത്ത്, സുനില കയ്യാലക്കകത്ത് എന്നിവർ സമീപം.

# നാം ഇനി കരയേണ്ടതില്ല...

സീമ ഷിന്റോ, കന്നിയേൽ, റാന്നി

യെരുശലേമ്യരായ സീയോൻ നിവാസികളേ, ഇനി കരഞ്ഞുകൊണ്ടിരിക്കണ്ട, നിങ്ങളുടെ നിലവിളിയുടെ ശബ്ദത്തിങ്കൽ അവനു നിശ്ചയമായിട്ട് കരുണ തോന്നും, അതു കേൾക്കുമ്പോൾ തന്നെ അവൻ ഉത്തരം അരുളും, യെശയ്യാവ് 30:19. ജീവിതത്തിലെ പലവിധമായ പ്രശ്നങ്ങളിലും പ്രതിസന്ധികളിലും ഉഴലുന്ന ദൈവമക്കളോട് കർത്താവായ യേശു തമ്പുരാൻ കൊടുക്കുന്ന വാഗ്ദാനമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. നിങ്ങൾക്ക് കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവ് മറഞ്ഞിരിക്കു

കയില്ല. ജീവിതത്തിലുണ്ടാകുന്ന കഷ്ടതകൾ ഒന്നും തന്നെ ശാശ്വതമല്ല എന്നും എല്ലാ ഞെരുക്കങ്ങളിൽ നിന്നും നമ്മെ വിടുവിക്കുവാൻ കഴിവുള്ള കരമാണ് നമ്മുടെ കൂടെയുള്ളതെന്നും അടിവരയിട്ടുറപ്പിക്കുന്ന വാക്കുകളാണിത്.

ദൈവത്തിൽ ശരണപ്പെടുകയും ദൈവത്തെ മുറുകെ പിടിച്ച് ജീവിതപന്ഥാവിന്റെ പടികൾ കയറുകയും ചെയ്യുന്നവർക്ക് ദൈവം അനുഗ്രഹങ്ങളെ വർഷിക്കുന്നു. നീ നിലത്തു വിതയ്ക്കുന്ന വിത്തിനു മഴയും നിലത്തിലെ വിളമായ അപ്പവും ദൈവം നിനക്ക് തരും. അത് പുഷ്ടിയും സമൃദ്ധിയുമുള്ളതായിരിക്കും. യഹോവ തന്റെ ജനത്തിന്റെ മുറിവുകൾ കെട്ടുന്നു. പക്ഷി ചുറ്റിപ്പറന്നു കാക്കുന്നതുപോലെ സൈന്യങ്ങളുടെ യഹോവ യെരുശലേമിനെ കാത്തുകൊള്ളും. ജീവിതഭാരത്താൽ കരയുന്നവർക്കും ക്ലേശിക്കുന്നവർക്കും കർത്താവായ യേശു തമ്പുരാൻ തരുന്ന സന്ദേശമാണ് ഇനി നീ കരയേണ്ടതില്ല. നമ്മുടെ കണ്ണുനീരിന്റെ ആഴവും വേദനയും യഹോവ കാണുകയും നിശ്ചയമായും മറുപടി തരികയും ചെയ്യും. മത്താ. 10:29. കാശിനു രണ്ട് കുരികിൽ വിൽക്കുന്നില്ലയോ? അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവ് സമ്മതിക്കാതെ നിലത്ത് വീഴുകയില്ല. എന്നാൽ നിങ്ങളുടെ തലയിലെ രോമങ്ങളും എണ്ണപ്പെട്ടിരിക്കുന്നു. ആകയാൽ ഭയപ്പെടേണ്ട ഏറിയ കുരികിലുകളേക്കാൾ നിങ്ങൾ വിശേഷതയുള്ളവരല്ലോ. ഒരു ചെറിയ പക്ഷിയുടെ കാര്യത്തിൽപോലും ശ്രദ്ധയുള്ള നമ്മുടെ പിതാവ്, സ്വന്തം സാദൃശ്യത്തിലും, ഛായയിലും സൃഷ്ടിച്ച നമ്മുടെ കണ്ണുനീർ കാണുകയും അതിനുള്ള ഉത്തരം നമുക്ക് നൽകുകയും ചെയ്യും. ദൈവമക്കളുടെ കണ്ണുനീരിനും വിലാപത്തിനും മുന്നിൽ അവിടുന്ന് സ്വർഗ്ഗം തുറന്ന് അവരുടെ യാചന കേൾക്കുകയും മറുപടി നൽകുകയും ചെയ്യും എന്നുള്ളതിന്റെ ഉത്തമ ഉദാഹരണങ്ങൾ നമുക്ക് വി. ബൈബിളിൽ കാണുവാൻ സാധിക്കും.

1 ശമുവേൽ 1:10-17 ഹന്ന യഹോവയുടെ മന്ദിരവാതിൽക്കൽ ഇരുന്ന് മനോവ്യസനത്തോടെ യഹോവയുടെ സന്നിധിയിൽ പ്രാർത്ഥിച്ചിട്ട് കരഞ്ഞു. ഇതുകണ്ട ഏലി പുരോഹിതൻപോലും അവൾ ലഹരി ഉപയോഗിച്ച് വി. ദൈവാലയത്തിൽ വന്നിരിക്കുന്നു എന്ന് തെറ്റിദ്ധരിച്ചു. എന്നാൽ ഹന്നായുടെ കണ്ണുനീർ കണ്ട ദൈവം അവൾക്ക് ഒരു പുത്രനെ കൊടുക്കുന്നു. ഉൽപ്പത്തി പുസ്തകം 21:7 ബേർശേബ മരുഭൂമിയിൽ ഹാശാറിന്റെ നിലവിളി കേട്ട ദൈവം, തന്റെ പുത്രന്റെ മരണം എനിക്കു കാണാൻ കഴിയുകയില്ല എന്ന് പറഞ്ഞ് കുഞ്ഞിനെ ഒരു കാട്ടിൽ തണലിൽ ഇരുത്തി മാറിയിരുന്നു ഉറക്കെ നിലവിളിച്ച ആ അമ്മയുടെ കണ്ണുനീർ കണ്ട് സ്വർഗ്ഗം തുറന്നിറങ്ങിവന്ന ദൈവം മരുഭൂമിയിൽ അവർക്കുവേണ്ടി മാത്രം ഒരു നീരുറവ തുറന്നു കൊടുത്ത ദൈവം നമ്മുടെ ജീവിതത്തിലെ മരുഭൂമി തുല്യമായ അവസ്ഥകളിൽ നീരുറവകൾ ഒഴുകി തുടങ്ങുമെന്ന നമ്മുടെ വിശ്വാസം ഊട്ടിയുറപ്പിക്കുന്നു.

നമ്മുടെ കണ്ണീരിൻമേൽ കാവൽ നിൽക്കുന്നവനാണ് നമ്മുടെ ദൈവം. 2. രാജാക്കന്മാർ 20:5 ഹിസ്ക്കിയാവ് മരിച്ചുപോകുമെന്ന് യെശയ്യാപ്രവാചകൻ വെളിപ്പെടുത്തിയപ്പോൾ ഹിസ്കിയാവ് മുഖം ചുവരിന്റെ നേരെ തിരിച്ച് യഹോവയോട് പ്രാർത്ഥിച്ച് കരഞ്ഞു. അതിനു യഹോവയുടെ ഉത്തരം ഇപ്രകാരമായിരുന്നു. “ഞാൻ നിന്റെ പ്രാർത്ഥന കേട്ടു നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു. ഞാൻ നിന്നെ സൗഖ്യമാക്കും.” അങ്ങനെ ഹിസ്കിയാവിന്റെ ആയുസ്സിന്റെ കൂടെ 15 സംവത്സരങ്ങൾ കൂടുതൽ കിട്ടി. കരയുന്ന കണ്ണുകളെ തുടപ്പിക്കുന്ന ദൈവം ആ പ്രാർത്ഥനയ്ക്ക് മറുപടി നൽകി. മാർത്തയും മറിയയും തന്റെ സഹോദരൻ ലാസറിന്റെ മരണശേഷം കർത്താവ് തമ്പുരാന്റെ മുന്നിൽ കണ്ണീർ വാർത്തു. മരിച്ച് നാലു ദിവസം കഴിഞ്ഞ ലാസർ ജീവനോടെ പുറത്ത് വന്നത് ആ കണ്ണുനീരിന് യഹോവ കൊടുത്ത ഉത്തരമാണ്. സങ്കീ.34:18 നാം ഇങ്ങനെ വായിക്കുന്നു. The Lord is near to the brokenhearted and Saves those who are Crushed in spirit". യഹോവ ഹൃദയം നുറുങ്ങിയവർക്ക് സമീപസ്ഥനാണ്. മനസ്സ് തകർന്നവരെ അവിടുന്ന് രക്ഷിക്കുന്നു. അതുകൊണ്ട് ഹൃദയ നുറുക്കത്തോടെ യഹോവയെ വിളിച്ചപേക്ഷിക്കുന്നവരെ അവിടുന്ന് രക്ഷിക്കുകതന്നെ ചെയ്യും. തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തെ അവിടുന്ന് തള്ളിക്കളയുകയില്ല. അതുകൊണ്ട് കണ്ണുനീർ തുടച്ച് പ്രത്യാശയോടെ മുന്നോട്ട് നമുക്ക് ജീവിക്കാം. യഹോവയിൽ പ്രത്യാശ വയ്ക്കുക ധൈര്യമായിരിക്കുക. ●

# കുമ്പസാരം അനിവാര്യമോ?

കൊച്ചുമോൻ, പള്ളിക്കപ്പറമ്പിൽ, ചിങ്ങവനം

സമീപകാലത്ത് ദിനപത്രങ്ങളിലും, യുട്യൂബിലും ക്രിസ്തീയ സഭയിലെ പുരോഹിതർ സാത്താന്റെ ആത്മാക്കൾക്ക് അടിമയായി ചില സ്ത്രീകളുടെ കുമ്പസാരത്തിലെ രഹസ്യങ്ങൾ പരസ്യപ്പെടുത്തുമെന്ന് അവരെ ഭീഷണിപ്പെടുത്തി തങ്ങളുടെ ഇഷ്ടത്തിന് പ്രേരിപ്പിച്ച് ലൈംഗിക പീഡനത്തിനിരയാക്കിയ സംഭവങ്ങൾ, അതുപോലെ കന്യാസ്ത്രീ അഭയയുടെ അകാല മരണവും, കന്യാസ്ത്രീകളെ പീഡിപ്പിച്ചപോലെ മറ്റും കേൾക്കാനും ഇടയായ സാഹചര്യത്തിൽ, കുമ്പസാരം അനിവാര്യമെന്നുള്ളതിന് വേദശാസ്ത്രപഠനമാണ് നമ്മുടെ ഇന്നത്തെ ചിന്താവിഷയം.

ദൈവവരപ്രസാദത്തിന് ശുദ്ധീകരണം ആവശ്യമാണ് (സംഖ്യ 11:18.). അയോഗ്യമായി അപ്പംതിന്നുകയോ, കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവരെല്ലാം അത് നിമിത്തം കുറ്റക്കാരാകുന്നു. വിവേചിച്ച് തിരുശരീരത്തെ പ്രാപിക്കാത്ത പലരും രോഗികളും, ബലഹീനരും ആയിത്തീരുന്നു 1.കൊരി 11:27. ഇപ്രകാരം വി. കുർബ്ബാന പ്രാപിക്കുന്നവർ ശിക്ഷാർഹരാകുമെന്ന വചനം കുമ്പസാരം കൂടാതെയുള്ള വി. കുർബ്ബാന അനുഭവത്തിനു പലർക്കും കുറ്റബോധം ഉളവാക്കും. എന്നാൽ സിറിയൻ സഭയിൽ കുമ്പസാരത്തിനു പകരമാണ് ഹൂസൊയൊ പ്രാർത്ഥന നടപ്പാക്കിയിരുന്നത്. പുരോഹിതൻ യാഗ വസ്തുവിന്റെമേൽ കൈവച്ച് പ്രാർത്ഥിക്കണം. (ലേവ്യ. 4:15) എന്ന് ഒന്നാം ഉടമ്പടിയുടെ അനുകരണം രണ്ടാം ഉടമ്പടിയിൽ ശുദ്ധീകരണത്തിന് ഏർപ്പാട് ആക്കി. നമ്മുടെ പാപബോധവും, നോമ്പും, ഉപവാസവും ഇതിനൊപ്പം നമ്മുടെ ശുദ്ധീകരണത്തിന് മതിയായിരുന്നു. എങ്കിലും കത്തോലിക്കാസഭയാണ് നമ്മുടെ പാപങ്ങളുടെ പട്ടിക പുരോഹിതനോട് ഏറ്റുപറയുന്ന കുമ്പസാരം ഏർപ്പെടുത്തിയത്. പിന്നീട് സിറിയൻ സഭയിലും റോമൻ സഭയിലും ഇതിനെ അനുകരിച്ച് നടപ്പിലാക്കി. എന്നാൽ ആദിമ സഭയിൽ അന്യോന്യം പാപങ്ങൾ ഏറ്റ് പറഞ്ഞ് ഒരുവനുവേണ്ടി മറ്റൊരുവൻ പ്രാർത്ഥന നടത്തിയ ശേഷം വി. കുർബ്ബാന അനുഭവിച്ചിരുന്നു (യാക്കോബ്.5:16). പിന്നീട് തങ്ങളുടെ പാപങ്ങൾ പുറത്തറിയപ്പെടുകയും തന്മൂലം പലരും ചൂഷണത്തിനു ഇരയായതിനാൽ ഹൂസൊയോ കൂദാശ നടപ്പിലാക്കി. അതിനായി വരുന്ന നാം അതിനുള്ള ഒരുക്കമായ നോമ്പും, പാപാനുതാപപ്രാർത്ഥനകളും, ഉപവാസവും എല്ലാം നടത്തി ഒരുക്ക ത്തോടെ വരുന്നത്. നമ്മുടെ ഹൂസൊയോ പ്രാർത്ഥന സമയത്ത് വിശ്വാസികളായ നാം നമ്മുടെ പാപങ്ങൾ മനസ്സിൽ സ്വയം ദൈവത്തോട് ഏറ്റു പറയുകയും അതിനെ ദൈവം ക്ഷമിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. സർവ്വജ്ഞനായ ദൈവം നമ്മുടെ തലയിലെ ഒരു രോമംപോലും പൊഴിയുന്നതറിയുന്നവനാണ്. നാഥാനിയേലിനെ ആദ്യം കണ്ട യേശു ഞാൻ നിന്നെ അത്തിയുടെ വൃക്ഷച്ചുവട്ടിൽ ഇരിക്കുമ്പോൾ മുതൽ അറിഞ്ഞിരുന്നു (യോഹ.1:48). ശമര്യ സ്ത്രീയോട് നിനക്ക് അഞ്ച് ഭർത്താക്കന്മാർ ഉണ്ടായിരുന്ന രഹസ്യവും (യോഹ.4:18). എല്ലാം അറിയുന്ന ദൈവത്തിന് നമ്മുടെ പാപങ്ങൾ പുരോഹിതന്മാർ പരിഭാഷപ്പെടുത്തേണ്ട ആവശ്യമില്ല. പിന്നെ നമ്മുടെ ശുദ്ധീകരണത്തിനു കുറച്ചുകൂടെ മേന്മ അവകാശപ്പെടാം എന്നു മാത്രം. അതിനാൽ ഇപ്പോഴത്തെ നമ്മുടെ സാഹചര്യത്തിൽ വ്യാജപുരോഹിതരെ നമുക്കുറപ്പിക്കുവാൻ പ്രയാസമായതിനാൽ 'ഹൂസൊയൊ' പ്രാർത്ഥന ശുദ്ധീകരണത്തിന് പരിഗണിക്കാവുന്നതാണ്. എല്ലാം അറിയുന്ന ദൈവം നമ്മുടെ പാപം ക്ഷമിച്ച് നമ്മോടു കരുണയുള്ളവനായിരിക്കും.

ഒന്നാം ഉടമ്പടി ദൈവം മോശ മുഖാന്തരം സ്ഥാപിച്ചു. അതിൽ അഹറോന്റെ ക്രമപ്രകാരം ലേവി ഗോത്ര പുരോഹിതന്മാർ ബലികർമ്മങ്ങൾ നടത്തിയിരുന്നു. അന്ന് പാപമോചനത്തിനുള്ള ബലിവസ്തുക്കൾ ധാന്യങ്ങളും, കുറുപ്രാവുകളും, കോലാടും, പശുക്കിടാങ്ങളും, കാളയുടെയും മറ്റും രക്തബലിയായിരുന്നു. ക്രമേണ പുരോഹിതരുടെ ദ്രവ്യാഗ്രഹം വർദ്ധിച്ച് അതിന്റെ ഉദ്ദേശശുദ്ധിയിൽ മായം കലർത്തി ബലിവസ്തുക്കൾക്ക് ഭീമമായതുക ഈടാക്കുകയും, പാവപ്പെട്ടവർ കൊണ്ടുവരുന്ന ബലിമൃഗങ്ങൾക്ക് പുള്ളിയു, പാണ്ടും, പല കുറവുകളും ഉള്ളതാണെന്നും കുറ്റപ്പെടുത്തി നിങ്ങൾക്ക് നല്ലത് തരാമെന്നും പറഞ്ഞ് ഉയർന്നവില പാവപ്പെട്ട ആളുകളോടു വാങ്ങിച്ചു. തന്റെ ആരാധനാലയം കൊള്ളവ്യാപാര സ്ഥലമാക്കിയ യഹൂദ സഭയുടെ പ്രധാന നടത്തിപ്പുകാരായ സപ്രേന്മാരോടും, പ്രീശേന്മാരോടും യേശു കോപിതനായി അവരെ ശാസിച്ച് ഇപ്രകാരം അരുളി. നിങ്ങൾ പിശാച് എന്ന പിതാവിന്റെ മക്കൾ, സർപ്പസന്തതികളെ നിങ്ങൾ കൊതുകിനെ അരിക്കുകയും, ഒട്ടകത്തെ വിഴു



ങ്ങുന്നവരും ആകുന്നു. നിങ്ങളുടെ ഹൃദയം വെള്ള തേച്ച ശവക്കല്ലറയ്ക്കു തുല്യമാണ്. അത് പുറമെ വെളുത്തതും അതിനകത്തു ചീഞ്ഞശവവുംപോലെ നാറുന്ന കഠിന മനസ്സുള്ളവരാമെന്നുള്ള സത്യം വിളിച്ചുപറഞ്ഞതിനാൽ അവർ യേശുവിനെ ക്രൂശിൽ തറച്ചുകൊന്നു.

ഇത് മുമ്പെ അറിയാമായിരുന്ന യേശു തന്റെ മരണത്തിനുമുമ്പ് ഒന്നാം ഉടമ്പടി മാറ്റി, രണ്ടാം ഉടമ്പടിയായി തന്റെ ശരീരവും രക്തവും അപ്പവീഞ്ഞുകളായി ക്രമീകരിച്ച് മൽക്കിസദേക്കിന്റെ ക്രമ പ്രകാരമുള്ള ബലി സ്ഥാപിച്ചു. അതിലൂടെ ഏക മദ്ധ്യസ്ഥനായിത്തീർന്നു (1. തീമോ 2:5) ഒന്നാം ഉടമ്പടിയിൽ ബലി വസ്തുക്കൾ പലതായിരുന്നതു മാറ്റി, ബലി കാർമ്മികരായിരുന്ന ലേവിഗോത്ര പുരോഹിതരെ മാറ്റി, സാധാരണ മനുഷ്യരിൽ അഹറോനെപ്പോലെ ദൈവം തിരഞ്ഞെടുക്കുന്ന സാധാരണജനങ്ങളിൽനിന്നും പുരോഹിതരെ ഏർപ്പാടാക്കി (എബ്രാ. 5:1). ഇതാണ് ദൈവത്തിന്റെ രണ്ടാം ഉടമ്പടി. ഈ ഉടമ്പടിയുടെ പ്രത്യേകത ദൈവം തന്റെ ന്യായപ്രമാണം നമ്മുടെ ഹൃദയങ്ങളിൽ എഴുതും, ഞാൻ അവർക്കു ദൈവവും, അവർ എനിക്കു ജനവും ആയിരിക്കും. ഞാൻ അവരുടെ അകൃത്യങ്ങളിൽ കരുണയുള്ളവൻ ആകും അവരുടെ പാപങ്ങൾ ഇനി ഓർക്കുകയില്ലെന്നു കർത്താവ് അരുളി ചെയ്യുന്നു (എബ്രാ 8:10). ഇതാണ് രണ്ടാം ഉടമ്പടി

നമ്മുടെ പാപങ്ങളെപ്പറ്റി നമുക്കുണ്ടായിരിക്കേണ്ട അനുതാപമാണ് കുമ്പസാരത്തെക്കാൾ വലിയത്. ബലിയിലല്ല കരുണയിലാണ് ദൈവം പ്രസാദിക്കുന്നത്. ഇതാണ് പുതിയ നിയമത്തിൽ യേശുവിന്റെ രണ്ടാം ഉടമ്പടി അല്ലെങ്കിൽ വി. കുർബ്ബാന. അതിനാൽ നാം ശരിയായ അനുതാപത്തോടെ നമ്മുടെ പാപം നമ്മുടെ മനസിൽ ഏറ്റുപറയുമ്പോൾ തന്നെ ക്ഷമിക്കുന്ന ദൈവം ഒരു പിതാവിന് മക്കളോടു കരുണ തോന്നുന്ന പ്രകാരം ആണിത്. ഇതിനുള്ള തെളിവാണ് മഗ്ദലന മറിയവും, ചുങ്കക്കാരൻ സഖായിയും, തന്നെ തള്ളിപ്പറഞ്ഞ പത്രോസും, തന്നോടൊപ്പം ക്രൂശിക്കപ്പെട്ട കള്ളന്റെ അനുതാപവും.

നമ്മുടെ സഭയുടെ ഏഴ് കൂദാശകളിൽ ഒന്നാണല്ലോ വി. കുമ്പസാരം. അത് 40 ദിവസത്തിൽ ഒരിക്കല്ലെങ്കിലും മൂന്ന് ദിവസം നോമ്പ് ആചരിച്ചും അനുതാപ മസുമുറകൾ ചൊല്ലി അനുതപിച്ചും ഒരു സത്യകുമ്പസാരം നടത്തണമെന്നതാണ് സുറിയാനി സഭയുടെ വിശ്വാസം. നമ്മിൽ ഉണ്ടായ കുറ്റബോധം തോന്നുന്ന പ്രധാന പാപം പുരോഹിതനെ ബോധ്യപ്പെടുത്തിയുള്ള കുമ്പസാരമാണ് സത്യ കുമ്പസാരം. എന്നാൽ ഹൂസൊയോ (പുരോഹിതന്റെ കൈ നമ്മുടെ തലയിൽ വച്ചുള്ള പ്രാർത്ഥന) ശുദ്ധീകരണത്തിനു ആറു മണിക്കൂർ ഉപവാസം മതിയാകും. സിറിയൻ സഭയുടെ പൈതൃകം പാലിക്കേണ്ട നാം വി.സഭയുടെ കല്പന പ്രകാരം നാല്പതുനാളിൽ ഒരു സത്യകുമ്പസാരം അവരവരുടെ താല്പര്യവും, ഹിതവും അനുസരിച്ച പുരോഹിതനെ സമീപിച്ച് നടത്തേണ്ടതാണ്.

പട്ടക്കാർ എങ്ങനെ ആയിരിക്കണമെന്നതിനെക്കുറിച്ച് വചനം പറയുന്നത് (തീത്തോസ്. 1:6) ചിന്തിക്കാം. പുരോഹിതൻ സ്വർഗ്ഗത്തെക്കാൾ ഉന്നതനായി തീർന്നവനും, ദൈവത്തിന്റെ അഭിഷിക്തനും, ഗ്രഹവിചാരകനും ആകയാൽ പവിത്രനും, നിർമ്മലനും, നിർദോഷകനും ആയിരിക്കണം. കോപിയും, തന്നിഷ്ടക്കാരനും, തല്ലുകാരനും, മദ്യപ്രിയനും, ദുർമോഹിയും അരുത്. ഈ കാരണങ്ങളാലും, ദൈവത്തിന്റെ യാഗങ്ങൾ അർപ്പിക്കപ്പെട്ട അനുഗ്രഹങ്ങൾ വർഷിക്കപ്പെടേണ്ട കരങ്ങൾ മഹത്വമേറിയവ ആയിരിക്കുന്നതുകൊണ്ടാണ് ജനങ്ങൾ അതു ചുംബിക്കുന്നത് എന്ന ബോധം ധരിക്കേണ്ടവരാണ്. അതിനാൽ പുരോഹിതൻ അധികം തിന്മയായത് പ്രവർത്തിക്കാതെ ജീവിക്കേണ്ട ഉത്തരവാദിത്വം ഉള്ളവരായി ജീവിക്കണം. അതിനാൽ അവർ മിസ്രയിമിലെ മന്ത്രിയായിരുന്ന ജോസഫ് പൊത്തിഫോറിന്റെ ഭാര്യയുടെ കാമാസക്തിയുടെ പരീക്ഷണത്തിൽ വീഴാതെ ഓടിമാറിയപോലെ സ്വർഗ്ഗരാജ്യം നിമിത്തം സ്വയം പാപങ്ങളിൽ നിന്ന് അകന്ന് ജീവിക്കേണ്ടവരും ആകുന്നു..

പട്ടക്കാർ ഭൂമിക്കടുത്തവരെ സ്വർഗ്ഗത്തിനടുത്തവരും മൃഗസ്വഭാവമുള്ളവരെ ദൈവസ്വഭാവമുള്ളവരാക്കിത്തീർക്കേണ്ട വഴികാട്ടികളും, ആടുകളുടെ നല്ല ഇടയനും ആയ സ്ഥാനപതികളും, തന്റെ സഭയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന വിശുദ്ധകൂദാശകളെ അർപ്പിക്കേണ്ടവരും ആകുന്നു. ഒരുത്തനും സ്വമേധയാ തനിക്കായിട്ട് ഈ സ്ഥാനത്തെ പ്രാപിക്കുവാൻ കഴിയുന്നതും അല്ല. ദൈവത്തിന്റെ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവരും, മിശിഹായാൽ നിന്നുള്ള കൈവയ്പ്പ് പ്രാപിച്ചവരും ആകുന്നു. യോഹ 20:22, അപ്പോ. 8:17 ഇതു വെളിപ്പെടുത്തുന്നു.

പട്ടക്കാർ അയോഗ്യരായിരുന്നാലും, അവരാൽ അർപ്പിക്കുന്ന കൂദാശകൾക്കുള്ള ഫലത്തെക്കുറിച്ച് സംശയിക്കുകയോ, അവയിൽ സംബന്ധിക്കാതിരിക്കുകയോ ചെയ്യുവാൻ ഒരുത്തനും ന്യായമില്ല. ശുദ്ധമുള്ള അഭിഷേകം അവരിൽ ഉള്ളതുകൊണ്ടും, കൂദാശകൾ മിശിഹായുടെ നാമത്തിൽ നടത്തപ്പെടുകകൊണ്ടും അവയുടെ ഫലം അവ അർപ്പിക്കപ്പെട്ട പുരോഹിതന്റെ നീതിയിൽ അല്ലായ്കയാൽ സത്യവിശ്വാസത്തിൽ അവയിൽ സംബന്ധിക്കുന്ന ഏവനും അതിന്റെ ഫലം ലഭിക്കുകയും ചെയ്യുന്നു.

●

## ശുഭചിന്തകൾ

**നമ്മളിൽ നിന്ന് ഒരു പുഞ്ചിരി എങ്കിലും പ്രതീക്ഷിക്കുന്നവരെ ബഹുമാനിക്കുക തന്നെ വേണം. എന്നാൽ നമ്മളിൽ നിന്ന് ഒന്നും പ്രതീക്ഷിക്കാത്ത വ്യക്തിയെ, നമ്മുടെ പ്രവർത്തി കൊണ്ട് അത്ഭുതപ്പെടുത്തുകയാണ് വേണ്ടത്.**

**"The way you start your day can affect your whole day. Begin it with a smile, calmness of mind, and a heart filled with gratitude."**

**"Night is the wonderful opportunity to take rest, to forgive, to smile, to get ready for all the battles that you have to fight tomorrow"**




കഴുതക്കാരൻ കഴുതയെയും കൊണ്ട് ചന്തയിൽ നിന്നു മടങ്ങുകയായിരുന്നു. കഴുതപ്പുറത്ത് ഭാരമൊന്നും ഉണ്ടായിരുന്നില്ല. അയാൾ അതിനെ വെറുതെ നടക്കാൻ വിട്ടു. അയാളും നടന്നു.

കുറച്ചു കഴിഞ്ഞപ്പോൾ, തെളിച്ച വഴിയേ പോകാതെ കഴുത ഓടിക്കളഞ്ഞു. ഓടിയോടി അത് ഒരു പാറയിടുക്കിന്റെ വക്കത്താണ് എത്തിയത്.

തന്റെ കഴുതയല്ലേ? ഉപേക്ഷിക്കാൻ പറ്റുമോ? കഴുതക്കാരനും പുറകെ ഓടിയെത്തി. 'ഇതാ, ഇപ്പോൾ വീഴും പാറക്കെട്ടിലേയ്ക്ക്' എന്ന മട്ടിൽ നിൽക്കുകയായിരുന്ന കഴുതയുടെ വാലിൽ പിടിച്ച് അയാൾ ശക്തിയായി വലിച്ചു.

'ഇനിയും എന്നെ അടിമവേല ചെയ്യിക്കാനല്ലേ ഈ മനുഷ്യൻ പിടിച്ചു വലിക്കുന്നത്?' എന്നായിരുന്നു കഴുതയുടെ ചിന്ത. അതിനാൽ അത് മുന്നോട്ടേയ്ക്കു കൂടുതൽ ശക്തി പ്രയോഗിച്ചു.

'ഒരു കഴുതയ്ക്കുവേണ്ടി സ്വന്തം ജീവൻ കളയുന്നതെന്തിന്?' എന്ന ചിന്തയായി പിന്നീട് കഴുതക്കാരന്. അയാൾ അതിന്റെ വാലിൽ നിന്നു പിടി വിട്ടു കൊണ്ട് പറഞ്ഞു.

'സ്വയം യജമാനനാകാൻ നീ അത്രമേൽ മോഹിക്കുന്നുവെങ്കിൽ നിന്റെ വിധിയെ തടുക്കാൻ എന്നെക്കൊണ്ടു കഴിയുമോ?'

***ധിക്കാരിയായ ഒരാൾ സ്വന്തം നാശത്തിലേക്കുള്ള വഴി ഒരുക്കുന്നു.***

**Answers for the month of September**

1. Amoz
2. Uzziah
3. Jesus Christ
4. "The lord is salvation"
5. Salvation and God's judgment
6. 66
7. Judeans
8. 2
9. Arrogance
10. Repentance

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**യോവേൽ**

1. യോവേലിന്റെ പിതാവിന്റെ പേരെന്ത്?
2. വിധിയുടെ താഴ്‌വരയിൽ അസംഖ്യം സമൂഹങ്ങളെ കണ്ടതാര്?
3. വെട്ടുക്കിളി ശേഷിപ്പിച്ചതു തിന്നതെന്ത്?
4. യൗവ്വനത്തിലെ ഭർത്താവിനെച്ചൊല്ലി പട്ടുടുത്തിരിക്കുന്ന ആരെപ്പോലെ വിലപിപ്പാനാണ് യോവേൽ പ്രവാചകൻ പറയുന്നത്?
5. യഹോവയുടെ ആലയത്തിൽനിന്നു അറ്റുപോയിരിക്കുന്നതെന്ത്?
6. ദുഃഖിക്കുന്ന, യഹോവയുടെ ശുശ്രൂഷകന്മാർ ആരാണ്?
7. "ആ ദിവസം അയ്യോ കഷ്ടം! യഹോവയുടെ ദിവസം അടുത്തിരിക്കുന്നു. അതു സർവ്വശക്തന്റെ പക്കൽനിന്നു സംഹാരംപോലെ വരുന്നു" ഏതു ദിവസം?
8. നമ്മുടെ കണ്ണിന്റെ മുമ്പിൽ നിന്നു അറ്റുപോയതെന്ത്?
9. വിത്ത് എവിടെ കിടന്നാണ് കെട്ടുപോകുന്നത്?
10. ബലമുള്ള ജാതിയുടെ മുമ്പിൽ ഇരുണ്ടുപോയതെന്തെല്ലാം?

**സെപ്റ്റംബർ മാസത്തിലെ ഉത്തരങ്ങൾ**
**ഹോശെയ്യാ**

1. ബെയേരി (1:1)
2. യിസ്രായേലിന്റെ (2:6)
3. കരുവേലകം, പുന്ന, ആൽ (4:13)
4. എഫ്രയിം (5:9)
5. ഗിലയാദ് (6:8)
6. ശമര്യയുടെ (8:5)
7. യിസ്രായേലിനെ
8. യാക്കോബ് (12:3)
9. ഹോശേയ(11:9)
10. ആഖോർ താഴ്‌വര

**Bible Quiz (English) For Children**
**October (Isaiah)**

1. Who was the Father of Isaiah?
2. In Which Chapter of Isaiah is the famous prophecy of the "Suffering Servant" Found?
3. Which king saw the Lord "high and lifted up" in Isaiah's vision in the temple?
4. According to Isaiah 7:14, what sign would the Lord give to the house of David?
5. Which nation is called "God's instrument" to punish Judah in Isaiah's prophecy?
6. What is the meaning of Isaiah's name?
7. What did Isaiah do for 3 years as a sign to king Hezekiah?
8. What does Isaiah 53:6 compare humans to?
9. What is the final word in the book of Isaiah?
10. Isaiah Foretold the coming of the-?
11. To whom did Isaiah prophesied?



Mindu
The Migration Agent
AUSTRALIA
MINDU
THE MIGRATION AGENT
OUR SERVICES
ALL KIND OF VISA APPLICATIONS
GENERAL SKILL MIGRATIONS/ SKILL ASSESSMENT
UNIVERSITY ADMISSIONS/ STUDENT VISA
OSCE TRAINING
AHPRA REGISTRATION
REGISTERED MIGRATION CONSULTANT MARN 2318137
CONTACT US
AUSTRALIA: +61 87333 3322 1300 080 322
UAE: +97142657849
KERALA: +919995398752 +919995391452
www.themaraagent.com


Advt -O


ക്നാനായദീപം മൊബൈൽ ആപ്പിൽ
പരസ്യങ്ങൾ ചെയ്യുന്നതിന് അവസരമുണ്ട്.
ക്നാനായ ദീപത്തിലേയ്ക്കുള്ള പരസ്യങ്ങളും,
മാറ്ററുകളും ഓൺലൈൻ ആയി അയയ്ക്കാവുന്നതാണ്.
E-mail: kna.deepam@gmail.com,
Whats App No. 8547584440
പരസ്യചാർജ്ജുകളും, വരിസംഖ്യയും ഓൺലൈനായി
ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാവുന്നതാണ്.
മൊബൈൽ ആപ്പ്
പരസ്യ ചാർജ്
Full page
ഒരു വർഷം -15000/-
രണ്ടു വർഷം -25000/-
Half page
ഒരു വർഷം -10000/-
രണ്ടു വർഷം -17500/-
Bank Details
A/c No: 57004254154
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam,
IFSC SBIN0070128
M/S Knanaya Deepam
A/c No: 12990200001178
Federal Bank,
Chingavanam
IFSC FDRL0001299
E-mail: kna.deepam@gmail.com,
Whats App No. 8547584440
Contact : ഫാ. ജേക്കബ് കല്ലുകുളം,
മാനേജിംഗ് എഡിറ്റർ
9447563240, 8547584440


CLEMIS
OFFSET PRESS
Chingavanam
0481-2430176
നമ്മുടെ സമുദായത്തിലെ പള്ളികളുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും അച്ചടി ജോലികൾ (കളർ, ബ്ലായ്ക്ക് & വൈറ്റ്) നൽകി സമുദായത്തിന്റെ ഔദ്യോഗിക പ്രസ്സ് ആയ ക്ലീമ്മീസ് പ്രസ്സിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുക
(കളർ, ബ്ലാക്ക് & വൈറ്റ്)
നോട്ടീസുകൾ,
ബ്രോഷറുകൾ,
സപ്ലിമെന്റുകൾ,
പ്രാർത്ഥനാ പുസ്തകങ്ങൾ
മാനേജർ
ക്ലീമ്മീസ് പ്രസ്സ്
ക്ലീമ്മീസ് സെന്റർ,
ചിങ്ങവനം
Ph: 9605250791


First Death Anniversary
KK Kurian (Raju)
Thyparampil
Veliyanadu / Kurichy
Advt -O


2 – ാം ചരമവാർഷികം
15 – 11 – 2025
കെ. യു ജേക്കബ്
കുന്നുതറയിൽ, ചിങ്ങവനം
"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"
സന്തപ്ത കുടുംബാംഗങ്ങൾ
Advt -O


8 – ാം ചരമവാർഷികം
19 – 10 – 2025
പി. സി. പുന്നൂസ് (പാപ്പച്ചൻ)
വളയനാട്ട്, അങ്ങാടി, റാന്നി
"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"
സന്തപ്ത കുടുംബാംഗങ്ങൾ
Advt -S

# 1st Death Anniversary

## 12th October 2025



# CHINNAMMA JOSE

## PAZHAYAPEEDIKAYIL

Peroorkada, Thiruvananthapuram

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമൈ"
- സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 32nd Death Anniversary

03-11-2025



# Rev. Fr. P.K. Kuriakose

**Mundaplackal, Edakkulam, Ranni**

"ആചാര്യേശാ മ്ശീഹാ കൂദാശകളർപ്പിച്ചോ–
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

## 19th Death Anniversary

06-11-2025



# P.K.Abraham (Avarachan)

**Mundaplackal, Vadasserikara**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 1st Death Anniversary

04-10-2025



# SAJU MATHEW

**Thundichirayil, Kizhakkumbhagam, Niranam**

**"You will live forever in our hearts"**

By Sorrowing Family

Advt - O

## 15-ാം ചരമവാർഷികം

21-10-2025



# രാജു തോമസ്

**വട്ടത്തകിടിയിൽ, ചിങ്ങവനം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

**19 – ാം ചരമവാർഷികം**
25 – 10 – 2025

**8 – ാം ചരമവാർഷികം**
22 – 08 – 2025





## ചെറിയാൻ ഉതുപ്പാൻ തങ്കമ്മ ഉതുപ്പാൻ

**ഊരാക്കമണ്ണിൽ, ഇരവിപേരൂർ**

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

**1 – ാം ചരമവാർഷികം**
31 – 10 – 2025



## മറിയാമ്മ ഏബ്രഹാം

**വാളംപറമ്പിൽ, മഴുക്കീർ**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S



**33 – ാം ചരമവാർഷികം**
26 – 10 – 2025

## ശോശാമ്മ ഏബ്രഹാം

**പള്ളിയമ്പിൽ**
**പടിഞ്ഞാറ്റോതറ**
**തിരുവല്ല**

**പോബ്സ് ഗ്രൂപ്പ്**

Advt -S

## 2 – ാം ചരമവാർഷികം

29 – 10 – 2025



Advt -S

### ഏബ്രഹാം മാത്യു (തമ്പി)

മുക്കടയിൽ, കുറ്റൂർ, തിരുവല്ല

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

08 – 11 – 2025



Advt -O

### അമ്മിണി സ്റ്റീഫൻ

കുറ്റിയിൽ, ആനപ്രമ്പാൽ

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

**സന്തപ്ത കുടുംബാംഗങ്ങൾ**

## 17th Death Anniversary

28-10-2025



Advt -S

### Biju Joseph

Chirayilpeedikayil, Bangalore
(Jose villa, Puthanangadi, Kottayam)

By Sorrowing family

## 9 – ാം ചരമവാർഷികം

26 – 10 – 2025



Advt - S

### K.M. Thomas (Aniyan)

Kalatharayil, Thiruvanvandoor

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

25 – ാം
ചരമവാർഷികം
മരണം: 10 – 10 – 2000

26 – ാം
ചരമവാർഷികം
മരണം: 16 – 01 – 1999



Advt -R

**പുന്നൻ ഫിലിപ്പോസ് ചിന്നമ്മ ഫിലിപ്പോസ്**

ആനിക്കലായ പുത്തൻപറമ്പിൽ,
വാകത്താനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

## 1st Birthday in Heaven

18 – 10 – 2025



Advt - O

## JOSEPH ELVIS

**Nellickal House, Vallamkulam**

*"It's been a year since you left us but not a day goes by that you are not in our hearts. Miss you always"*

With love & Hope
Binu Elvis, Lesly, Lifin & Hanok, Leen.

40 – ാം ചരമദിനം
10- 10 -2025



Advt -O

## ഓമന ജയിംസ്

**പുത്തൻപുരക്കൽ, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

3 – ാം ചരമവാർഷികം
05 – 11 – 2025



Advt -G

## പെണ്ണമ്മ കുറിയാക്കോസ്

**കണ്ണകേരിൽ, കുറിച്ചി**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

# പ്രവാചകന്മാർ ആധുനിക യുഗത്തിൽ

ഉണ്ണി ഏബ്രഹാം, കൊറ്റുചാലിൽ, ഇരവിപേരൂർ

ഇന്ന് ക്രിസ്തീയ ലോകത്തിൽ ഏറ്റവും അധികം തെറ്റിദ്ധരിക്കപ്പെടുന്നതും, കബളിപ്പിക്കപ്പെടുന്നതുമായ ഒന്നാണ് 'പ്രവചനമെന്നത്. ഇത് ചില നൂതന പ്രസ്ഥാനങ്ങളുടെ കുത്തക സ്വത്തായി പരിണമിച്ചിരിക്കുന്നു. നാളെ എന്തു സംഭവിക്കുമെന്നറിയാവുന്ന കർത്താവ് തന്നെ നമുക്ക് മുന്നറിയിപ്പ് തന്നിരിക്കുന്നു. "കള്ളപ്രവാചകന്മാരെ സൂക്ഷിപ്പിൻ, കുഞ്ഞാടിന്റെ വേഷം ധരിച്ച ചെന്നായ്ക്കൾ ആണ് അവർ"(മത്താ.7:15). "നിങ്ങളെ ആരും തെറ്റിദ്ധരിപ്പിക്കാതിരിപ്പാൻ സൂക്ഷിപ്പീൻ അനേകർ എന്റെ പേരെടുത്തുവന്നു പലരേയും തെറ്റിക്കും" (മത്താ.24:4, ലൂക്കോ.21:8). പൗലോസ്ശ്ലീഹ പറയുന്നു "ഞാൻ പോയശേഷം ആടുകളെ മാനിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും" (അപ്പോ.20:29, തിമോ. 4:1) ഇവർ മൂലം സമൂഹത്തിലും ഭവനങ്ങളിലും സഭയിലും ഛിദ്രങ്ങൾ ഉടലെടുക്കുന്നു, പലരും സത്യവിശ്വാസം ത്യജിക്കുന്നു. നാളെയെപ്പറ്റി വ്യാകുലപ്പെടരുതെന്ന കർത്താവിന്റെ വാക്കിനെ മാനിക്കാതെ ഉഴലുന്നവരാണ് ഇത്തരക്കാരുടെ കെണിയിൽ പെടുന്നത് (ലൂക്കോ. 12:24). അതുമൂലം ധനനഷ്ടവും മാനനഷ്ടവും വരുത്തിത്തീർക്കുന്നു. ഇത്തരക്കാർക്ക് നിങ്ങളിലല്ല, നിങ്ങൾക്കുള്ളതിലാണ് താല്പര്യം. അപ്പസ്തോലിക കാലം മുതൽ ഇത്തരക്കാർ ഉണ്ടായിരുന്നു. (അപ്പൊ.11:28). ന്യായപ്രമാണകാലത്ത് പ്രവാചകന്മാർക്ക് പുതപ്പ് അടയാളമായിട്ടുണ്ടായിരുന്നു. (1 രാജ.19:19) വാഹനമൃഗം കഴുതയും (സംഖ്യ.22:21-27). ഇത്തരക്കാരെ തപ്പിനോക്കിയാലും തിരിച്ചറിയുകയില്ല. ഇവരുടെ ദേഹത്തും യാക്കോബിനെപ്പോലെ കപടരോമങ്ങൾ ഉണ്ടായിരിക്കും (ഉല്പ.27:22-27). അവരും വേദവാക്യങ്ങൾ ഉദ്ധരിക്കും. കർത്താവിനെ പരീക്ഷിച്ച സാത്താനും വേദവാക്യങ്ങൾ ഉദ്ധരിച്ചിരുന്നു (ലൂക്കോ.4:10-17). കൃപാവരങ്ങൾ ഇന്നില്ല അത് കർത്താവിന്റെ പ്രത്യക്ഷതവരെ മാത്രമായിരുന്നു (1 കൊരി. 1:7). കൊരിന്ത്യസഭ പോലും ഇന്നില്ല. പരിശുദ്ധാത്മാഭിഷേകം പ്രവചിച്ച പൗലോസ്ശ്ലീഹായുടെ പ്രവചനം അക്ഷരാർത്ഥത്തിൽ തന്നെ സംഭവിച്ചു. ശ്ലീഹന്മാർ കർത്താവിനോട് ചോദിച്ചു "നിന്റെ വരവിനും ലോകാവസാനത്തിനും അടയാളമെന്ത്"? (മത്താ. 24:3) ബൈബിളിന്റെ മൂലഭാഷയായ ഗ്രീക്കിൽ യുഗമെന്ന് അർത്ഥമുള്ള അയോണാ എന്നാണ് അല്ലാതെ ലോകം എന്നർത്ഥമുള്ള cosmos എന്നല്ല കാണുന്നത്. അതിന്റെ അർത്ഥം ന്യായപ്രമാണയുഗത്തിന്റെ അന്ത്യം (ലൂക്കോ.16:16, മത്താ.11:13, ഗലാ 3:19) ദൈവാലയത്തിന്റെ അന്ത്യം എബ്രായർ 9:8) എന്നൊക്കെയാണ്. അല്ലാതെ ഇന്ന് ചിലർ കൊട്ടിഘോഷിക്കുന്നതുപോലെ ലോകാവസാനമോ അന്ത്യകാലമോ ഒന്നും ഇല്ല. "അവൻ യാക്കോബ് ഗ്രഹത്തിൽ എന്നേയ്ക്കും രാജാവായിരിക്കും, അവന്റെ രാജ്യത്തിന് അവസാനമുണ്ടാകുകയില്ല (ലൂക്കോ.1:33). ദൈവം സദാകാലത്തേയ്ക്കുമാണ് ഭൂമിയെ സൃഷ്ടിച്ചത് (സങ്കീ.78:69). കർത്താവിന്റെ പ്രത്യക്ഷതയോടു കൂടിയും യുഗാവസാനമായി (എബ്രാ.1:1-2, അപ്പോ. 2:17, യോവേൽ 2:18).

"ഉത്ഥാനം ചെയ്തുടനെ തന്നെ
ക്രൂശിച്ച സെഹിയോനെ നശിപ്പിച്ചു സഭാപാണീഗ്രഹണത്തെ"

"സൈന്യങ്ങൾ യെറുശലേമിനെ വളഞ്ഞിരിക്കുന്നത് കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തുവെന്ന് നിങ്ങൾ അറിവീൻ " (ലൂക്കോ. 21:20). ഇടിഞ്ഞുപോകാതെ കല്ലിന്മേൽ കല്ല് ഇവിടെ ശേഷിക്കുകയില്ല (മത്താ. 24:27). നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും" (മത്താ.23:38). കർത്താവിന്റെ വരവ്, പ്രത്യക്ഷത, യുഗാവസാനം എന്നിവയെല്ലാം ഒരേ അർത്ഥമാണുള്ളത് അത് എ.ഡി. 70 ൽ സംഭവിച്ചു കഴിഞ്ഞു. "പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ

യൂദന്മാരെ നിങ്ങളുടെ നിലയം സർവ്വം ശൂന്യം"

കർത്താവിന്റെ ഉയർപ്പിനുശേഷം എ.ഡി. 30 മുതൽ എ.ഡി 70 വരെ കർത്താവ് ശ്ലീഹന്മാർക്കൊപ്പം പ്രത്യക്ഷമായും പരോക്ഷമായും പ്രവർത്തിച്ചു (മർക്കോ. 16:20, മത്താ.28:20). അന്ന് അസാധാരണമായ അത്ഭുതങ്ങളും വിര്യപ്രവൃത്തികളും പ്രവചനവുമൊക്കെ നടന്നിരുന്നു. എന്നാൽ ഇന്ന് കാണുന്ന അന്യഭാഷയും പ്രവചനവുമെല്ലാം പൈശാചികമാണ്. "പ്രവചനവരമോ അത് നിന്നുപോകും, ഭാഷാവരമോ അത് നിന്നുപോകും, നിന്നുപോകാത്തത് സ്നേഹം മാത്രമാണ്. (1 കൊരി.13:8) മർക്കോ. 16:16-18) വളച്ചൊടിച്ച് ചിലർ പറയുന്നു ഭൂതങ്ങളെ പുറത്താക്കൽ, പുതുഭാഷകൾ വിഷസർപ്പത്തെ പിടിച്ചെടുക്കുക, മരണകാരണമായി യാതൊന്നും കുടിച്ചാലും പ്രാണഹാനി വരികയില്ല. രോഗികളുടെമേൽ കൈവെച്ചാൽ അവർക്ക് സൗഖ്യം വരും. കോവിഡുകാലത്ത് മരിച്ചവരെല്ലാം അവിശ്വാസികളായിരുന്നോ? ഇന്ന് വിഷസർപ്പത്തെ പിടിക്കാനും, വിഷംകുടിക്കാനും ആരെങ്കിലും ധൈര്യപ്പെടുമോ? അതുപോലെ കൃപാവരങ്ങൾ എല്ലാം ഒരാൾക്ക് ഒരേ സമയത്ത് ലഭിക്കയില്ല "അവൻ ചിലരെ പ്രവാചകന്മാരായും ചിലരെ ഉപദേഷ്ടാക്കന്മാരായും ചിലർക്ക് വിര്യപ്രവൃത്തി ചെയ്യാനുള്ളവരും, ചിലർക്ക് പരിപാലനം ചിലർക്ക് വിവിധ ഭാഷാവരം (1.കൊരി. 12:28-31, 1.കൊരി 12:8-13). പെന്തിക്കോസ്തിനാളിൽ പരിശുദ്ധാത്മാവ് നിറഞ്ഞവരായി സംസാരിച്ചത് 18 ഭാഷക്കാർക്കും അവരുടെ മാതൃഭാഷയിൽ ആണ് ശ്രവിച്ചത് (അപ്പൊ.2:7-8). ഇന്ന് അന്യഭാഷ സംസാരിക്കുന്നവർക്കുപോലും അറിയില്ല അവർ എന്താണ് സംസാരിക്കുന്നതെന്ന് അതുപോലെ കൃപാവരങ്ങളിലും വ്യത്യാസമുണ്ട് (1.കൊരി. 12:4-18). അതുപോലെ ദൈവം പലർക്കും പല ദൗത്യങ്ങളാണ് ഏല്പിച്ചിരിക്കുന്നത്. പൗലോസ്ശ്ലീഹായ്ക്ക് ജാതികളുടെ ഇടയിലെ സുവിശേഷം, പത്രോസ്ശ്ലീഹായ്ക്ക് യഹൂദന്മാരുടെ ഇടയിലെ സുവിശേഷം (ഗലാ.2:8). മീഖായേൽ സംഘർഷമുള്ളിടത്തേയ്ക്ക് അയക്കപ്പെടുന്നു (ദാനി. 10:5-13). യെശയ്യ, യിരമ്യ എന്നിവർ പ്രവാചകന്മാരായിരുന്നു; സഖറിയാവിന് പൗരോഹിത്യ ശുശ്രൂഷ (ലൂക്കോ.1:8-9). ഗബ്രിയേൽ ദൂതുമായി പോകുന്നു (ലൂക്കോ. 1:11-16, 1:26-33). യോഹന്നാൻ സ്നാപകന് കർത്താവിന്റെ വഴിയൊരുക്കൽ (ലൂക്കോ. 3:3). ദൈവിക തേജസ്സ് നഷ്ടപ്പെടുത്തിയ ശൗൽ വെളിച്ചപ്പാടത്തിയുടെ അടുത്തെത്തി പ്രവചനം നടത്തിച്ച് പിൽക്കാലം അത്യന്തം ശോചനീയമായിരുന്നു (1 ശമു. 28:21).

കള്ളപ്രവചനം പരിശുദ്ധാത്മാവിനെതിരെയുള്ള പാപമാണ് (അപ്പൊ. 5:3). വെളിച്ചദൂതന്റെ വേഷത്തിൽ വരുന്നതിനാൽ ഇത്തരക്കാരെ തിരിച്ചറിയാൻ പ്രയാസമാണ് (2.കൊരി 11:14). ഇവർ വേദവാക്യങ്ങൾ തങ്ങൾക്ക് ആദായകരമാക്കുന്നു (എബ്ര.13:5). സൗജന്യമായി ലഭിച്ചത് സൗജന്യമായി കൊടുക്കണം (മത്താ.10:8). നാഥാൻ പ്രവാചകൻ ദാവിദിനോട് 'ആ മനുഷ്യൻ നീ തന്നെ'യെന്ന് പറഞ്ഞപ്പോൾ ദാവീദിന്റെ മൂർച്ചയുള്ള വാളിനെ ഭയന്നില്ല (2.ശമു. 12:7). അത് മൂലം ദാവീദിന് പാപബോധമുണ്ടായി. ദാവീദിന്റെ അനുതാപത്തെപ്പറ്റി സങ്കീർത്തനം 51 ൽ കാണാം.

"ദാവീദും പിഴപെട്ടപ്പോൾ കണ്ണുനീരാലവൻ കട്ടിൽ നനച്ചു രാപകലായവൻ മുറയിട്ട്" (അനുതാപത്തിന്റെ മെമ്രാ) കർത്താവ് എബ്രായ നേതൃത്വത്തെ 'വെള്ള തേച്ച ശവക്കല്ലറകളെയെന്ന് വിളിച്ചപ്പോൾ ആ ശബ്ദം പതറിയില്ല (മത്താ.23:27). യോഹന്നാൻ സർപ്പസന്തതികളെയെന്നും, ഹേരോദ്യാ നിമിത്തം ഹേരോദാവിനെ വിമർശിച്ചപ്പോഴും ആ ശബ്ദം ഉറച്ചതായിരുന്നു (ലൂക്കോ. 3:7–20). മനുഷ്യൻ പ്രവാചകന്മാരിൽനിന്നും പ്രതീക്ഷിക്കുന്നത് "നേരുള്ളത് ഞങ്ങളെ അറിയിക്കരുതെ, മധുരവാക്ക് ഞങ്ങളെ അറിയിപ്പിൻ" (യെശ.30:10–11). പൊക്കിപ്പറയുമ്പോൾ ചിലർ വീണുപോകുന്നു. വശീകരണ മന്ത്രത്താൽ തങ്ങൾക്കൊപ്പം ചേർത്തു കഴിഞ്ഞാൽ അവരെ തങ്ങളെക്കാൾ അധികം നാശയോഗ്യരാക്കിത്തീർക്കുന്നു (മത്താ.23:14–15). ഒരു യഥാർത്ഥ പ്രവാചകനോടുള്ള ജനത്തിന്റെ കാഴ്ചപ്പാട് "വരുവീൻ നാം അവനെ നാവ്കൊണ്ടു കൊന്നു കളയാം" (യിരമ്യ.18:18).

ഒരു യഥാർത്ഥ പ്രവാചകന് എന്നും അപകീർത്തിയും പീഢനവും അപമൃത്യുവുമായിരുന്നു ഫലം (മത്താ. 23:34–35, ലൂക്കോ. 13:34). ഒരു യഥാർത്ഥ പ്രവാചകന്റെ കർത്തവ്യം വഴിതെറ്റിപ്പോയവരെ ദൈവത്തിലേക്ക് മടക്കിക്കൊണ്ട് വരുകയെന്നതാണ് " കാഹളംപോലെ നിന്റെ ശബ്ദം ഉയർത്തി എന്റെ ജനത്തിന് അവരുടെ പാപങ്ങളേയും യാക്കോബ് ഗ്രഹത്തിൻ അവരുടെ ലംഘനങ്ങളേയും അറിയിക്ക" (യെശ.58:11.). ഇസ്രായേൽ ജനം മിദ്യാനിയർ നിമിത്തം ദൈവത്തോട് നിലവിളിച്ചു ദൈവം ഒരു പ്രവാചകനെ അവരുടെ അടുക്കൽ അയച്ചു അവരുടെ അകൃത്യങ്ങളെ അവനോടറിയിച്ചു (ന്യായ. 6:7–10). യോനാ പ്രവാചകന്റെ ദൗത്യംമൂലം നിനുവേനിവാസികൾ രക്ഷ പ്രാപിച്ചു (യോന. 3:5–10).

"ദൈവം സൃഷ്ടിച്ചാദത്തെ
സൃഷ്ടാവൊടു തുല്യം സൃഷ്ടി
യായ് മൺമയനുദ്യാനത്തിൽ
തരുനിരയിൽ പോയി വന്നീടും
അതു കാണാനുള്ളാനന്ദം
സൂക്ഷിച്ചു കൊണ്ടേമേവി
ക്കൂറുന്നീറേന്മാർ-മണ്ണിനുയർച്ചയിലാശ്ചര്യം"

ദൈവം ആദാമിനെയും ഹവ്വായെയും ഞങ്ങൾ ക്ക് തുല്യമായി സൃഷ്ടിച്ചു. ദൈവത്തേക്കാൾ അല്പം മാത്രം താഴ്ത്തി തേജസ്സും ബഹുമാനവും അണിയിച്ചു. അവർ വൃക്ഷത്തിന്റെ ഇടയിൽകൂടി പോകുന്നതും വരുന്നതും കാണുന്നതിനുള്ള സന്തോഷത്താൽ ദൈവം അവരെ സൂക്ഷിച്ച് നോക്കുമ്പോൾ മണ്ണുകൊണ്ടുണ്ടാക്കിയ മനുഷ്യന്റെ ഉയർച്ചയിൽ ആശ്ചര്യപ്പെട്ട മാലാഖമാർ, ഇന്നത്തെ മനുഷ്യന്റെ താളം തെറ്റിയ/ലക്ഷ്യബോധം നഷ്ടപ്പെട്ട/പരിതാപകരമായ അവസ്ഥയെ ക്കണ്ട് അത്ഭുതപ്പെടുന്നുണ്ടാകും. ●

# ക്നാനായ വനിതാ സംഗമം



ചിങ്ങവനം: ക്നാനായ വനിതാ സംഗമം (വനിതാരവം 2025) മുളയ്ക്കാംതുരുത്തി സെന്റ് ജോർജ് ക്നാനായ പള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. ഫാ. ജേക്കബ് കല്ലുകുളും അധ്യക്ഷത വഹിച്ചു. ഫാ. ഡോ. തോമസ് എബ്രഹാം മലേച്ചേരിൽ Mary A True Mother എന്ന വിഷയത്തെ ആസ്പദമാക്കി മുഖ്യ പ്രഭാഷണം നിർവഹിച്ചു. Fr. P. O. ഏലിയാസ് പാറക്കുളം, ഫാ. ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ, ഫാ. ഏലിയാസ് സ്കറിയ ഇളവൻകളം, ഫാ. എബി സ്കറിയ മട്ടക്കൽ, സെലിമ ജോസ് പെരുമാച്ചേരിൽ, ഓമന സാബു മടത്തിപ്പറമ്പിൽപ്പറമ്പിൽ, ബെക്കി ജോൺസൺ ഇളവൻകളം, സീമ ഷിബു, ജെസ്സി ചാക്കോ കുന്നേൽ എന്നിവർ പ്രസംഗിച്ചു. കോട്ടയം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ വനിതാ സമാജം പ്രവർത്തകർ പങ്കെടുത്തു.



## മല്പാനോടു ചോദിക്കാം

# യേശുവിന്റെ സഹോദരന്മാർ

"അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു" (ലൂക്ക് 2:6) എന്നും "ആദ്യജാതനെ പ്രസവിക്കുംവരെ അവൻ അവളെ പരിഗ്രഹിച്ചില്ല" (മത്താ. 1:25) എന്നും ബൈബിളിൽ പറഞ്ഞിരിക്കുന്നതിനാലും യേശുവിന്റെ സഹോദരന്മാർ എന്നു പറഞ്ഞ് മറ്റു ചിലരുടെ പേര് രേഖപ്പെടുത്തിയിരിക്കുന്നതിനാലും വി. മറിയം മറ്റു മക്കൾക്കും ജന്മം നൽകി എന്നു വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്നവരുണ്ട്.

യേശുവിനെ പ്രസവിച്ചശേഷം മറിയം വീണ്ടും പ്രസവിച്ചുവെന്നോ പ്രസവിച്ചില്ലെന്നോ വചനം പറയുന്നില്ല. അതുപോലെ ആദ്യജാതനെ പ്രസവിച്ചശേഷം യോസേഫ് അവളെ പരിഗ്രഹിച്ചു എന്നോ പരിഗ്രഹിച്ചില്ല എന്നോ പറയുന്നില്ല. അതിനുശേഷം പ്രസവിച്ചു എങ്കിൽ പ്രസവിച്ചെന്നും പരിഗ്രഹിച്ചു എങ്കിൽ പരിഗ്രഹിച്ചു എന്നും വ്യക്തമായി വചനം പറയുമായിരുന്നു. പരി. മറിയാമിനെ "കർത്താവിന്റെ അമ്മ (ലൂക്ക്.1:43) യേശുവിന്റെ അമ്മയായ മറിയം (അപ്പോ.1:14) എന്നിങ്ങനെ വചനം ആദരപൂർവ്വം വിളിക്കുമ്പോൾ വി. മറിയം കർത്താവിനെ മാത്രം പ്രസവിച്ചു എന്നു വിശ്വസിക്കുന്നതാണ് ഉചിതം. യേശുവിനെ ആദ്യജാതൻ എന്ന് വചനം വിളിക്കുന്നതിനാൽ മറിയം വീണ്ടും പ്രസവിച്ചു എന്നർത്ഥമാക്കുന്നില്ല. "നീ എന്റെ പുത്രൻ, ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചിരിക്കുന്നു എന്നും, ഞാൻ അവനു പിതാവും അവൻ എനിക്ക് പുത്രനും ആയിരിക്കും എന്നും ദൂതന്മാരിൽ ആരൊടെങ്കിലും വല്ലപ്പോഴും അരുളിചെയ്തിട്ടുണ്ടോ. ആദ്യജാതനെ വീണ്ടും ഭൂതലത്തിലേക്ക് പ്രവേശിപ്പിക്കുമ്പോൾ ദൈവത്തിന്റെ സകലദൂതന്മാരും അവനെ നമസ്ക്കരിക്കണം" (എബ്രാ. 1.4-6). യേശുപിതാവായ ദൈവത്തിന്റെ പുത്രനും അവന്റെ ആദ്യജാതനും ഏകജാതനും ആണ്. ഈ പ്രവചന നിവൃത്തി എന്ന രീതിയിലാണ് സുവിശേഷത്തിൽ യേശുവിനെ ആദ്യജാതൻ എന്നു വിശേഷിപ്പിച്ചിട്ടുള്ളത്. അല്ലാതെ മറിയം വീണ്ടും പ്രസവിച്ചു എന്നു കാണിക്കുവാനല്ല.

'വരെ' എന്ന പദപ്രയോഗം ഒരു സെമറ്റിക് ഭാഷാ ശൈലിയാണ്. അതുകൊണ്ടുതന്നെ ഈ പദപ്രയോഗം വി. ബൈബിളിൽ പലഭാഗത്തും കാണാം. സൈന്യങ്ങളുടെ യഹോവ എനിക്കു വെളിപ്പെടുത്തിത്തരുന്നത്, നിങ്ങൾ മരിക്കുംവരെ ഈ അകൃത്യം നിങ്ങൾക്കു മോചിക്കപ്പെടുകയില്ല" (ഏശായ.22:14) മരിച്ചു കഴിഞ്ഞ് അകൃത്യം മോചിച്ചു എന്ന് ഇതിനർത്ഥം ഉണ്ടോ? "മരണംവരെ വിശ്വസ്തനായിരിക്ക" (വെളി.2:10) എന്നു പറഞ്ഞാൽ മരണശേഷം അവിശ്വസ്തത കാണിക്കാം എന്നാണോ അർത്ഥം? യേശു തന്നെത്താൻ മരണത്തോളം ക്രൂശിലെ മരണത്തോളംതന്നെ അനുസരണയുള്ളവനായിത്തീർന്നു (ഫിലി.1:8) എന്നു പറഞ്ഞാൽ ക്രൂശ് മരണം കഴിഞ്ഞ് അനുസരണയില്ലാത്തവനായി മാറി എന്ന് കരുതാമോ? "ശൗലിന്റെ ഭാര്യ മീഖൾ മരണംവരെയും സന്താനരഹിതയായിരുന്നു" (2 ശമു 6:13) എന്നു പറഞ്ഞാൽ അവൾ മരിച്ചുകഴിഞ്ഞ് സന്താനം ഉണ്ടായി എന്ന് വ്യാഖ്യാനിക്കാമോ? "ദൈവകൃപയാൽ ഞാൻ അവിടെ എത്തുന്നതുവരെയും മഴ പെയ്തില്ല എന്ന് ഒരാൾ പറഞ്ഞാൽ എത്തിക്കഴിഞ്ഞ് മഴപെയ്തു എന്ന് അർത്ഥമില്ല. ഇതുപോലെ ആദ്യജാതനെ പ്രസവിക്കുംവരെ പരിഗ്രഹിച്ചില്ല എന്നു പറഞ്ഞാൽ അതു കഴിഞ്ഞ് പരിഗ്രഹിച്ചു എന്നർത്ഥമില്ല,

യേശുവിന്റെ അമ്മയായ മറിയാമിനു വേറെ മക്കൾ ഉണ്ടായിരുന്നുവെന്നോ ഇല്ലായിരുന്നുവെന്നോ ബൈബിൾ പറയുന്നില്ല. എന്നാൽ യേശുവിന്റെ സഹോദരന്മാരെക്കുറിച്ച് ബൈബിൾ പറയുന്നുണ്ടുതാനും. "അദൈഫോസ്" എന്ന ഗ്രീക്കു പദമാണ് സഹോദരങ്ങൾ എന്ന് മലയാളത്തിൽ തർജ്ജിമ ചെയ്തിരിക്കുന്നത്. ആ വാക്കിനർത്ഥം ഒരു ഗോത്രത്തിലെ, കുലത്തിലെ അംഗങ്ങൾ, സ്വന്തബന്ധങ്ങളിലെ സഹോദരങ്ങൾ (മുറപ്രകാരമുള്ള സഹോദരങ്ങൾ) എന്നാണ്. ഇത് എന്റെ സഹോദരനാണ് എന്ന് പറഞ്ഞ് ഒരാൾ മറ്റൊരാളെ പരിചയപ്പെടുത്തിയാൽ ഇരുവരും ഒരമ്മപെറ്റ മക്കളാകണമെന്നില്ല. നൂതന സഭകളിലെ അംഗങ്ങൾ പരസ്പരം സഹോദരൻ സഹോദരി എന്നു പറഞ്ഞാണല്ലോ പരിചയപ്പെടുത്തുന്നത്. അതുകൊണ്ട് അവരെല്ലാം ഒരമ്മ പെറ്റ മക്കളാണോ? വി. പൗലോസ് റോമാക്കാരെ "സഹോദരന്മാരേ" എന്നാണ് വിളിക്കുന്നത്. (റോമ. 15:14, 30,16:17)....... നിങ്ങളെല്ലാവരും സഹോദരന്മാർ (മത്തായി 23:8) എന്ന് കർത്താവ് ശിഷ്യന്മാരോട് പറയുമ്പോൾ അവരെല്ലാവരും ഒരമ്മ പെറ്റമക്കൾ എന്നല്ലല്ലോ അർത്ഥമാക്കുന്നത്.

യേശുവിന്റെ സഹോദരന്മാരായി ബൈബിളിൽ പറഞ്ഞിരിക്കുന്നത് യാക്കോബ്, യോസേ, യൂദാ, ശീമോൻ എന്നിവരെയാണ് (മത്താ. 13:55, മർക്കോ.6:3). അവരുടെ മാതാപിതാക്കൾ ആരെന്ന് ബൈബിൾ വ്യക്തമാക്കിത്തരുന്നുണ്ട്. യേശുവിന്റെ ക്രൂശീകരണവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ നിന്നാണ് അവരെക്കുറിച്ച് വ്യക്തത ലഭിക്കുന്നത്. "അവരിൽ മഗ്ദലനക്കാരത്തി മറിയയും യാക്കോബിന്റെയും യോസയുടെയും അമ്മയായ മറിയയും സെബദിപുത്രന്മാരുടെ അമ്മ മറിയയും ഉണ്ടായിരുന്നു (മത്താ.27:66). "ശാബത്തു കഴിഞ്ഞ് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം വെളുക്കുമ്പോൾ മഗ്ദലനക്കാരത്തി മറിയയും മറ്റേ മറിയയും കല്ലറ കാണുവാൻ ചെന്നു (മത്താ. 28:1). മറ്റേ മറിയയും യാക്കോബിന്റെയും യോസയുടെയും ഒക്കെ അമ്മ മറിയയും ഒരാളാണ്. കാരണം മത്തായി 27 ൽ യാക്കോബിന്റെയും യോസയുടെയും അമ്മയെക്കുറിച്ച് പറഞ്ഞിട്ട് തുടർച്ചയായി

വരുന്ന 28-ാം അദ്ധ്യായത്തിൽ ആവർത്തനം ഒഴിവാക്കാൻ 'മറ്റേ മറിയ' എന്ന് പറഞ്ഞിരിക്കുന്നു.

സ്ത്രീകളും ദൂരത്തുനിന്നു നോക്കിക്കൊണ്ടിരുന്നു. അവരിൽ മഗ്ദലനക്കാരത്തി മറിയയും ചെറിയ യാക്കോബിന്റെയും യോസയുടെയും അമ്മ മറിയയും ശാലോമയും ഉണ്ടായിരുന്നു (മർക്കോ. 15:40). "അവനെ വച്ച ഇടം മഗ്ദലനക്കാരത്തി മറിയയും യോസയുടെ അമ്മ മറിയയും നോക്കിക്കണ്ടു (മർക്കോ. 15:47) 'ശാബത്തു കഴിഞ്ഞ ശേഷം മഗ്ദലനക്കാരത്തി മറിയയും യാക്കോബിന്റെ അമ്മ മറിയയും ശാലോമിയും ചെന്ന് അവനെ പൂശേണ്ടതിനു സുഗന്ധവർഗ്ഗം വാങ്ങി (മർക്കോ. 16:1).

എന്നാൽ യേശുവിന്റെ അമ്മ മറിയത്തെ തിരിച്ചറിയുന്നതിനുവേണ്ടി അവന്റെ അമ്മയെന്നും കർത്താവിന്റെ അമ്മയെന്നും യേശുവിന്റെ അമ്മയെന്നും പ്രത്യേകം എടുത്തുപറയുന്നു. "യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും (യോഹ.19:25), അവന്റെ അമ്മയും (ലൂക്കോ.8:19), (മർക്കോ. 3:31, മത്താ. 12:46), യേശുവിന്റെ അമ്മ മറിയ (അപ്പോ.1:14), എന്റെ കർത്താവിന്റെ അമ്മ (ലൂക്കോ. 1.43)"

